CC-0. In Public Domain. Digitization by eGangotri

കണ്ണാളോ(കേരളോ)ൽപത്തി

ആശാരി, മുശാലി, തട്ടാൻ, കരുമാൻ (കണ്ണാളർ) എന്നീ തൊഴിൽക്കൂട്ടങ്ങളുടെ മൂലോൽപത്തി ചരിതം

സംശോധനം
പഠനം

കെ.എം.പി. ദാമോദരൻ നമ്പൂതിരി
ചിത്ര കെ.
കെ.പി. രാജേഷ്

KC HR

കേരള ചരിത്ര ഗവേഷണ കൗൺസിൽ

CC-0. In Public Domain. Digitization by eGangotri

CC-0. In Public Domain. Digitization by eGangotri

കണ്ണാളോ(കേരളോ)ൽപത്തി

CC-0. In Public Domain. Digitization by eGangotri

CC-0. In Public Domain. Digitization by eGangotri

കണ്ണാളോ(കേരളോ)ൽപത്തി

ആശാരി, മൂശാലി, തട്ടാൻ, കരുമാൻ (കണ്ണാളർ)
എന്നീ തൊഴിൽക്കൂട്ടങ്ങളുടെ
മൂലോൽപത്തി ചരിതം

സംശോധനം
പഠനം

കെ.എം.പി. ദാമോദരൻ നമ്പൂതിരി
ചിത്ര കെ.
കെ.പി. രാജേഷ്

past for a positive future

കേരള ചരിത്ര ഗവേഷണ കൗൺസിൽ
തിരുവനന്തപുരം
2025

CC-0. In Public Domain. Digitization by eGangotri

HISTORY RESOURCE SERIES - 2

Kannalo(Keralo)lpatti (Malayalam)

Editors

K.M.P. Damodaran | Chithra K. | K.P Rajesh

December 2025

Published by

The Director

Kerala Council for Historical Research [KCHR]

(Kerala Council for Historical Research is an autonomous organization facilitating research in History and other Social Sciences. Funded by the Ministry of Higher Education, Government of Kerala, KCHR promotes innovate research to open new avenues in the discipline for professional historians, researchers, students and the common people alike.)

Publication Assistant: Sandhya S.N

ISBN : 978-81-986951-5-4

Price: ₹ 220/- US $2

Printed @ Manipal Technologies Ltd.

Layout & Cover Design : Lija S. Raj

All rights reserved.

No part of this publication may be reproduced, or transmitted in any form or any means, electronic or mechanical, including photo-coping, recording or any information storage and retrieval system, without permission in writing from the KCHR.

Kerala Council for Historical Research

PB No.839, Vyloppilly Samskrithi Bhavan

Nalanda, Thiruvananthapuram, Kerala-695 003, INDIA

Phone/Fax: +91 0471 2310409

kchrtrivandrum@gmail.com | http://www.kchr.ac.in

CC-0. In Public Domain. Digitization by eGangotri

ഉള്ളടക്കം

നം		പേജ് നം
1	പ്രസാധക കുറിപ്പ് - ദിനേശൻ വടക്കിനിയിൽ ഡയറക്ടർ, കെ.സി.എച്ച്.ആർ	7
2	ആമുഖം - കെ.എം.പി. ദാമോദരൻ നമ്പൂതിരി, ചിത്ര കെ., കെ.പി. രാജേഷ്	9
3	പഠനം - കേരളോൽപത്തികളും കണ്ണാളോൽപത്തിയും : കെ.പി. രാജേഷ്	13
4	കണ്ണാളോ(കേരളോ)ൽപത്തി - പ്രമാണ വിശേഷം	41
5	കണ്ണാളോ(കേരളോ)ൽപത്തി - ഗദ്യ രൂപത്തിൽ തയ്യാറാക്കിയ പകർപ്പ്	45
6	കണ്ണാളോ(കേരളോ)ൽപത്തി- താളിയോല ക്രമത്തിലുള്ള പകർപ്പ്	65
7	അനുബന്ധം ഒന്ന് - കണ്ണാളോ(കേരളോൽ)പത്തിയിൽ പറയുന്ന ജാതികൾ	100
8	അനുബന്ധം രണ്ട് - കണ്ണാളോ(കേരളോ)ൽപത്തിയിൽ പരാമർശിക്കുന്ന പദശേഖരവും സാന്ദർഭികാർത്ഥങ്ങളും	102
9	ഗ്രന്ഥസൂചി	105
10	താളിയോലയുടെ ചിത്രങ്ങൾ	109

CC-0. In Public Domain. Digitization by eGangotri

സംശോധകർ

കെ.എം.പി. ദാമോദരൻ നമ്പൂതിരി

മലബാർ ദേവസ്വം ബോർഡിനു കീഴിൽ മഞ്ചേരി പുൽപ്പറ്റ മഹാദേവ ക്ഷേത്രത്തിലെ മേൽശാന്തിയായിരുന്നു. 2022 നവംബർ 31 ന് പ്രസ്തുത സർവ്വീസിൽ നിന്ന് വിരമിച്ചു. ഭാര്യ - ഉമാദേവി, മക്കൾ - ആശ, വിഷ്ണു, ശിൽപ. വിലാസം: ശ്രീഭദ്ര - പുല്ലങ്കോട്ട് ഇല്ലം, പുൽപറ്റ, മഞ്ചേരി, മലപ്പുറം, പിൻ 676 123.

ചിത്ര കെ.

ചരിത്ര പഠനത്തിൽ എം.എ, എഡ്യുക്കേഷനിൽ ടി.ടി.സി., ബി.എഡ്, എം. എഡ് ബിരുദങ്ങൾ നേടിയിട്ടുണ്ട്. അച്ഛൻ - അച്യുതൻ എൻ., അമ്മ - സവിത കെ., ഭർത്താവ് - ബാലചന്ദ്രൻ സി., മകൻ - അമൻ. വിലാസം കോട്ടിയാട്ട്, പുലപറ്റ, മഞ്ചേരി, മലപ്പുറം, 676 123.

കെ.പി. രാജേഷ്

കോഴിക്കോട് സർവ്വകാലശാലയിൽ നിന്ന് ചരിത്രത്തിൽ എം.എ, എം.ഫിൽ, പി.എച്ച്.ഡി, സാമൂഹ്യ ശാസ്ത്രത്തിൽ ബി.എഡ് ബിരുദങ്ങൾ നേടി യിട്ടുണ്ട്. 2013 ജനുവരി വരെ കേരള ചരിത്ര ഗവേഷണ കൗൺസിലിൽ (കെ.സി.എച്ച്.ആർ) പബ്ലിക്കേഷൻ അസിസ്റ്റന്റായി ജോലി ചെയ്തിരുന്നു. തുടർന്ന് എൻ.എസ്.എസ് കോളജ് മഞ്ചേരി ചരിത്രവിഭാഗത്തിൽ അധ്യാപക നായി ജോലി ചെയ്യുന്നു. സ്വദേശം കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര. അച്ഛൻ - കോട്ടപ്പറമ്പിൽ ഗോപാലൻ നായർ, അമ്മ - കുഞ്ഞിമാധവി, ജീവിത പങ്കാളി - ആര്യ നായർ വി.എസ്. മക്കൾ - ആത്മജ് എ.ആർ, അദ്വൈത് എ.ആർ. പ്രസിദ്ധീകരിച്ച കൃതികൾ; *വടക്കൻ മലബാർ സമൂഹവും ചരിത്രവും, മുതുമക്കത്താഴി, നന്നങ്ങാടി* (സാഹിത്യ പ്രവർത്തക സംഘം, കോട്ടയം 2014)

വിലാസം: സ്വസ്തിശ്രീ, നറുകര, മഞ്ചേരി, മലപ്പുറം, 676122.

CC-0. In Public Domain. Digitization by eGangotri

പ്രസാധക കുറിപ്പ്

കേരളോൽപത്തി പലതുണ്ട്. പലതും പ്രസിദ്ധീകരിക്കപ്പെട്ടിട്ടും ഉണ്ട്. കേരള ചരിത്ര ഗവേഷണ കൗൺസിൽ അതിന്റെ ഉപദാന പ്രസിദ്ധീകരണ സീരീസിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകം കേരളോൽപത്തിയുമായി ചേർന്ന് നിൽക്കുമ്പോഴും അതിൽനിന്നും വളർന്നുപോകുന്ന ഗ്രന്ഥവരിയാണിത്. അതുകൊണ്ടുതന്നെ സാമൂഹ്യ ശാസ്ത്ര ഗവേഷകരുടെ പ്രത്യേകശ്രദ്ധ ലഭിക്കേണ്ട പുസ്തകവുമാണ്. കമ്മാളരുടെ/കണ്ണാളരുടെ മൂലോൽപ്പത്തി പറയുന്ന ഈ ഗ്രന്ഥവരി, രണ്ട് സന്ദർഭങ്ങളിൽ നിലവിലുള്ള സാമൂഹ്യാവസ്ഥക്ക് ഭംഗം വരുമ്പോൾ അതിനെ തിരിച്ചുറപ്പിക്കാനും സാമുഹ്യക്രമത്തെ പുനഃസ്ഥാപിക്കാനും കേരളോൽപത്തിയെയും മൂലോൽപത്തിയെയും ഉപയോഗപ്പെടുത്തുന്നതെങ്ങനെ എന്ന് കാണിച്ചുതരുന്നു. ഇതിൽ പരശുരാമന്റെ കഥയുണ്ട്, പെരുമാളുടെ കഥയുണ്ട്, കമ്മാളരുടെയും മറ്റു പണിക്കൂട്ടങ്ങളുടെയും ഉത്ഭവകഥകളും തൊഴിലും സാമൂഹ്യ നിലയും പറയുന്ന കഥകളും ഉണ്ട്. സൂക്ഷ്മ വായനയിൽ ജാതിക്കകത്തെ ഉൾപ്പിരിവുകളെക്കുറിച്ച് പറയുന്നതും കാണാം. ആധുനിക പൂർവകാല മലയാളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ ജീവിതത്തെ മനസ്സിലാക്കാൻ ഉതകുന്ന ഈ പുസ്തകം കണ്ടെത്തിയതും ചരിത്ര ഗവേഷണ കൗൺസിലിനായി സംശോധന ചെയ്തുതന്നതും കെ. എം. പി. ദാമോദരൻ നമ്പൂതിരിയും ചിത്ര കെ. യും ഡോ. കെ. പി. രാജേഷും ചേർന്നാണ്. ഗ്രന്ഥവരിയിലേക്കുള്ള പ്രവേശകം എന്ന നിലയിൽ ഇതിനായി ഒരു പഠനം തയ്യാറാക്കിയത് ഡോ. കെ.പി. രാജേഷ് ആണ്. അവർക്കുള്ള നന്ദി ഇവിടെ രേഖപ്പെടുത്തട്ടെ. ഈ പ്രസിദ്ധീകരണത്തിന് ചുക്കാൻ പിടിച്ച കേരള ചരിത്ര ഗവേഷണ കൗൺസിലിന്റെ പബ്ലിക്കേഷൻ അസിസ്റ്റന്റ് ശ്രീമതി സന്ധ്യയ്ക്കും ടീമിനും ഉള്ള നന്ദിയും രേഖപ്പെടുത്തുന്നു. കേരളത്തിന്റെ സാമൂഹ്യഘടനയും

CC-0. In Public Domain. Digitization by eGangotri

തൊഴിൽ വിഭാഗങ്ങളുടെ ചരിത്ര വികാസവും മനസ്സിലാക്കുന്നതിനുള്ള ഒരു പ്രധാന സ്രോതസ്സായി ഈ ഗ്രന്ഥം മാറുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഗവേഷകരും വിദ്യാർത്ഥികളും ഒരുപോലെ ഇതിനെ പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

ദിനേശൻ വടക്കിനിയിൽ
ഡയറക്ടർ
കെ.സി.എച്ച്.ആർ

CC-0. In Public Domain. Digitization by eGangotri

ആമുഖം

കേരളോൽപത്തി കഥകളിലൂടെ കണ്ണാളോൽപത്തി ചരിതം പറയുന്ന താളിയോല പ്രമാണമാണ് *കണ്ണാളോ (കേരളോ)ൽപത്തി-ആശാരി, മൂശാലി, തട്ടാൻ, കരുമാൻ (കണ്ണാളർ) എന്നീ തൊഴിൽ കൂട്ടങ്ങളുടെ മൂലോൽപത്തി ചരിതം.* മൊത്തം 56 താളിയോലകളിൽ ഇരുപുറവും ആയി എഴുതിയ ഒരു രേഖയാണിത് (ആറാമത്തെ ഓല നഷ്ടപ്പെട്ടുപോയിട്ടുണ്ട്). ചിത്ര കെ 2014-ൽ എൻ.എസ്.എസ്. കോളേജ് മഞ്ചേരിയിൽ എം.എ. ചരിത്രം പഠിക്കുന്നതിന്റെ ഭാഗമായുള്ള പ്രോജക്ട് ഗവേഷണകാലത്ത് പുൽപറ്റ ദാമോദരൻ നമ്പൂതിരിയുടെ പക്കൽനിന്നും ശേഖരിച്ച ഒരു താളിയോല പ്രമാണമാണിത്. പ്രോജക്ടിന്റെ വിഷയം പുൽപറ്റ ക്ഷേത്രമായിരുന്നു. അതുമായി യാതൊരു ബന്ധവുമില്ലാത്ത താളിയോല പ്രമാണമായതിനാൽ പ്രോജക്ട് പഠനത്തിനായി ഈ രേഖ ഉപയോഗിച്ചിരുന്നില്ല. പുൽപറ്റ ക്ഷേത്രത്തിലെ മേൽ ശാന്തിയായിരുന്ന കെ.എം.പി ദാമോദരൻ നമ്പൂതിരിയാണ് ഈ രേഖ ചിത്രയുടെ കൈവശം ഏൽപ്പിച്ചത്. ഈ കൃതി പിന്നീട് കൂടുതൽ ഗവേഷകരുടെ ശ്രദ്ധയിലേക്ക് എത്തുംവിധം പ്രസിദ്ധപ്പെടുത്തണം എന്ന ആലോചന വരികയുണ്ടായി. പ്രസ്തുത പ്രമാണം പകർത്തി അതിന്റെ ചരിത്ര പ്രധാന്യത്തെക്കുറിച്ച് ഒരു പഠനവും ചേർത്താണ് പ്രസിദ്ധീകരിക്കുന്നത്.

കേരളോൽപത്തികളുടെ വ്യത്യസ്ത വഴക്കങ്ങൾ കേരളത്തിൽനിന്ന് ഇതിനകംതന്നെ കണ്ടെത്തി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പരശുരാമൻ മലയാള ഭൂമി സൃഷ്ടിച്ചതും, അത് ബ്രാഹ്മണർക്ക് ദാനം ചെയ്തതും, ആ പ്രദേശം ഭരിപ്പാനായി ബ്രാഹ്മണർ ഒരു പെരുമാളെ കൊണ്ടുവന്ന് വാഴിച്ചതും, ഒടുക്കം അവസാനത്തെ പെരുമാൾ തന്റെ രാജ്യം നാടുവാഴികൾക്കായി പകുത്തുനൽകിയെന്നുമുള്ള

CC-0. In Public Domain. Digitization by eGangotri

കഥകളാണ് മിക്ക കേരളോൽപത്തികളുടേയും പ്രമേയം. ബ്രാഹ്മണരും നാടുവാഴുന്നവരും തങ്ങളുടെ മേൽക്കോയ്മാവകാശം നാടിനും നാട്ടാർക്കുംമേൽ ചെലുത്തുന്നതിനായുള്ള ന്യായീകരണമായി പൂർവ്വ കൊളോണിയൽ കാലത്ത് ഉപയോഗപ്പെടുത്തിയ ഈ ചരിതാഖ്യാനത്തിന്റെ മറ്റൊരു പതിപ്പാണ് കണ്ണാളരുടേതായി കണ്ടെടുത്ത ഈ പ്രമാണം. പരശുരാമനിൽ നിന്നുള്ള പൈതൃകം സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും പെരുമാളിൽ നിന്നും അവകാശങ്ങൾ നേടി ബ്രാഹ്മണാശിർവ്വാദത്തോടെ രൂപംകൊണ്ട വ്യത്യസ്ത തൊഴിൽ കൂട്ടങ്ങളുടെ ഉൽപത്തി കഥകളാണ് ഈ പ്രമാണത്തിലുള്ളത്. കേരളോൽപത്തി കഥകളുടെ പശ്ചാത്തലത്തിലാണ് കണ്ണാളരുടെ മൂലോൽപത്തി ചിട്ടപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ സംശോധകർ ഈ കൃതിയെ *കണ്ണാളോ (കേരളോ)ൽപത്തി* എന്ന് വിശേഷിപ്പിക്കുകയാണ്. ഗ്രന്ഥത്തിൽ ഇങ്ങനെയില്ല എന്ന കാര്യം ഓർമ്മിക്കുമല്ലോ.

ആലുങ്ങാപ്പറമ്പിൽ എ.പി. കണ്ണൻ എന്ന കണക്ക സമുദായത്തിൽപെട്ട മന്ത്രവാദിയും ജ്യോതിഷിയുമായ പാരമ്പര്യ പണ്ഡിതനാണ് തന്റെ കാലശേഷവും ഈ രേഖ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിച്ച് ഈ പ്രമാണം കെ.എം.പി. ദാമോദരൻ നമ്പൂതിരിയെ ഏൽപ്പിക്കുന്നത്. 2000 നവംബറിൽ അദ്ദേഹം മരണപ്പെട്ടില്ലായിരുന്നുവെങ്കിൽ ഈ പ്രമാണത്തിന്റെ സംശോധകരിൽ പ്രഥമൻ ശ്രീ കണ്ണൻ ആയിരുന്നേനെ. ശ്രീ കണ്ണൻ ആരോഗ്യത്തോടെ ജീവിച്ചിരുന്ന കാലത്ത് പുൽപറ്റ മഹാദേവക്ഷേത്രത്തിൽവെച്ച് ആദ്ധ്യാത്മിക കാര്യങ്ങളിലും മറ്റും താൽപര്യത്തോടെ സംസാരിച്ചിരുന്ന കാര്യം ഇപ്പോഴും കെ.എം.പി. ദാമോദരൻ നമ്പൂതിരി ഓർക്കുന്നു. അക്കാലത്തെന്നോ ആണ് ഈ താളിയോല പ്രമാണം ശ്രീ കണ്ണൻ കെ.എം.പി. നമ്പൂതിരിക്ക് കൈമാറിയത്. ശ്രീ കണ്ണന്റെ കയ്യിൽ ഇതെങ്ങനെ വന്നുചേർന്നെന്ന് ദാമോദരൻ നമ്പൂതിരിക്ക് അറിയില്ല. വർഷങ്ങളായി ദാമോദരൻ നമ്പൂതിരിയുടെ കൈവശമുള്ള ഈ രേഖയുടെ ചരിത്രപ്രാധാന്യം മനസിലാക്കുന്നതിലേക്ക് നയിച്ചത് ചിത്രയുടെ 2014-ലെ പ്രദേശ ചരിത്രാന്വേഷണത്തോടെയാണ്. അന്നുതന്നെ ചിത്ര ഈ പ്രമാണം പരിശോധിക്കാൻ അദ്ധ്യാപകനും ഗവേഷണ മാർഗ്ഗദർശ്ശിയുമായ ഡോ.കെ. പി.രാജേഷിനെ ഏൽപ്പിക്കുകയും അതിന്റെ കയ്യെഴുത്ത് പകർപ്പ് 2015-ൽതന്നെ തയ്യാറാക്കുകയും ഞങ്ങൾ പരസ്പരം ചർച്ച

CC-0. In Public Domain. Digitization by eGangotri

ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് ഏതാണ്ട് ഒരു വ്യാഴവട്ട ത്തോടടുത്ത കാലത്താണ് ഈ പ്രമാണം പ്രസിദ്ധീകരിക്കാൻ സാഹചര്യം ഒത്തുവന്നിരിക്കുന്നത്. കാലതാമസം ഒരർത്ഥത്തിൽ ചിത്രക്കും പകർപ്പ് തയ്യാറാക്കി പഠനം നടത്തിയ കെ.പി രാജേഷിനും അക്കാദമികമായി ഒന്നുകൂടെ ചിട്ടപ്പെടാനുള്ള കാലമായിരുന്നു എന്ന് കരുതാം.

ഈ പ്രമാണം പുസ്തകരൂപത്തിലേക്ക് ആയതിനുള്ള ഒരു പ്രധാന പ്രചോദനം ഡോ. അഭിലാഷ് മലയിലാണ്. അഭിലാഷിന്റെ നിരന്തര അന്വേഷണത്തിനും ദീർഘമായ ഫോൺ ചർച്ചകൾക്കും നന്ദി. രേഖയുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിനു സഹായിച്ച പുരാവസ്തു വകുപ്പിലെ ശ്രീ. കെ. കൃഷ്ണരാജ്, കാലടി സർവകലാശാല ഗവേഷകൻ ഇ. സന്തോഷ് എന്നിവരേയും നന്ദിയോടെ ഓർക്കുന്നു. രേഖയുടെ ചരിത്ര പ്രാധാന്യത്തെ കാര്യ മാത്ര പരിഗണിച്ച് കെ.സി.എച്ച്.ആർ സോഴ്സ് സീരീസിന്റെ ഭാഗ മായി പ്രസിദ്ധീകരിക്കാൻ സാഹചര്യമൊരുക്കിയ ചെയർപേഴ്സൺ പ്രൊഫസർ കെ.എൻ. ഗണേഷ്, ഡയറക്ടർ പ്രൊഫസർ ദിനേശൻ വടക്കിനിയിൽ എന്നിവരോടുള്ള നന്ദിയും ഇവിടെ രേഖപ്പെടുത്തട്ടെ. ഈ പ്രമാണം പ്രസിദ്ധീകരിക്കുന്ന കേരള ചരിത്ര ഗവേഷണ കൗൺസിലിനോടുള്ള നന്ദിയും ഞങ്ങൾ രേഖപ്പെടുത്തുന്നു.

മഞ്ചേരി
2025 ഡിസംബർ 24

കെ.എം.പി. ദാമോദരൻ നമ്പൂതിരി
ചിത്ര കെ.
കെ.പി. രാജേഷ്

CC-0. In Public Domain. Digitization by eGangotri

CC-0. In Public Domain. Digitization by eGangotri

പഠനം

കേരളോൽപത്തികളും കണ്ണാളോൽപത്തിയും

ഡോ. കെ.പി. രാജേഷ്

കേരളോൽപത്തി കൃതികൾ പലതും ഇതിനകം തന്നെ മലയാളത്തിലും ഇംഗ്ലീഷിലും (മേനോൻ 2003) പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അതിൽ ഏറ്റവും പഴക്കം ചെന്നവയെന്ന് കരുതാവുന്ന ഒന്ന് 1868-ൽ മംഗലാപുരത്തുനിന്ന് ബാസൽ മിഷൻ പ്രസ്സിൽ അച്ചടിക്കപ്പെട്ട ഹെർമ്മൻ ഗുണ്ടർട്ട് സമാഹരിച്ച കേരളോൽപത്തിയാണ്. ഭാഷാ ചരിത്ര പണ്ഡിതർ ഇന്നേവരെ ഉപയോഗിച്ചതിൽ മുന്നിട്ട് നിൽക്കുന്നത് ഗുണ്ടർട്ടിന്റെ കേരളോൽപത്തിയാണ്. പിന്നീട് കണ്ടെത്തി പ്രസിദ്ധീകരിച്ച പല കേരളോൽപത്തികളിലും ഇതേ കഥകൾ ആവർത്തിക്കുന്നത് കാണാം (പവിത്രൻ 2007). 'കേരള നാടകം' എന്ന ഗുണ്ടർട്ടിന്റെ മറ്റൊരു സമാഹാരവും ഈയടുത്ത് കണ്ടെടുത്ത് പ്രസിദ്ധീകരിക്കപ്പെട്ടു (ശ്രീനാഥൻ 2018). ഇതിലും കേരളോൽപത്തി കഥകൾ തന്നെയാണ് പരാമർശിച്ചിട്ടുള്ളത്. കേരളോൽപത്തിയുടെ കോലത്തുനാട് വഴക്കം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട് (വാര്യർ 1984). കേരളോൽപത്തികഥകളും പതിനൊന്നാം നൂറ്റാണ്ടിലെ കൃതിയായ മൂഷികവംശകാവ്യത്തിലെ കഥകളും മിശ്രണം ചെയ്ത് ചിട്ടപ്പെടുത്തിയ ഒന്നാണത്. കൊച്ചി നാടുവാഴുന്നവരുടെ പെരുമ്പടപ്പ് ഗ്രന്ഥവരികളിലും കേരളോൽപത്തി കഥകളെ പിൻപറ്റി ചരിത്രം പറയാനുള്ള ശ്രമങ്ങൾ കാണാം. ചേരമാൻ പെരുമാൾ രാജ്യം പകുത്തുനൽകിയ കഥയോടെ പെരുമ്പടപ്പിന്റെ ചരിത്രം ആരംഭിക്കുന്നതായാണ് പ്രസ്തുത ഗ്രന്ഥവരിയിൽ പറയുന്നത് (റെയ്മൺ 2005). ഇത്തരത്തിൽ പരശുരാമൻ, ബ്രാഹ്മണർ, പെരുമാൾ എന്നീ മൂന്ന് പ്രാമാണിത്വ ബിംബങ്ങളെ ആധാരപ്പെടുത്തിയാണ് പൂർവ്വ കൊളോണിയൽ കേരള സമൂഹം അവരുടെ ചരിത്രത്തെ രേഖപ്പെടുത്തിയത് എന്ന്

CC-0. In Public Domain. Digitization by eGangotri

കാണാം. ഇത് പ്രധാനമായും ബ്രാഹ്മണരും നാട്-ദേശവാഴികളും അവരുടെ ആചാരപരവും രാഷ്ട്രീയപരവുമായ മേൽക്കോയ്മാധികാരത്തെ സ്ഥിരപ്പെടുത്തുന്നതിനായി ഉപയോഗിച്ചിരുന്നു. എന്നാൽ ബ്രാഹ്മണ-ക്ഷത്രിയ പാരമ്പര്യത്തിനപ്പുറമുള്ള ഒരു സമൂഹം അവരുടെ പരമ്പരാഗതമായുള്ള കുലത്തൊഴിലിന്റെ പ്രാമാണിത്തം സ്ഥാപിക്കാനും മറ്റു കുലതൊഴിലുകൾക്ക് മുകളിൽ മേൽക്കോയ്മാധികാരം കൽപ്പിക്കുന്നതിനായും കേരളോൽപത്തി കഥകളെ ആശ്രയിച്ചിരുന്നു എന്ന് അടയാളപ്പെടുത്തുന്ന ഒരു താളിയോലപ്രമാണമാണ് ഇവിടെ പ്രസിദ്ധപ്പെടുത്തുന്നത്. തൊഴിൽ കൂട്ടങ്ങൾക്കിടയിൽ തന്നെയുള്ള മേൽകീഴ് ബന്ധങ്ങളെ സ്ഥിരപ്പെടുത്തുന്നതിനായി പരശുരാമ-പെരുമാൾ കഥകളുടെ പിൻബലത്തിൽ ചിട്ടപ്പെടുത്തിയ ഒരു വംശ-മൂലോൽപത്തി ചരിതമാണ് '*കണ്ണാളോ(കേരളോ)ൽപത്തി*' എന്ന പേരുനൽകി പ്രസിദ്ധീകരിക്കുന്ന കണ്ണാളരുടെ ജന്മകഥ പറയുന്ന ഈ ഗ്രന്ഥം. ഈ ഗ്രന്ഥത്തിന്റെ ഉള്ളറകളിലേക്ക് കടക്കണമെങ്കിൽ ലഭ്യമായിട്ടുള്ള കേരളോൽപത്തികളുടെ ഉള്ളടക്കത്തെക്കുറിച്ചും അവ പ്രതിനിധീകരിച്ച സമൂഹ്യസാംസ്കാരിക രാഷ്ട്രീയ പശ്ചാത്തലത്തെക്കുറിച്ചും, കേരളോൽപത്തികളെ നിലവിലെ കേരളചരിത്ര പഠനങ്ങൾ എങ്ങിനെയൊക്കെ ഉപയോഗിച്ചുവെന്നും ചെറുതായെങ്കിലും മനസിലാക്കേണ്ടതുണ്ട്.

കേരളോൽപത്തികളുടെ ഉള്ളടക്കം

പരശുരാമൻ മഴുവെറിഞ്ഞ് കേരളമുണ്ടാക്കി എന്ന കെട്ടുകഥ കേൾക്കാത്ത മലയാളികൾ വിരളമാകും. പരശുരാമൻ മഴുവെറിഞ്ഞു എന്ന കഥ മേൽപറഞ്ഞ കേരളോൽപത്തികളിൽ കാണുന്നില്ല. മറിച്ച് വാരാനിധിയെ നീക്കം ചെയ്യ്ത് മലയാള ഭൂമി ഉണ്ടാക്കി എന്നേ ഉള്ളൂ. അപ്പോൾ മഴു കഥ എവിടെ നിന്നുവന്നു. കേരളോൽപത്തിയേക്കാൾ പഴക്കം കൽപിക്കുന്ന സംസ്കൃത കൃതിയായ 'കേരളമാഹാത്മ്യ'ത്തിലാണ് പരശുരാമൻ മഴുവെറിഞ്ഞ കഥയുള്ളത്. പക്ഷെ അത് പരശുരാമന്റെ ക്ഷത്രിയ നിഗ്രഹ പാപത്തിനുള്ള പ്രായശ്ചിത്തം ചെയ്യാനായി ബ്രാഹ്മണർക്ക് ദാനം ചെയ്യാനായി ഉണ്ടാക്കിയതല്ല. ആര്യബ്രാഹ്മണർക്ക് ദാനം ചെയ്തുചെയ്യ്ത് അവർ നിമിത്തം ഭൂമിയിൽ ഇടം നഷ്ടപ്പെട്ട് സമുദ്രത്തിലെത്തിയ പരശുരാമന് സമുദ്ര ദേവനായ വരുണൻ മഴുവെറിഞ്ഞ് ഭൂമിയുണ്ടാക്കാനായി വരം നൽകി, അങ്ങനെ കന്യാകുമാരിയിൽ നിന്ന്

CC-0. In Public Domain. Digitization by eGangotri

എറിഞ്ഞ മഴു ഗോകർണ്ണത്ത് പതിച്ചു. സമുദ്രത്തിനു മീതെ വായുവിലൂടെ മഴു പോയ ദിക്കിലെ സമുദ്രം പിൻവാങ്ങി കരയായി മാറി (രാജീവ് 2012: 45-46, രവിവർമ്മ 2014:90). ഇക്കാര്യം ഈ പഠനത്തിന്റെ മറ്റൊരു ഭാഗത്ത് കൂടുതൽ വിശദമാക്കുന്നുണ്ട്. അതേ സമയം പരശുരാമൻ മുറമെറിഞ്ഞ് ഭൂമിയുണ്ടാക്കിയെന്നൊരു കഥയും പ്രചാരത്തിലുണ്ട്. കൊങ്കൺ പ്രദേശങ്ങളിലും, മഹാരാഷ്ട്രയിലെ സൊപാര അഥവാ ശൂർപ്പാരം തുടങ്ങിയ ഭാഗങ്ങളിലെ കേരളോൽപത്തികളിലാണത്രേ ഇങ്ങിനെയൊരു കഥ കൂടുതലായും കണ്ടുവന്നിട്ടുള്ളത് (വാര്യർ, രാജൻ ഗുരുക്കൾ 2013:43-44) ഇവിടെ പ്രസിദ്ധീകരിക്കുന്ന കണ്ണാളോ(കേരളോ)ൽപത്തിയിൽ മുറമെറിഞ്ഞ് മലയാള ഭൂമി ഉണ്ടാക്കി എന്ന കഥയാണുള്ളത്. മുറമെറിഞ്ഞ് കേരളമുണ്ടാക്കിയെന്ന കഥ വാമൊഴിയായി ബ്രാഹ്മണ സമൂഹങ്ങൾക്കിടയിൽ കേട്ടിരുന്നതായി ഈ ഗ്രന്ഥത്തിന്റെ സംശോധകരിൽ ഒരാളായ കെ.പി.എം ദാമോദരൻ നമ്പൂതിരിയും ഓർക്കുന്നു. അതുകൊണ്ടാണത്രേ കേരളത്തിന് മുറത്തിന്റെ ആകൃതിയായത്! ഒരുപക്ഷെ ഈ കഥ മലയാളത്തിൽ രേഖപ്പെടുത്തിയ ഇന്നേവരെ കണ്ടെടുക്കപ്പെട്ടവയിൽ, ആദ്യത്തെ പ്രമാണമായിരിക്കുമെന്ന് കരുതാം.

ലഭ്യമായ കേരളോൽപത്തികളിലെല്ലാം ഏറ്റക്കുറച്ചിലുകളോടെ പുരാണ-പരശുരാമ-ബ്രാഹ്മണർക്ക് നൽകിയ ഭൂമിദാന-പെരുമാൾ വാഴ്ച - പെരുമാൾ രാജ്യവിഭജന കഥകൾ കാണുന്നുണ്ട്. ചരിത്ര പഠനങ്ങളിൽ ഏറെ പരാമർശിക്കപ്പെട്ട ഹെർമ്മൻ ഗുണ്ടർട്ട് സമാഹരിച്ച കേരളോൽപത്തി പ്രധാനമായും മൂന്ന് ഘട്ടങ്ങളെ പറഞ്ഞുപോകുന്നുണ്ട്: പരശുരാമന്റെ കാലം, പെരുമാക്കന്മാരുടെ കാലം, തമ്പുരാക്കന്മാരുടെ കാലം. പരശുരാമൻ തന്റെ ക്ഷത്രിയ നിഗ്രഹ പാപം തീർക്കാനുള്ള പ്രായശ്ചിത്തമായി സമുദ്രത്തെ നീക്കി കന്യാകുമാരി മുതൽ ഗോകർണ്ണം വരെ നൂറ്ററുപത് കാതം മലയാള ഭൂമി ഉണ്ടാക്കി മുപ്പത്തിരണ്ട് ബ്രാഹ്മണ ഗ്രാമക്കാരെ കൊണ്ടുവന്നു പാർപ്പിച്ച് ഭൂമി ബ്രഹ്മസ്വമായി നൽകുന്നു. അവർക്കിടയിൽ പയ്യന്നൂർ, പെരിഞ്ചെല്ലൂർ, പറവൂർ, ചെങ്ങന്നൂർ എന്നീ നാലു കഴകങ്ങളെ ഉണ്ടാക്കി അവർക്ക് രക്ഷാപുരുഷ സ്ഥാനം കൽപിക്കുന്നു. ബ്രാഹ്മണർക്ക് ആയുധ പ്രയോഗവും, തന്ത്ര-മന്ത്രമുൾപ്പെടെയുള്ള വൃത്തികൾ അഥവാ തൊഴിൽ കൽപ്പിക്കുന്നു. ഇനിമേൽ ബ്രാഹ്മണർ തങ്ങളിൽ അന്യോന്യം ഓരോരോ കൂറുചൊല്ലിയും വാദിച്ചും കർമ്മവൈകല്യം വരുത്തി കർമ്മഭൂമി ക്ഷയിച്ചുപോകരുത്

CC-0. In Public Domain. Digitization by eGangotri

എന്ന് കൽപിച്ചു. നാലു കഴകത്തിൽ ഓരോരുത്തർക്കും മൂവ്വായിര ത്താണ്ടേക്ക് രക്ഷാപുരുഷസ്ഥാനം കൽപിക്കകൊണ്ട് ആ കാല യളവിൽ ഓരോരുത്തരും പരമാവധി അർത്ഥം സ്വരൂപിക്കാനായി ജനങ്ങളെ ഉപദ്രവിച്ചു തുടങ്ങിയപ്പോൾ നാലുകഴകവും ചേർന്ന് ഇനിമേൽ ബ്രാഹ്മണർ ഭരിച്ചാൽ രാജ്യം നശിച്ചുപോകുമെന്നും രാജ്യഭരണത്തിനായി ഒരു രാജാവിനെ പരദേശത്തുനിന്ന് കൊണ്ടു വരാം എന്ന് നിശ്ചയിച്ച് കേയപ്പെരുമാളെ കൊണ്ടുവരുന്നു. ഇത്രയുമാണ് പരശുരാമകാലത്ത് നടക്കുന്നത്.

നാടുവാഴുന്നവർക്കും ബ്രാഹ്മണർക്കും ഭൂമിയുടെ മേൽ ജന്മാവകാശം ഉണ്ടായിരുന്നെന്ന് ഉറപ്പിക്കുന്ന ചില പ്രയോഗ ങ്ങൾ പെരുമാക്കന്മാരുടെ കാലം എന്ന ഭാഗത്ത് കാണാം. പെരുമാളായി വാഴിക്കുന്ന ചേരമാന്റെ ''രാജഭോഗം ചിലദിക്കിൽ കൊടുത്തതു, ചില ദിക്കിൽ ബ്രാഹ്മണർ തങ്ങൾക്കുതന്നെ എന്നു കൽപിച്ചു, ചില ദിക്കിൽ ക്ഷേത്രം പ്രധാനമായി രാജാവിന് അനുഭവം, രാജാവിന്നു അരയിരിക്കസ്ഥാനവും കൊടുത്തു, അല്ലൂർ (കൊടുങ്ങല്ലൂർ) പെരുങ്കോവിലകം എന്ന് കൽപിച്ചു''. ബ്രാഹ്മണരുടെ കഴകവും, പരിഷക്ക് ഇരിക്കാൻ നാലു തളിയും കൽപിച്ചു. ഈ നാലു തളിയെ രണ്ടാം ചേര പെരുമാളിന്റെ കൗൺസിലായി എം.ജി.എസ്. നാരായണൻ കാണുന്നു (നാരായണൻ 1996: 85-89). ബൗദ്ധനായ നാലാമത്തെ പെരുമാളെക്കുറിച്ചും ഈ ഭാഗത്ത് പറയുന്നു. 15-16 നൂറ്റാണ്ടിലെ കൃഷ്ണദേവരായരെ ചേരമാൻ പെരുമാൾ കണ്ട കാര്യം ഇവിടെ പറയുന്നു. ശങ്കാരാചാര്യർ കൽപിച്ച കുലക്രമ വിവരം എന്ന ഭാഗത്തെ ജാതി-കുലക്രമങ്ങൾ പരിശോധിച്ചാൽ മാത്രം മതി കേരളോൽപത്തികളുടെ കാലം പറയാൻ. ഇതിൽ പറയുന്ന പല ജാതികളും പെരുമാൾ കാലത്തെ ലിഖിതങ്ങളിലെവിടെയും പരാമർശിക്കപ്പെടുന്നില്ല. ''കച്ചോടക്കാർ'' എന്ന ജാതികളെകുറിച്ച് പറയുന്നിടത്ത് കേരളോൽപത്തി രചിച്ച കാലത്തെ വെളിപ്പെടു ത്തുന്നത് കാണാം. പതിനെട്ടാം നൂറ്റാണ്ടുവരെയുള്ള കാലഘട്ട ങ്ങളിൽ കേരളവുമായി കച്ചവടം ചെയ്ത രാവാരി, ചെട്ടി, ചോന കർ, ചീനർ, കുഞ്ചരാത്തിക്കാർ (ഗുജറാത്തികൾ), പൗരവർ, നസ്രാണി, പറങ്കി (പോർച്ചുഗീസ്), ലന്ത (ഡച്ച്), പരിന്തിരിസ് (ഫ്രഞ്ച്), ഇങ്കിരിസ്സ് (ഇംഗ്ലീഷ്) കച്ചവടക്കാരെക്കുറിച്ച് ഈ ഭാഗത്ത് പറയുന്നു. മേൽജാതികളെയും കീഴ്ജാതികളെയും അവയ്ക്കു ള്ളിലെ ശ്രേണികൾ തീർത്ത് ശുദ്ധാശുദ്ധ സങ്കൽപനങ്ങൾ ക്കനുസരിച്ച് ക്രമപ്പെടുത്തുന്ന ഭാഗമാണിത്. ജനാധിപത്യ പൂർവ്വ

CC-0. In Public Domain. Digitization by eGangotri

സമൂഹത്തിലെ ജാതികളുടെ ഉച്ചനീചത്വങ്ങളെ ചരിത്രപരമായി സ്ഥിരപ്പെടുത്തുന്ന ദൗത്യമാണ് കേരളോൽപത്തിയുടെ ഈ ഭാഗം നിർവ്വഹിക്കുന്നത്. തുടർന്നുള്ള ഭാഗത്താണ് പെരുമാൾ രാജ്യം പകുത്ത് നാടുവാഴികൾക്ക് നൽകി മക്കത്തുപോയി മുഹമ്മദ് നബിയെ കണ്ടു എന്നിങ്ങനെയുള്ള കാര്യങ്ങൾ പറയുന്നത്.

ഗുണ്ടർട്ട് കേരളോൽപത്തിയിൽ തമ്പുരാക്കന്മാരുടെ കാലം എന്ന ഭാഗത്ത് പറയുന്നത് കോഴിക്കോട് സാമൂതിരിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. വടക്കൻ കേരളത്തിലെ പ്രാമാണിത്വമുള്ള നാടുവാഴുന്നവരായി വള്ളുവക്കോനാതിരിക്കും കോലത്തിരിക്കും കുറുമ്പുറയാതിരിക്കും പെരുമ്പടപ്പിനും മുകളിൽ രാഷ്ട്രീയമായി സാമൂതിരി സ്ഥാനമുറപ്പിക്കുന്ന സംഭവങ്ങളാണ് പറഞ്ഞുപോകുന്നത്. വള്ളുവക്കോനാതിരിയെ പരാജയപ്പെടുത്തുന്നതും പോർച്ചുഗീസുകാർ വന്നതിൽപിന്നെ കുറുമ്പ്രനാട് സാമൂതിരിയുടെ ബന്ധുവാകുന്നതും കോഴിക്കോട് നഗരം പണിയുന്നതും കോഴിക്കോട് നഗരത്തിന്റെ മഹത്വവുമടക്കമുള്ള കാര്യങ്ങൾ ഈ ഭാഗത്ത് വിവരിക്കുന്നു. കോലത്തുനാട് മുതൽ വേണാട് വരെയുള്ള നാടുവാഴികളും ഇടപ്രഭുക്കന്മാരും തങ്ങളുടെ ''രാജധർമ്മാധികൾ രക്ഷിച്ചുപോന്നിരിക്കുന്നു'' എന്ന് പറഞ്ഞ് കേരളോൽപത്തി ചുരുക്കുന്നു. തുഞ്ചത്ത് രാമാനുജൻ ചൊന്ന 'കേരള നാടകം' എല്ലാവർക്കും ഗ്രഹിപ്പാനായി സംഗ്രഹിച്ചിരിക്കുന്നു എന്നു രേഖപ്പെടുത്തിയാണ് ഗുണ്ടർട്ട് ശേഖരമായി പ്രസിദ്ധപ്പെടുത്തിയ കേരളോൽപത്തി അവസാനിക്കുന്നത്.

കേരളോൽപത്തി കോലത്തുനാട് വഴക്കത്തിൽ പരശുരാമ കാലത്തേയും പെരുമാക്കന്മാരുടെ കാലത്തേയും പരാമർശിച്ച ശേഷം കോലത്തിരിയെ പെരുമാൾ വാഴിച്ച കാര്യമാണ് പറയുന്നത്. പെരുമ്പടപ്പ് ഗ്രന്ഥവരിയിൽ നേരെ പെരുമാളിൽ നിന്ന് രാജ്യാധികാരം പെരുമ്പടപ്പ് സ്വരൂപത്തിന് ചാർത്തിക്കിട്ടി എന്ന തരത്തിലാണ്. ഇങ്ങനെ പരശുരാമൻ, ആര്യബ്രാഹ്മണർ, ചേരമാൻ പെരുമാൾ എന്നീ മധ്യകാല ആചാരാധികാര സ്വത്വങ്ങളുടെ കഥകളെ പിൻപറ്റിയാണ് നാടുവാഴികൾ നാടിനുമേൽ തങ്ങളുടെ രാഷ്ട്രീയ അധീശത്വവും, നാടുവാഴികൾക്കുമേൽ ബ്രാഹ്മണർ തങ്ങളുടെ ആചാരപരമായ അധികാരവും നിലനിർത്തിയത് എന്ന് ചുരുക്കം. കേരളോൽപത്തി കഥകളെ പൂർവ്വകൊളോണിയൽ സമൂഹം 'കേരളത്തിന്റെ ഉൽപത്തി ചരിത്രം' എന്ന നിലക്ക് ഉൾക്കൊണ്ടിരിക്കണം. അതുകൊണ്ടാകും

CC-0. In Public Domain. Digitization by eGangotri

ഈ കേരളോൽപത്തി കഥകളെ ആശ്രയിച്ചുകൊണ്ട് കണ്ണാളരും തങ്ങളുടെ മൂലോൽപത്തി ചരിതം മെനെഞ്ഞെടുത്തത്.

കേരളചരിത്രങ്ങളിലെ കേരളോൽപത്തി

കേരളോൽപത്തി പാരമ്പര്യങ്ങളുടെ ചരിത്രപരതയെക്കുറിച്ച് ചരിത്രകാരർക്കിടയിൽ പൊതുവായ അഭിപ്രായമില്ല. പതിനെട്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട മലബാറിന്റെ (കേരളത്തിന്റെ) ചരിത്ര മായാണ് ഹെർമൻ ഗുണ്ടർട്ട് കേരളോൽപത്തിയെ കാണുന്നത്. റോബർട്ട് സെവലിന്റെ നോട്ടത്തിൽ തദ്ദേശീയമായി ചരിത്രമെഴു താനുള്ള ശ്രമത്തിന്റെ മികച്ച മാതൃകയാണ് കേരളോൽപത്തി. പ്രധാനമായും രണ്ട് തരത്തിൽ കേരളോൽപത്തികൾ ചരിത്ര പഠനങ്ങളിൽ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. ഒന്ന് കേരളത്തിന്റെ പ്രാചീന ചരിത്രമായും, രണ്ട് പൂർവ്വമധ്യകാലം, മധ്യകാലം എന്നൊക്കെ വിളിക്കുന്ന പെരുമാക്കന്മാരുടെ കാലം മുതൽ സ്വരൂപങ്ങളുടെ കാലം വരെയുള്ള സാമൂഹ്യ-രാഷ്ട്രീയ ചരിത്ര പഠനത്തിനുള്ള ചരിത്ര തെളിവായി അഥവാ ഉപാദാനമായും.

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരേയും കേരളത്തിന്റെ പ്രാചീന ചരിത്രമായി പരിഗണിക്കപ്പെട്ടത് കേരളോൽപത്തി, കേരള മാഹാത്മ്യ കഥകളായിരുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും രചിക്കപ്പെട്ട കൊട്ടാര ചരിത്രങ്ങളിലും (ശങ്കുണ്ണിമേനോൻ 1878: 13-40), പ്രദേശ ഗസറ്റിയർ-മാന്വലുകളിലെ (നാഗം അയ്യ 1999:210-229, അച്ചുതമേനോൻ 1911, 1995:38) ആദിമ ചരിത്രവും 'കേരളോൽപത്തി', 'കേരളമാഹാത്മ്യം' എന്നീ കൃതികളുടെ ആവർത്തനമായിരുന്നു. മലബാറിൽ കൊളോണിയൽ ഭരണാധികാരികളുടെ ആഹ്വാന പ്രകാരം വില്ല്യം ലോഗൻ തയാറാക്കിയ മാന്വലിലും (ലോഗൻ 1887, 2010: 221-245) പ്രാചീന ചരിത്രം പറയാൻ അവലംബിച്ചത് കേരളോൽ പത്തിയെ ആണെന്ന് കാണാം. കോഴിക്കോട് സാമൂതിരിയുടെ ആദിമ ചരിത്രം എഴുതുന്നതിന് കെ.വി. കൃഷ്ണയ്യർ ആശ്രയി ക്കുന്നത് കേരളോൽപത്തി പാരമ്പര്യത്തെയാണ്. ദ്വാർത്തെ ബർബോ സയുടെ കുറിപ്പിലും ചേരമാൻ പെരുമാളിന്റെ രാജ്യം പകുത്തു നൽകലിനെയും മക്കത്തു പോകലിനെയും പരാമർശിക്കുന്നു ണ്ടെന്നും അയ്യർ ചൂണ്ടിക്കാണിക്കുന്നു (അയ്യർ 1938, 1999: 60-80). ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെ തുടർന്ന കേരള ചരിത്ര രചനയിലെ ഈ പ്രവണതയ്ക്ക് മാറ്റം കുറിച്ചത് കേരള സർവ്വകലാശാലയിലെ മലയാളം പ്രൊഫസറായിരുന്ന ഇളങ്കുളം

CC-0. In Public Domain. Digitization by eGangotri

പി.എൻ. കുഞ്ഞൻ പിള്ളയായിരുന്നു. അദ്ദേഹത്തിന്റെ നോട്ടത്തിൽ ''യഥാർത്ഥത്തിൽ കേരളചരിത്രം ഗ്രഹിക്കുവാൻ പണ്ഡിതന്മാർക്കു വിലങ്ങുതടിയായി വന്നിട്ടുള്ളത് കേരളോല്പത്തികളുടെ ജ്ഞാന്മാണ്'' (കുഞ്ഞൻപിള്ള 2005:365). കേരള ചരിത്ര പഠനത്തിനു ആശ്രയിക്കാവുന്ന ഒരു കൃതിയായി ഇളങ്കുളം കേരളോൽപത്തിയെ കണ്ടിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ പൂർവ്വമധ്യകാല കേരളത്തെപ്പറ്റി ഗവേഷണം നടത്തിയ എം.ജി.എസ്. നാരായണൻ ഇളംകുളത്തെപ്പോലെ കേരളോൽപത്തിയെ തള്ളിക്കളഞ്ഞില്ല. വളരെ കരുതലോടെ ഉപയോഗിക്കാൻ കഴിയുന്ന കേരളത്തിന്റെ മധ്യകാല ചരിത്രാവബോധമായി അതിനെ കണ്ടു (നാരായണൻ 2013: 52-54). കെട്ടുകഥകളാൽ ബന്ധിക്കപ്പെട്ടിരുന്ന പല ചരിത്ര സൂചനകളെയും വേർതിരിച്ചെടുത്ത് ഉപോൽബലക തെളിവുകൾ ലിഖിതങ്ങളിൽ നിന്നും ലിഖിതങ്ങൾക്ക് സമകാലികമായ സംസ്കൃത-തമിഴ് കൃതികളിൽനിന്നും, പിൽക്കാല മധ്യകാല മണിപ്രവാള സാഹിത്യകൃതികളിലെ വിവരങ്ങളിൽനിന്നും കണ്ടെത്തി കാര്യകാരണ ബന്ധങ്ങൾ നിരത്തി യുക്തിപൂർവ്വം വിമർശനാത്മകായി പരിശോധിച്ച് വ്യഖ്യാനിച്ചാണ് കേരളത്തിന്റെ പ്രാചീന-പൂർവ്വ മധ്യകാല ചരിത്രത്തിലേക്ക് എം.ജി. എസ് വെളിച്ചം പകർന്നത്. കേരളോൽപത്തിയിൽ പരാമർശിക്കുന്ന മുപ്പത്തിരണ്ട് ബ്രാഹ്മണഗ്രാമങ്ങളിൽ പതിനാറ് ഗ്രാമങ്ങളെക്കുറിച്ച് 9-12 നൂറ്റാണ്ടുകളിലെ ലിഖിതങ്ങളിൽ സൂചനയുള്ളതായി എം.ജി. എസ് കണ്ടെത്തിയിട്ടുണ്ട് (നാരായണൻ 2013: 263). അതിൽ ഏറ്റവും പൗരാണികമായ ബ്രാഹ്മണഗ്രാമം ചെല്ലൂർ അഥവാ പെരിഞ്ചെല്ലൂർ ആണെന്ന് പ്രാചീന സംഘകൃതിയായ അകനാനൂറിലെ 220-മത്തെ പാട്ടിനേയും പതിനൊന്നാം നൂറ്റാണ്ടിലെ മൂഷികവംശകാവ്യത്തെയും അടിസ്ഥാനപ്പെടുത്തി എം.ജി.എസ് സമർത്ഥിച്ചു. കേരളോൽപത്തിയിൽ പരാമർശിക്കുന്ന പെരുമാളിന്റെ ഉപദേശക സമിതിയായ നാലുതളി ചരിത്രപരമായി രണ്ടാം ചേരപെരുമാൾ ഭരണകാലത്ത് (800 സി.ഇ- 1122 സി. ഇ) നിലനിന്നിരുന്നുവെന്ന് 'കൊല്ലം രാമേശ്വരം കോയിൽ ലിഖിതം' മുതലായവയെ അവലംബിച്ച് എം.ജി.എസ് സമർത്ഥിക്കുന്നുണ്ട്. ബ്രാഹ്മണഗ്രാമങ്ങളുടെ ചരിത്രപരത അന്വേഷിക്കാൻ കേശവൻ വെളുത്താട്ടും 'കേരളോൽപത്തി'യേയും, 'കേരള മാഹാത്മ്യ'ത്തേയും ഉപാദാനങ്ങളായി സ്വീകരിക്കുന്നുണ്ട് (വെളുത്താട്ട് 2013: 15-27). പൂർവ്വകൊളോണിയൽ കാലത്തെ കേരളത്തിന്റെ ചരിത്രാവബോധമായും, പൂർവ്വ കൊളോണിയൽ കാലത്തെ പ്രത്യേ

CC-0. In Public Domain. Digitization by eGangotri

കിച്ച് ഒൻപതാം നൂറ്റാണ്ടുമുതലുള്ള, കേരളചരിത്രം പഠിക്കാൻ ചരിത്രകാരർക്ക് പലപ്രകാരത്തിൽ സൂചനകൾ നൽകുവാൻ കെൽപ്പുള്ള ഒരു ചരിത്ര തെളിവായും കേരളോൽപത്തിയെ എം.ജി.എസും, കേശവൻ വെളുത്താട്ടും അവതരിപ്പിച്ചു (നാരായണൻ 1996, 2013, വെളുത്താട്ട് 2013: 15–27). ഈ വാദങ്ങളെ പിൽക്കാലത്ത് വന്ന ചരിത്ര പഠനങ്ങളൊന്നും നിരസിച്ചിട്ടില്ല. കേരളോൽപത്തി കഥകൾ കെട്ടുകഥയാണെന്ന് കരുതുമ്പോഴും അതിൽ പറയുന്ന തളി, തളിയാതിരികൾ, കഴകങ്ങൾ, സഭ, ബ്രാഹ്മണ ഗ്രാമങ്ങൾ, ചേരമാൻ പെരുമാൾ അഥവാ കുലശേഖരന്മാർ തുടങ്ങിയ ആചാരപരവും രാഷ്ട്രീയ പരവുമായ സ്ഥാപന-സ്ഥാനങ്ങൾ ചരിത്രപരമായി ഒൻപതാം നൂറ്റാണ്ടുമുതൽ തന്നെ കേരളചരിത്രത്തിന്റെ ഭാഗമായി ഉണ്ടായിരുന്ന കാര്യം ആക്കാലത്തെ ലിഖിത തെളിവുകളെ ആധാരമാക്കി പിൽക്കാല ചരിത്ര പഠനങ്ങളും സ്വീകരിക്കുന്നുണ്ട് (ഗണേഷ് 1990, 2011: 305 –306, വാര്യർ, രാജൻ ഗുരുക്കൾ 1991:104–195). അതേസമയം ഇന്ന് ചില പഠനങ്ങളിൽ ആരോപിക്കുന്നതുപോലെ എം.ജി.എസ് മുതലുള്ള മേൽപറഞ്ഞ ചരിത്രകാരരാരും കേരളോൽപത്തിയെ മാത്രം അവലംബിച്ച് കേരളത്തിന്റെ മധ്യകാല ചരിത്രം എഴുതിയവരോ, കേരളോൽപത്തി പാരമ്പര്യമാണ് കേരളസംസ്കാര രൂപീകരണത്തിലേക്ക് നയിച്ചതെന്ന് വാദിക്കുന്നവരോ അല്ല (ഷിബി 2024). മറിച്ച് കേരളോൽപത്തിയെ ചരിത്ര പഠനത്തിനുള്ള പാരമ്പര്യ വാമൊഴിവഴക്കമായോ, പൂർവ്വാധുനിക കേരളത്തിന്റെ ചരിത പാരമ്പര്യമായോ അവബോധമായോ കാണാൻ ശ്രമിച്ചവരാണ്. മറ്റൊരർത്ഥത്തിൽ കൊളോണിയൽ കാലത്തിനുമുമ്പ് കേരളത്തിന് അതിന്റേതായ ചരിത്രാവതരണ രീതി ഉണ്ടായിരുന്നെന്ന് പറയാൻ ശ്രമിച്ചവരാണ്.

ഇന്നേവരെ പ്രസിദ്ധപ്പെടുത്തിയ കേരളോൽപത്തികൾക്കെല്ലാം നിയതമായ ഒരു ലക്ഷ്യമുണ്ടായിരുന്നു. രാഘവ വാര്യർ നിരീക്ഷിക്കുന്ന പോലെ, പുരോഹിത ബ്രാഹ്മണ വർഗ്ഗങ്ങളുടേയും ഭരണവർഗ്ഗത്തിന്റേയും അധികാരാവകാശങ്ങളെ സാധൂകരിക്കാനും സ്ഥിരീകരിക്കാനുമാണ് പുരാണ-പരശുരാമ കഥകൾ മധ്യകാല സമൂഹം പലപ്പൊഴും പ്രയോജനപ്പെടുത്തി പോന്നത്. (വാര്യർ 1984:xiv). കെ.എൻ. ഗണേഷ് കേരളോൽപത്തിയെ പരിഗണിക്കുന്നതിങ്ങനെയാണ്, ‘‘കേരളോൽപത്തി കഥകളുടെ വിശ്വസനീയത അറിയാൻ ഒരു മാർഗ്ഗവുമില്ല. ഭൂരിഭാഗം കേരളോൽപത്തികളും കഴിഞ്ഞ രണ്ട് മൂന്ന് നൂറ്റാണ്ടുകളിലെഴുതപ്പെട്ടവയാണ്. ബ്രാഹ്മണ

CC-0. In Public Domain. Digitization by eGangotri

രുടെ സങ്കൽപിത ഭൂതകാലത്തിന്റേയും ബ്രാഹ്മണകൽപിതമായ വംശവഴക്കങ്ങളുടേയും സൃഷ്ടിയാണ് ഇവയുടെ പ്രധാന ഉദ്ദേശ്യം.'' (ഗണേഷ് 1990, 2011: 305). പന്ത്രണ്ടാം നൂറ്റാണ്ടിനു ശേഷം രാഷ്ട്രീയമായി ശക്തിയാർജ്ജിച്ച നാടുവാഴി മേധാവിത്വവും, നായർ സാമന്തരുടെ വളർച്ചയും നമ്പൂതിരിമാരുടെ പരസ്പര സ്പർദ്ധയും സൃഷ്ടിച്ച അരക്ഷിതാവസ്ഥയിൽ നിന്നാകാം കേരളോൽപത്തി പാരമ്പര്യത്തിലെ പരശുരാമ കഥകളിലൂടെയുള്ള അവകാശന്യായീ കരണത്തിന് ആക്കം കൂടിയതെന്ന് രാജൻ ഗുരുക്കളും അഭിപ്രായ പ്പെടുന്നു (ഗുരുക്കൾ 2013: 45). ബ്രാഹ്മണ പാരമ്പര്യത്തിനു പുറത്തുള്ള സമൂഹവും പലപ്രകാരത്തിൽ പല അവസരങ്ങളിൽ കേരളോൽപത്തി കഥകളെ അവലംബിക്കാറുണ്ട്. അതിന്റെ സൂചന കൾ തെയ്യത്തിലും വടക്കൻ പാട്ടുകളിലും മറ്റും കാണുന്നുണ്ട്. കേരളോൽപത്തിയിലെ ചേരമാൻ പെരുമാൾ വടക്കൻപാട്ടുകളിലെ പുത്തൂരം പാട്ടുകളിൽ പരാമർശ്ശിക്കപ്പെടുന്നുണ്ട്. ആരോമൽ ചേകവരുടെ കാർന്നോമ്മാര് ചേരമാൻ പെരുമാളിന്റെ ആവശ്യ പ്രകാരം ഇഴുവത്തുനാട്ടിൽ നിന്നു വന്നവരാണെന്ന് പറഞ്ഞ്, കേരളോൽപത്തിയിലെ പെരുമാൾ പൈതൃകം ആരോമൽ ചേകവ രിൽ ആരോപിക്കുന്നത് കാണാം (അച്യുതമേനോൻ 2017: 196-197). വടക്കൻ കേരളത്തിലെ തെയ്യവുമായി ബന്ധപ്പെട്ടും കേരളോൽ പത്തി കഥകൾ പ്രചാരത്തിൽ ഉണ്ടെന്ന അഭിപ്രായം ഉണ്ട്. ''ബ്രാഹ്മണാധികാരം ഉറപ്പിക്കുന്നതാണ് കേരളോൽപത്തിയിലെ ചരിത്രബോധമെങ്കിലും, വ്യത്യസ്ത വ്യാഖ്യാനങ്ങളുടെ നില നിൽപ് സൂചിപ്പിക്കുന്നത് കേരളോൽപത്തിക്ക് അത് കൈകാര്യം ചെയ്യുന്ന സമൂഹത്തിന്റെ ആവശ്യാനുസരണം വ്യത്യസ്ത താൽപര്യങ്ങൾ ചെറുതായെങ്കിലും ഉണ്ടാക്കിയെടുക്കാൻ ശക്തി യുള്ള ഘടനയുണ്ടെന്നാണ്. നമ്പൂതിരി ഇല്ലങ്ങളിലെന്നപോലെ, തെയ്യക്കാവുകളിൽ നിന്നും, തെയ്യക്കാരിൽ നിന്നും കേരളോൽ പത്തി പാഠങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നത് പ്രത്യേക പ്രസ്താവ്യ മാണ്'' (വടക്കിനിയിൽ 2021: 42-43). ഇങ്ങിനെ കേരളോൽപത്തി കഥകളെ തങ്ങളുടെ ചരിത്രം മെനയുന്നതിനു പല രീതിയിൽ പൂർവ്വ കൊളോണിയൽ കാലത്തെ സമൂഹം ഉപയോഗിച്ചിരുന്നു. അവ വാമൊഴിയായും വരമൊഴിയായും സമൂഹത്തിന്റെ ഭാഗ മായി നിലകൊണ്ടിരുന്നു. ഇക്കാര്യങ്ങളെ ഒന്നുകൂടി അടിവരയി ടുന്നതും ഒരുപടികൂടെ മുന്നോട്ട് പോയി രാഷ്ട്രീയാധികാര ത്തിനു പുറത്ത് ജാത്യാധികാരവും കുലമഹിമാവകാശവും

CC-0. In Public Domain. Digitization by eGangotri

പൂർവ്വകൊളോണിയൽ സമൂഹത്തിനകത്ത് സ്ഥാപിച്ചെടുക്കാനായി കീഴ്ജാതി സമൂഹവും ചാരിതാഖ്യാനങ്ങൾ വാമൊഴിയായും വരമൊഴിയായും രൂപപ്പെടുത്തിയെന്ന് കാണിക്കുന്ന കണ്ണാളരുടെ ഒരു മൂലോൽപത്തി പ്രമാണമാണ് ഇവിടെ പ്രസിദ്ധപ്പെടുത്തുന്നത്. കേരളോൽപത്തി കഥ എന്ന പൂർവ്വ-കൊളോണിയൽ കാല ചരിത്ര രചനാപാരമ്പര്യത്തിൽനിന്നുകൊണ്ട്പുരാണ-പരശുരാമ-ചേരമാൻ പെരുമാൾ കഥകളുടെ പിൻബലത്തോടെ കണ്ണാളർ എന്നറിയപ്പെട്ട ആശാരി മൂശാലി, തട്ടാൻ, കരുമാൻ എന്നീ തൊഴിൽകൂട്ടങ്ങളുടെ ജാതിവലുപ്പം എങ്ങിനെയെന്ന് തിട്ടപ്പെടുത്താനായി തയ്യാറാക്കിയ ഒരു പ്രാമാണിക ഗ്രന്ഥമാണിത്. കൃത്യമായ ഒരു ലക്ഷ്യം ഈ മൂലോൽപത്തി പ്രമാണ രചനക്ക് പിന്നിലും ഉണ്ടായിരുന്നെന്ന് ചുരുക്കം. അത് നിർമ്മിച്ചെടുക്കുന്ന സാമൂഹ്യാവബോധത്തിന കത്താണ് ആശാരി, മൂശാലി, തട്ടാൻ, കരുമാൻ എന്നീ വിഭാഗ ങ്ങൾ പൂർവ്വ കൊളോണിയൽ ജാതി ശ്രേണിയിൽ തങ്ങളെ അടയാളപ്പെടുത്തിയത്. ആശാരി മറ്റ് മൂന്ന് കണ്ണാള ജാതികൾക്കും മേലെ വിശ്വബ്രഹ്മനായി ജാതീയമായി സ്ഥിരപ്പെടുത്തപ്പെട്ടതിനുള്ള ന്യായീകരണം കൂടിയാണ് ഈ മൂലോൽപത്തി. സാങ്കേതിക തികവുള്ള കുലത്തൊഴിൽ ചെയ്യുന്ന ഇവർക്ക് നാടിനുമേൽ ഉണ്ടായിരുന്ന സ്ഥാനമാനങ്ങൾ ചേരമാൻ പെരുമാളിൽ നിന്ന് നേടിയെടുത്തതാണെന്ന് സ്പഷ്ടമായി വ്യാഖ്യാനിക്കുന്ന കഥാ സന്ദർഭങ്ങളാണ് പെരുമാൾ തന്നെ ചൊല്ലിക്കൊടുക്കുന്ന മൂലോൽ പത്തി ചരിതത്തിലൂടെ കണ്ണാളർ സ്ഥാപിച്ചെടുക്കുന്നത്.

കേരളോൽപത്തികളുടെ ചരിത്രാന്തരീക്ഷം

കേരളോൽപത്തികൾ പ്രധാനമായും രണ്ട് അധികാ രങ്ങളെ സാമൂഹ്യമായി സ്ഥിരപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്: ബ്രഹ്മാണാധികാരവും, നാടുവാഴുന്നവർക്ക് നാടിനും നാട്ടാർക്കും മേലുള്ള രാഷ്ട്രീയാധീശത്വവും. ബ്രാഹ്മണരേയും, അവരാൽ ക്ഷത്രിയരായി അവരോധിക്കപ്പെട്ട നാട്ടുടയവർമാരേയും നാടി നകത്ത് മേലോരായി വാഴിച്ചതും, ഈ രണ്ടുക്കൂട്ടരോടും ചേർന്നും അകലം പാലിച്ചും നിന്ന വ്യത്യസ്ത തൊഴിൽകൂട്ടങ്ങളെ മേൽ-കീഴ് അടിസ്ഥാനത്തിൽ ജാതീയമായി ശുദ്ധാശുദ്ധക്രമമനുസരിച്ച് നിലനിർത്തിയതിനും പ്രാമാണികമായ പിൻബലം നൽകാൻ കേര ളോൽപത്തികൾ ഉപയോഗിച്ചിരുന്നു. ഇത്തരത്തിൽ നോക്കിയാൽ ഇതിഹാസ പുരാണ കഥകളുടെ പിൻബലത്തോടെ മലയാളഭൂമി

CC-0. In Public Domain. Digitization by eGangotri

യുടെ ഉൽപത്തി മഹാത്മ്യം അവതരിപ്പിക്കുന്ന ഒരു പൂർവ്വാധുനിക മേലാളസമൂഹ ചരിതാഖ്യാനമാണ് കേരളോൽപത്തികൾ.

ഭരിക്കുന്നവരുടെ ഭരണനയതന്ത്രജ്ഞതയുടെ ഭാഗമായുള്ള ആദർശാശയങ്ങൾ നിവർത്തിക്കുന്നതിനു ചിട്ടപ്പെടുത്തപ്പെടുന്ന പ്രമാണങ്ങളായാണ് പതിനൊന്നാം നൂറ്റാണ്ടിലെ മൂഷികവംശകാവ്യവും, പൂർവ്വ കൊളോണിയൽ കാലത്തെ കേരളോല്പത്തികളും മറ്റും രചിക്കപ്പെട്ടത്. കേരളോൽപത്തി ആരുടെ സൃഷ്ടിയാണെന്ന് തീർച്ചയില്ലെങ്കിലും, വാമൊഴിയായി ബ്രാഹ്മണർക്കിടയിൽ നിലനിന്നിരുന്ന ചരിതപാരമ്പര്യത്തെക്കുറിക്കുന്ന ഈ ഗ്രന്ഥം പലപ്പോഴും കണ്ടെടുക്കപ്പെട്ടത് ബ്രാഹ്മണരുടെയോ, ബ്രാഹ്മണരോട് ചേർന്ന് നിന്നവരുടെയൊക്കെ കൈവശങ്ങളിൽ നിന്നാണ്. പൂർവ്വകൊളോണിയൽ കാലത്തെന്നോ ചിട്ടപ്പെടുത്തപ്പെട്ട ഈ കൃതി ബ്രാഹ്മണരുടെ 32 ഗ്രാമ പ്രാമാണിത്തത്തെ ഉയർത്തിക്കാട്ടുന്നതിനും, കഴകം, തളി, സഭ, യോഗം തുടങ്ങിയവയിലൂടെ ബ്രാഹ്മണ സംഘശക്തി നാടിനും നാട്ടുടയവർക്കും മേലെ സ്ഥിരപ്പെടുത്തുന്നതിന് വേണ്ടിയായിരുന്നെന്ന് തോന്നുന്നു. സ്വരൂപത്തോളമോ അതിലേറെയോ ആചാരാധികാരം ബ്രാഹ്മണ സങ്കേതങ്ങളിൽ പൂർവ്വകൊളോണിയൽ കാലത്ത് വന്നുചേരുന്നതിനെ ആധികാരികപ്പെടുത്താനുള്ള പ്രമാണമായും കേരളോൽപത്തി ഉപയോഗിക്കപ്പെട്ടിരുന്നു. പൂർവ്വ കൊളോണിയൽ കാലത്ത് കേരളത്തിലെ നാട്-ദേശ കോയ്മകളുടെ വലിപ്പ-ചെറുപ്പവാദങ്ങൾക്കും അധികാരാവകാശ വടംവലികൾക്കും ഇടയിൽ പൈതൃകാവകാശം ഓരോരുത്തരും ചാർത്തിയെടുത്തത് അവസാനത്തെ പെരുമാളിന്റെ രാജ്യദാന കഥകളെ പിൻപറ്റിയായിരുന്നു. അതുകൊണ്ടുതന്നെ കേരളോൽപത്തികൾ ഓരോരോ നാട്ടുകോയ്മകൾകളുടെ ചരിത്രമായും അവതരിപ്പിക്കപ്പെട്ടു. ഗുണ്ടർട്ട് കേരളോൽപത്തി സാമൂതിരിയെ മുഖ്യമായും, പോർളാതിരി, കോട്ടയം രാജ, കുറുമ്പ്രനാട് തുടങ്ങിയ നാട്ടുകോയ്മകളേയും, പയ്യോർമല പോലുള്ള ദേശവാഴികളേയും സാമന്തരായി പ്രൗഢിയോടെയും അവതരിപ്പിക്കുന്നുണ്ട്. ബ്രാഹ്മണർക്കിടയിൽ ആര്യ ബ്രാഹ്മണരുടെ മേല്ക്കോയ്മയെ സ്ഥാപിച്ചെടുക്കാനും പല കർമ്മങ്ങളിലായി വിതരണം ചെയ്യപ്പെട്ട നമ്പൂതിരി ബ്രാഹ്മണ സമുദായത്തിന്റെ ജാതീയമായ മേലായ്മ സമൂഹത്തിനകത്ത് സ്ഥിരതയോടെ സ്ഥാപിച്ച് നിർത്തുന്നതിനുള്ള പ്രമാണമായും കേരളോൽപത്തി മാറിയിരുന്നു. അത്തരത്തിൽ ബ്രാഹ്മണരുടേയും, നാട്-ദേശ കോയ്മകളുടേയും പൈതൃകം ഇതിഹാസ പുരാണ പാരമ്പര്യങ്ങളി

CC-0. In Public Domain. Digitization by eGangotri

ലൂന്നി പരശുരാമ-ചേരപെരുമാൾ കഥകളെ അവലംബിച്ച് പറയുന്ന ചരിതാഖ്യാനമായാണ് പൂർവ്വകൊളോണിയൽ സമൂഹത്തിൽ കേരളോൽപത്തി നിലനിന്നിട്ടുണ്ടാകുക.

കണ്ണാളോൽപത്തിയിലെ കേരളോൽപത്തി

കണ്ണാളരുടെ (ആശാരി, മൂശാരി, തട്ടാൻ, കരുമാൻ) ജന്മോൽപത്തി ചരിതം പറയുന്ന ഒരു പ്രമാണമാണ് കണ്ണാളോ (*കേരളോ*)ൽപത്തി എന്ന് പേരു നൽകി പ്രസിദ്ധീകരിക്കുന്ന ഈ കൃതി. 56-താളിയോലകളിലായി ഇരുപുറവും പറഞ്ഞുപോകുന്ന ഈ പ്രമാണത്തിൽ ആദ്യത്തെ 19 ഓലകളിൽ കേരളമാഹാത്മ്യത്തിൽ സവിസ്തരവും, കേരളോൽപത്തികളിൽ സംഗ്രഹരൂപേണയും പരാമർശിച്ച പരശുരാമന്റെ കേരളഭൂമി സൃഷ്ടിയുടെ കഥകളാണ്. ലഭ്യമായ മറ്റു കേരളോൽപത്തികളിൽ പറയും പ്രകാരമല്ല പരശുരാമൻ കേരളഭൂമിയെ സൃഷ്ടിച്ച കഥാഭാഗം കണ്ണാളോ(കേരളോ)ൽപത്തിയിൽ പറയുന്നത്. നിലവിലെ കേരളോൽപത്തികളിൽ കേരള ഭൂമിയുണ്ടാക്കാനിടയായ കഥാഭാഗം സംഗ്രഹിച്ചാണ് പറഞ്ഞിരിക്കുന്നത്. "കൃത ത്രേതാ ദ്വാപര കലി എന്നിങ്ങനെ നാലുയുഗത്തിലും അനേകം രാജാക്കന്മാർ ഭൂമി വഴിപോലെ വാണു രക്ഷിച്ചതിനുശേഷം ക്ഷത്രിയ കുലത്തിങ്കൽ ദുഷ്ടരാജാക്കന്മാരുണ്ടായവരെ മുടിച്ച് കളവാനായിക്കൊണ്ട് ശ്രീ പരശുരാമൻ അവതരിച്ചു. എങ്കിലൊ പണ്ട് ശ്രീ പരശുരാമൻ ഇരുപത്തൊന്ന് വട്ടം മുടിക്ഷത്രിയരെ കൊന്ന ശേഷം വീരഹത്യാ ദോഷം പൊക്കെണം എന്ന് കൽപിച്ചു. കർമ്മം ചെയ്യാൻ തക്കവണ്ണം ഗോകർണ്ണം പുക്കു കന്മലയിൽ ഇരുന്നു വരുണനെ സേവിച്ച് തപസു ചെയ്തു വാരാനിധിയെ നീക്കം ചെയ്തു ഭൂമി സേവിയെ വന്ദിച്ചു, നൂറ്ററുപതു കാതം ഭൂമിയുണ്ടാക്കി, മലയാള ഭൂമിക്ക് രക്ഷവേണം എന്നു കൽപിച്ചു." സംസ്കൃത കൃതിയായ കേരള മാഹാത്മ്യത്തിലാണ് കേരളം എന്ന ഭൂവിഭാഗം ജമദഗ്നി മഹർഷിയുടേയും രേണുകയുടേയും പുത്രനായ പരശുരാമൻ സൃഷ്ടിക്കാനിടയാക്കിയ കഥാസന്ദർഭം സവിസ്തരം വിവരിക്കുന്നത്. പരശുരാമ കഥയുടെ സംഗ്രഹം മാത്രമാണ് കേരളോൽപത്തികളിൽ ചുരുങ്ങിയ വാക്കുകളിൽ കൊടുത്തിരിക്കുന്നത്. കേരളമാഹാത്മ്യം ബ്രാഹ്മണർ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത് അഭിവൃദ്ധിക്കിടയാക്കുമെന്നും പഠിക്കാനോ പഠിപ്പിക്കാനോ കഴിയാത്തവർ പ്രമാണഗ്രന്ഥം ഗൃഹങ്ങളിൽ സൂക്ഷിച്ചാലും അഭിവൃദ്ധി ലഭിക്കും എന്ന വിശ്വാസം

CC-0. In Public Domain. Digitization by eGangotri

പരത്താനും കേരളമാഹാത്മ്യത്തിലെ അവസാനത്തെ നൂറാമധ്യായത്തിന്റെ ഒടുക്കം പരാമർശ്ശിക്കുന്നുണ്ട് (രാജീവ് 2012: 368). ഈ വിശ്വാസമാകാം മിക്ക ബ്രാഹ്മണ- അബ്രാഹ്മണ സവർണ്ണ ഗേഹങ്ങളിലും കേരളമാഹാത്മ്യമോ, അതിന്റെ കാഥാംശമുൾക്കൊള്ളുന്ന മലയാളത്തിലുള്ള കേരളോൽപത്തിയോ സൂക്ഷിച്ചിരുന്നതിന്റെ കാരണം.

പരശുരാമന്റെ പിതാവായ ജമദഗ്നിയെ കാർത്തവീര്യാർജ്ജുനൻ വധിക്കുന്നതും അതിനു പ്രതികാരമായി ക്ഷത്രിയകുലം മുടിക്കനായി ഇരുപത്തിയൊന്നുവട്ടം ക്ഷത്രിയ കുലം മുടിക്കുന്നതും തന്മൂലം തനിക്ക് വന്നുഭവിച്ച പാപം നീക്കാനായി പരിഹാരമായി ഭൂമി ഉണ്ടാക്കി ബ്രാഹ്മണർക്ക് ദാനം ലഭിക്കുന്നതുമായ ദീർഘമായ കഥകളാണ് കേരളമാഹത്മ്യത്തിൽ വിവരിക്കുന്നത്. ഈ കഥ ബ്രാഹ്മണർക്കും അവരോട് ചേർന്ന് നിന്ന ക്ഷേത്രസമൂഹത്തിനും, അധികാര വർഗ്ഗ സമൂഹങ്ങൾക്കും പരിചിതമായിരിക്കണം. പൂർവ്വകൊളോണിയൽ സാമൂഹ്യ പരിസരങ്ങളിൽ വാമൊഴിയായും വരമൊഴിയായുമൊക്കെ ഈ കഥകൾ പ്രചാരത്തിൽ ഉണ്ടായിരുന്നിരിക്കണം. അതുകൊണ്ടാകും ബ്രാഹ്മണരും അധികാരവർഗ്ഗങ്ങൾക്കും യഥാക്രമം അവരുടെ ആചാരപരവും രാഷ്ട്രീയപരവുമായ അധീശത്വത്തെ നിലനിർത്തുന്നതിനായി നിർമ്മിക്കപ്പെട്ട കേരളോൽപത്തികളിൽ കേരളഭൂമിയുടെ സൃഷ്ടികഥ ചുരുക്കിപ്പറഞ്ഞത്.

ഉദാഹരണത്തിന് ജമദഗ്നിയുടെ ആശ്രമത്തിൽ ദിവസേന നടക്കുന്ന അഗ്നിഹോത്രത്തിനായി വെള്ളം കൊണ്ടുവരാൻ രേണുക കുടവുമായി നദിയിൽ വെള്ളമെടുക്കാൻ പോയപ്പോൾ ആകാശമാർഗ്ഗം സഞ്ചരിക്കുകയായിരുന്ന കാർത്തവിര്യാർജ്ജുനന്റെ നിഴൽ നദിയിൽ കാണുന്നതും, ആദിത്യം ബിംബം പോലെ ശോഭിച്ചതും അതുകണ്ടു ഇത്ര തേജസ്സുള്ള പുരുഷന്മാർ ജഗത്തിലുണ്ടോ എന്ന് ചിന്തിച്ചു നിന്നപ്പോൾ കുടം കാണാതാകുന്നതും, അതോടെ പരിഭ്രമത്തോടെ കുടമില്ലാതെ ആശ്രമത്തിൽ എത്തിയ രേണുകയെ കണ്ടപ്പോൾ കോപിഷ്ടനായ ജമദഗ്നി നീ ആരോടൊത്ത് രമിക്കാനായി പോയി വ്യഭിചാരിണിയെന്ന് രേണുകയെ അധിക്ഷേപിച്ച് ജലം കൈയ്യിലെടുത്ത് ശപിക്കാനോങ്ങുമ്പോൾ നാരദൻ പ്രത്യക്ഷപ്പെട്ട് ജമദഗ്നിയെ തടയുന്നതും, രേണുകയെ കൊല്ലാൻ പരശുരാമനോട് പറയാൻ നാരദൻ നിർദ്ദേശിക്കുന്നതും, ജമദഗ്നിയുടെ

CC-0. In Public Domain. Digitization by eGangotri

വാക്ക് കേട്ട് പരശുരാമൻ അമ്മയായ രേണുകയെ കൊല്ലുന്നതും, ഇതിൽ സന്തോഷവാനായ അച്ഛനോട് തന്റെ അമ്മയെ ജീവിപ്പിക്കാനുള്ള വരം വാങ്ങുന്നതുമായ കഥകളാണ് കേരള മാഹാത്മ്യത്തിൽ ഉള്ളത്. ബ്രാഹ്മണ സാമൂഹ്യ പരിസരങ്ങളിൽ പ്രചരിച്ചിരുന്ന സംസ്കൃതത്തിലുള്ള ഈ കഥകൾ സംസ്കൃതം വശമില്ലാതിരുന്ന അബ്രാഹ്മണ സമൂഹത്തിൽ മറ്റൊരു പ്രകാരത്തിലാണ് പ്രചരിച്ചിരുന്നതെന്ന് കരുതാൻ കണ്ണാളോ(കേരളോ)ൽപത്തിയിലെ ഈ ഭാഗം പറയുന്ന കഥാസന്ദർഭങ്ങൾ പ്രേരിപ്പിക്കുന്നുണ്ട്. ഒരുപക്ഷേ കേരളമാഹാത്മ്യത്തിൽ പറഞ്ഞ പരശുരാമ കഥ അവർണ്ണ സമൂഹത്തിന് അത്ര പരിചിതമായിരിക്കണമെന്നില്ല. അതുകൊണ്ടാകാം പ്രധാന കഥാതന്തുവിൽ നിന്ന് അധികം വഴുക്കി മാറാതെ സാധാരണക്കാരുടെ ജീവിതപരിസരങ്ങളുമായി ചേർത്തു വെച്ച് ചില കഥാസന്ദർഭങ്ങൾ കണ്ണാളോ(കേരളോ)ൽപത്തിയിൽ പറഞ്ഞുപോയത്.

"ഹരിശ്രീഗണപതയെ നമ: അവിഘ്നമസ്തു ശ്രീഗുരുഭ്യൊ നമ: കൃത ത്രെത ദ്വാപര കലിയെന്നിങ്ങനെ ചതൃയുഗത്തിൽ തെത്രയുഗത്തിങ്കൽ ജമദഗ്നിയെ (ന്ന) മഹർഷിക്കു മുന്നുപുത്രന്മാരുണ്ടായി അങ്ങനെ ഇരിക്കുന്ന കാലത്തിങ്കൽ ഒരു നാളിലൊരു ദിവസം ജമദഗ്നിവനവാസത്തിങ്കൽ നടന്ന സഞ്ചരിപ്പാൻ പൊയ നെരം രെണുക നീര കൊണ്ടുവരുവാന കവണ്ണംനദിയിങ്കൽച്ചെന്ന നെരത്ത കാർത്തവീര്യാർജ്ജുനനും ന പ്ര (108) ഭാര്യമാരും കുടി നദിയിൽ കിടന്നു കളിച്ച വിളയാടുന്നെരത്ത അതു കണ്ടു ഭ്രമിച്ചു നിന്നുപൊയി രെണുക അങ്ങിനെ ജമദഗ്നി ആശ്രമത്തിങ്കൽ വന്നപ്പൊൾ രെണുകയെ കണ്ടിലാ ഉണ്ണി അമ്മയെങ്ങൊട്ടു പൊയിയെന്നുചൊദിച്ചു ജമദഗ്നി അമ്മ ജലം കൊരുവാൻ പൊയക്കിടക്കുന്നു അങ്ങിനെയിരിക്കുന്നപ്പൊഴെക്ക രെണുകയും വന്നു നിയെന്ത ഇത്ര വൈകുവാനെന്നു ചൊദിച്ച ജമദഗ്നി കാർത്തവീര്യാർജ്ജുനനും ഭാര്യമാരും കുടി വന്ന നദി കലക്കി അതുകൊണ്ട കലങ്ങിയ ജലം തെളിവാൻ പാർത്തു പൊയിയെന്നു പറഞ്ഞു രെണുക എന്നപ്പൊൾ കല്പിച്ചു ജമദഗ്നി നിനക്ക അധപ്പതനമുണ്ട് അതുകൊണ്ട് നിന്നെ നിഗ്രഹിക്കണമെന്നു കല്പിച്ചു വാളെടുത്ത മുത്തമകൻ കയ്യിൽകൊടുത്തു ജമദഗ്നി ഉണ്ണി നിയ്യ അമ്മയെ നിഗ്രഹിക്കണം എന്നപ്പൊൾ പറഞ്ഞു മുത്തമകൻ ഞാൻ അമ്മയെ നിഗ്രഹിക്കയില്ലയെന്നു പറഞ്ഞു എന്നപ്പൊൾ രണ്ടാമത്തെ മകനൊട പറഞ്ഞു ഉണ്ണി നിയ്യ അമ്മയെ നിഗ്രഹിക്കെണമെന്നു പറഞ്ഞു ഞാൻ

CC-0. In Public Domain. Digitization by eGangotri

മാതാവിനെ നിഗ്രഹിക്കയില്ലയെന്നു പറഞ്ഞുമുന്നാമത്തെ മകനെ വിളിച്ചു ഉണ്ണി നിയ്യ അമ്മയെ നിഗ്രഹിക്കെണംയെന്നു പറഞ്ഞു വാളെടുത്തു കൊടുത്തു ജമദഗ്നി എന്നപ്പോൾ അച്ഛൻ'' (പറഞ്ഞ) തിനെ നകെൾപ്പാൻ കുററമില്ലയെന്നു പറഞ്ഞു പർശു(രാമൻ) വാളെ ടുത്തിളക്കി മാതാവിനെ നിഗ്രഹിച്ചു മാതാവ മരിച്ച അങ്ങൊട്ടും വീണു മകൻ മൊഹിച്ചയിങ്ങൊട്ടും വീണുയെന്ന നെരത്തു ജമദഗ്നി ചെന്നു കഞ്ഞിവെച്ചുപകർന്നു മകനെ വിളിച്ചു ഉണ്ണി നിയ്യ കഞ്ഞി ടിച്ചു കൊയെന്നു പറഞ്ഞ നെരത്തു അമ്മയെഴുനിററിരുന്നു കഞ്ഞി പകർന്നു തന്നാൽ ഞാൻ കഞ്ഞി കുടിക്കയും ചെയ്യാം അതല്ലായ് കിൽ ഞാൻ കഞ്ഞി കുടിക്കയില്ലയെന്നു പരശുരാമൻ എന്നപ്പൊൾ കല്പിച്ചു ജമദഗ്നി ഉണ്ണി നിയ്യ ചെന്ന അമ്മയുടെ ഉടലൊടു തലചെർത്തുവെച്ച അമ്മെയെന്നു ഉരുട്ടിവിളിക്ക എന്ന കല്പിച്ചു ജമദഗ്നി എന്നപ്പൊൾ പരശുരാമൻ ചെന്നു രെണുകയുടെ തലയെ ടുത്ത ഒടെലൊടു ചെർത്തുവെച്ച അമ്മെ അമ്മെയെന്ന മുന്നുരു ഉരുട്ടി വിളിച്ചപ്പൊൾ എഴുന്നിററിരുന്നു രെണുക അങ്ങിനെ അമ്മ വന്ന കഞ്ഞിപകർന്നു കൊടുത്തപ്പൊൾ കഞ്ഞി കുടിച്ചു പരശുരാമൻ.'' കാർത്തവിര്യാർജ്ജുനനും നൂറ്റെട്ട് ഭാര്യമാരും കുളിച്ചുകൊണ്ടിരിക്കുന്ന നദി കലങ്ങിയെന്നും അത് തെളിയാൻ കാത്തു നിന്നു എന്നതും, അമ്മയെ കൊന്ന ശേഷം പരശുരാമൻ മോഹാലസ്യപ്പെട്ട് വീഴുന്നതും, ശേഷം ജമദഗ്നി വെച്ചുകൊടുത്ത കഞ്ഞി അമ്മ തന്നെ കുടിക്കണമെന്ന് വാശിയിൽ നിന്ന പരശുരാമ നോട് അമ്മയെ ഉരുട്ടിവിളിക്കാൻ പറയുന്നതും, രേണുക എണീറ്റ് കഞ്ഞികൊടുക്കുന്നതുമായ കഥാസന്ദർഭങ്ങൾ ബ്രാഹ്മണരിലെ ദൈവിക ശക്തിയേയും അബ്രാഹ്മണരുടെ ജീവിതപരിസരത്തേയും ഒരേപോലെ അടയാളപ്പെടുത്തുന്നുണ്ട്. ഈ വിവരണം ലഭ്യമായ കേരളോൽപത്തികളിൽ കാണുന്നില്ല.

കേരളോൽപത്തികൾ പ്രധാനമായും രചിക്കപെട്ടത് നാടു വാഴികൾക്ക് നാടിനും നാട്ടാർക്കും മേൽ അധീശത്വം നേടുന്നതിനും ബ്രാഹ്മണർക്ക് ഭരണകൂടത്തിനുമേൽ ആചാരാധികാരം നിലനിർ ത്തുന്നതിനുമായിരുന്നു. എന്നാൽ കണ്ണാളരുടെ മൂലോൽപത്തി പറയുന്ന ഈ കൃതി കേരളോൽപത്തി കഥകളിലൂടെ ചേരമാൻ പെരുമാളിൽ നിന്നും അവകാശം ചോദിച്ചുവാങ്ങിയ കണ്ണാളരുടെ പൈതൃകത്തെയും കണ്ണാളരുടെ ഇടയിലെ ജാതിശ്രേണിയെയും രാഷ്ട്രീയപരമായും ആചാരപരമായും സമൂഹത്തിൽ നിലനിന്നി രുന്ന പ്രധാന ചരിത്രമെഴുത്ത് പാരമ്പര്യത്തിലൂടെ തന്നെ

CC-0. In Public Domain. Digitization by eGangotri

അംഗീകരിപ്പിച്ചെടുക്കാനായി നിർമ്മിച്ച ചരിതമാണ്. ചരിത്രം എഴുത്തിന് കൃത്യമായ ഉദ്ദേശം ഇന്നത്തെപ്പോലെ പൂർവ്വകൊളോണിയൽ കാലത്തും ഉണ്ടായിരുന്നു എന്ന് ചുരുക്കം.

കേരളത്തിൽ നിന്ന് ലഭിച്ച മറ്റ് കേരളോൽപത്തികളിൽ നിന്ന് വിഭിന്നമായി കേരളം സൃഷ്ടിക്കുന്ന രീതിയിലും ഈ കൃതിയിൽ മാറ്റമുണ്ട്.പരശുരാമൻ മുറമെറിഞ്ഞ് സമുദ്രത്തിൽ നിന്നും കന്യാകുമാരി മുതൽ ഗോകർണ്ണം വരെ സമുദ്രത്തെ നീക്കി കരയാക്കി അവിടെ ആറു മാസക്കാലം വേനലും ആറുമാസക്കാലം വരിഷവും എന്ന് നിശ്ചയിച്ച് അന്നവും മറ്റു പദാർത്ഥങ്ങളും ഫലമൂലാദി കായവൃക്ഷങ്ങളും പുഷ്പവും സൃഷ്ടിച്ച ശേഷം ബ്രാഹ്മണരെ കൊണ്ടുവന്ന് ആ ഭൂമി അവർക്കായി ദാനം ചെയ്തു എന്നാണ് ഈ കൃതിയിലുള്ളത്. മാതാവിനെ വധിച്ചതുകൊണ്ട് ബ്രഹ്മഹസ്തിയുണ്ടായ പരശുരാമൻ പാപമുക്തിക്കായി ഭൂമി പ്രദക്ഷിണം ചെയ്യാൻ പൊയെന്നും, ആ നേരത്ത് ആശ്രമത്തിൽ വന്ന കാർത്തവീര്യാർജ്ജുനൻ ജമദഗ്നിയെ വധിക്കുന്നതും ആ നേരത്ത് തിരിച്ചെത്തിയ പരശുരാമൻ പിതാവിനു ചിതയൊരുക്കി അമ്മക്ക് അഗ്നിത്യാഗം ചെയ്യാനുള്ള ചിതയുമൊരുക്കി കഴിഞ്ഞ്, ഇനി പിതൃക്രിയ ക്ഷത്രിയരെ കൊന്നൊടുക്കിയ ശേഷം എന്ന് പറഞ്ഞ് ഇരുപത്തൊന്നുവട്ടം ക്ഷത്രിയരെ മുടിക്കുന്നു അതിന്റെ പാപ പരിഹാരത്തിനായി മുറമെറിഞ്ഞ് സമുദ്രത്തിൽ നിന്ന് ഭൂമിയുണ്ടാക്കി ബ്രാഹ്മണർക്ക് ദാനം ചെയ്തു എന്നാണ് കണ്ണാളോ(കേരളോ)ൽപത്തിൽ പറയുന്നത്. എന്നാൽ ഈ രീതിയിലുള്ള കഥാഭാഗം കേരളോൽപത്തികളിൽ ഇല്ല. കേരളമാഹാത്മ്യത്തിൽ ഇതേ പ്രകാരത്തിൽ അല്ലാതെ ഉണ്ടുതാനും. അത് പ്രകാരം അമ്മയെ പുനർജ്ജിവിപ്പിച്ച ശേഷം ബ്രഹ്മഹസ്തി പരശുരാമനിൽ ആരോപിക്കുന്നില്ല. പിന്നീട് മുനിമാരുടെ നിർദ്ദേശപ്രകാരം കാർത്തവീര്യാർജ്ജുനനെയും മറ്റ് ദുഷ്ടരായ രാജാക്കന്മാരെയും വധിച്ച് തിരിച്ചെത്തിയ പരശുരാമൻ പിന്നീട് തന്റെ സകലതും ബ്രാഹ്മണർക്ക് ഷോഡശം എന്ന് പേരുള്ള മഹാദാനം ചെയ്യുന്നു, ദാനാദികൾ നൽകിയ ശേഷം ഇനി എന്താണ് മുനിവര്യരെ നിങ്ങൾക്ക് ചെയ്യേണ്ടത് എന്ന് ചോദിച്ച പരശുരാമനോട് ഞങ്ങൾക്ക് ദാനമായി തന്ന ഭൂമിയിൽ അങ്ങ് ഇനി വസിക്കരുതെന്നും സമുദ്രത്തിലെവിടെയെങ്കിലും പോയ്ക്കൊള്ളുക എന്നും മഹാ തേജസ്വിയായ വിശ്വാമിത്രൻ പറഞ്ഞു. (കേരളമാഹാത്മ്യം 4-6 അധ്യായങ്ങൾ). അങ്ങിനെ രാജ്യം പോയ പരശുരാമൻ ശിവന്റെ നിർദ്ദേശാനുസരണം സമുദ്രത്തോട് (വരുണനോട്) തന്റെ സങ്കടം

CC-0. In Public Domain. Digitization by eGangotri

പറയുന്നു. ദാനം നൽകി ഭൂമി നഷ്ടപ്പെട്ട് പുറത്താക്കപ്പെട്ട തനിക്ക് ഭൂമി നൽകിയാലും എന്ന് അപേക്ഷിക്കുന്നു. വലതുകൈയ്യിലുള്ള മഴു സമുദ്രത്തിലേക്ക് എറിയാൻ പരശുരാമനോട് സമുദ്രം പറയുന്നു; ''വാമേതരേണ ഹസ്തേന പരശു: പ്രേഷ്യതാം മയി സപ്തേച്ചകിയ ദ്ദൂരം താവത്വം പാലയ ക്ഷമാം'' (വലത്തേ കൈകൊണ്ട് മഴു എന്നിലേക്ക് എറിയുക. അത് എത്ര ദൂരം ചെന്ന് പതിക്കുന്നുവോ അത്ര ദൂരം ഭൂമിയെ അങ്ങ് പാലിച്ചുകൊള്ളുക- അധ്യായ 8 ശ്ലോകം 5) അങ്ങിനെ മഴു ഗ്ഗോകർണ്ണത്ത് ചെന്ന് വീഴുന്നു. സമുദ്രം മാറി ഭൂമിയായതുകൊണ്ട് കേരളം എന്ന പേരു നൽകാം എന്ന് നിശ്ചയി ക്കുന്നു (അധ്യായം 9-ശ്ലോകം 7).

മറ്റു കേരളോൽപത്തി കഥകളിൽ മുപ്പത്തിരണ്ട് ബ്രാഹ്മണ ഗ്രാമങ്ങളെ കൊണ്ടുവന്ന് ഭൂമി ദാനമായി നൽകിയ കഥയാണുള്ളത്. കേരളത്തിന്റെ ഇടനാട് പ്രദേശത്തെ നദീതടങ്ങളിൽ വളർന്നുവന്ന ഈ ഗ്രാമങ്ങളാണ് പൂർവ്വകൊളോണിയൽ കേരള സമ്പദ്ഘടന യേയും സംസ്കൃതിയേയും രൂപപ്പെടുത്തിയത് എന്ന വാദമാണ് നിലവിൽ പ്രാമാണ്യത്തോടെ അക്കാദമിക-പൊതുമണ്ഡലങ്ങളിൽ മുഴച്ചു നിൽക്കുന്നത്. കാർഷിക മേഖലയിലുള്ള കേരളത്തിന്റെ ചരിത്രം ആരംഭിക്കുന്നത് ബ്രാഹ്മണാധിവാസ കേന്ദ്രങ്ങളുടേയും ക്ഷേത്രസമൂഹത്തിന്റെ വളർച്ചയോടെയുമാണെന്ന പ്രധാന ചരിത്ര വാദത്തിന്റെ ആധാരവും ബ്രാഹ്മണഗ്രാമങ്ങളുടെ വിതരണവും അതിനെക്കുറിച്ചുള്ള കേരളോൽപത്തി പരാമർശവുമാണ്. പലപ്പോഴും അത്തരം ചരിത്ര വ്യാഖാനങ്ങൾ കാണുമ്പോൾ ഒരു സംശയം സ്വാഭാവികമായും ഉണ്ടായേക്കാം; ഭൂദാനത്തിനു മുമ്പ് ഈ പ്രദേശമൊക്കെ കാർഷികവൃത്തിയില്ലാത്ത തരിശായിരുന്നോ? അങ്ങിനെ ആയിരുന്നില്ല എന്ന് ചരിത്രപരമായി തന്നെ ഇരുമ്പു യുഗ-ചരിത്രാരംഭ കാല പുരാവസ്തു-സാഹിത്യ കൃതികളുടേയും ലിഖിത-നാണയ തെളിവുകളുടേയും പിൻബലത്തിൽ ഇന്ന് പഠിക്കപ്പെട്ടിട്ടുണ്ട്. (മാധവൻ 2012, നായർ 2020: 45-125). എന്നാൽ ഇവിടെ പരാമർശിക്കുന്ന കേരളോൽപത്തി കഥകളിൽ പരശു രാമൻ ഭൂമി ഉണ്ടാക്കി കാലാവസ്ഥ രീതികളും അവിടെ വിഭവ ലഭ്യതയും ഉൽപാദനവും ഉറപ്പാക്കിയ ശേഷമാണ് ദാനം ചെയ്തി രിക്കുന്നത്. ഫലമൂലാദികൾ സൃഷ്ടിച്ച് ആ ഭൂമിയിലേക്ക് അറുപത്തിനാലു ബ്രാഹ്മണഗ്രാമക്കാരെ ക്ഷണിക്കുന്നു. ഈ ഭാഗത്തിനു സമാനമായ ഒരു വിവരണം കൃഷിഗീത എന്ന പൂർവ്വ കൊളോണിയൽ കാർഷിക-പരിസ്ഥിതി വിജ്ഞാന പ്രമാണത്തിലും

CC-0. In Public Domain. Digitization by eGangotri

കാണാം (രാജഗോപലൻ, ടി.ടി. ശ്രീകുമാർ, വിജയകുമാരമേനോൻ 2013: 39-41). കെട്ടുകഥയാണെങ്കിലും ചില യുക്തികൾ കോർത്തിണക്കാൻ കണ്ണാളരുടെ മൂലോൽപത്തി കഥമെനെഞ്ഞയാൾ നടത്തിയെന്നത് ശ്രദ്ധേയമാണ്. ബ്രാഹ്മണർക്ക് നൽകിയ ഭൂമികൾ ഉൽപാദനം നടന്നുകൊണ്ടിരുന്നതും വിഭവ ശേഷിയുള്ളതുമായിരുന്നു എന്ന് ചുരുക്കം.

ബ്രാഹ്മണരിൽ പതിനെട്ട് ഗ്രാമക്കാർ വന്ന് തൃശ്ശൂർ വടക്കുന്നാഥന്റെ ഭൂമിയിൽ പാർക്കുന്നു. പിന്നീട് ആ ഭൂമി ഭരിപ്പാനായി പരശുരാമൻ ഈഴപ്പെരുമാളെ കൊണ്ടുവരുന്നു. പിന്നെ ദ്വാപരയുഗത്തിൽ ചോളപെരുമാളെ കൊണ്ടുവരുന്നു. തുടർന്ന് പാണ്ടിപെരുമാൾ അത് കഴിഞ്ഞ് ചേരമാൻ പെരുമാൾ വരുന്നു. ആ കാലത്ത് വടക്കുന്നാഥന്റെ പുത്രനായ ശങ്കരാചാര്യർ സർവ്വജ്ഞ പീഠം കേറുന്നു. മലയാളനാടിന് ശുദ്ധാശുദ്ധ 'അനാചാര' വിധികൾ കൽപിക്കുന്നു. ഈ ഭാഗം പറയുന്ന താളിയോല ഭാഗം പ്രസക്തമാണെന്ന് തോന്നിയതിനാൽ ചുവടെ ചേർക്കുന്നു.

> "ചെരമാം പെരുമാളരാജ്യം വാണു പെണ്ണും പിള്ളയും പശുവും ബ്രാഹ്മണരെയും രക്ഷിച്ചിരിക്കും കാലത്ത തൃശ്ശൂര വടക്കുംനാഥന്റെ പുത്രനായിട്ട ശങ്കരാചാര്യരയെന്നൊരു ബ്രാഹ്മണനുണ്ടായി അങ്ങിനെ ആ ബ്രാഹ്മണന്നെ അറുപത്തുനാലുകുലവിദ്യയും ഗ്രഹിച്ച സർവ്വജ്ഞ പീഠമെറി അങ്ങിനെ ശങ്കരാചാര്യര ബ്രഹ്മത്തിങ്കന്ന കല്പിച്ചിരിക്കുന്നത എഴുപത്തുരണ്ടു കുലവംശത്തിനും അറുപത്തുനാലു അനാചാരം അന്നു തുടങ്ങിയത തിണ്ടിക്കുളിച്ചും തൊട്ടുകുളിയും അതിരും പറമ്പും കിണറും കുളവും പന്തിയും പന്തലും അടക്കവുമാചാരവും നീതിയും നിലയും അടുക്കളശുദ്ധവും ജാതിഭെദവും യതാക്രമങ്ങൾ വെച്ചിരിക്കുന്നു ശങ്കരാചാര്യര" (ഓല 18,19).

മറ്റ് കേരളോൽപത്തികളിൽ നിന്ന് വിഭിന്നമായി ശങ്കരാചാര്യർ അറുപത്തിനാല് 'അനാചാരങ്ങൾ' എന്നാണ് ഈ രേഖയിൽ പരാമർശിച്ചിരിക്കുന്നത്. തീണ്ടലും തൊട്ടുകൂടായ്മയും അനുഭവിക്കേണ്ടിവന്നിരുന്ന ഒരു ജനവിഭാഗത്തെ പ്രതിനിധാനം ചെയ്യുന്ന ചരിതമായതിനാലാകും ഇങ്ങിനെ എഴുതിയതെന്ന് കരുതാവുന്നതാണ്. ഈഴവരും, ഈഴവ, വാരിയ, കരുമാൻ (കണ്ണാളർ)

CC-0. In Public Domain. Digitization by eGangotri

കൂട്ടുകെട്ടിൽ പിറന്ന കരുമന കണ്ണാളരും, പതിനാലു വർണ്ണക്കാരായ കണ്ണാളരും തമ്മിലുള്ള തീണ്ടൽ-തൊട്ടുകൂടായ്മയ്ക്ക് തീർപ്പുകൽപിക്കാനായി ചേരമാൻ പെരുമാൾ മൂലോൽപത്തി ചികയുന്ന കാര്യമാണ് ഈ ചരിതത്തിന്റെ മൂലം എന്നതിനാൽ 'അനാചാരം' എന്നെഴുതിയത് മനപൂർവ്വമാകാനെ തരമുള്ളു. ഗുണ്ടർട്ട് കേരളോൽപത്തിയിൽ ശങ്കരാചാര്യരുടെ കുലക്രമം പറയുന്ന ഭാഗം ഇങ്ങിനെയാണ്; 'അറുപത്തിനാലു ഗ്രാമത്തെയും വരുത്തി അടുക്കും ആചാരവും നീതിയും നിലയും, കുലഭേദങ്ങളും, മര്യാദയും യഥാക്രമവും എച്ചിലും വീഴ്പും തീണ്ടലും കുളിയും കുഴി വരഞ്ഞ് നീർക്കോരുവാനും കലവരഞ്ഞ് വെച്ചുണ്മാനും അവരവർക്ക് ഓരോ പ്രവൃത്തികളും ആചാരങ്ങളും ഭാഷകളും അതാത് കുലത്തിനു തക്കവണ്ണം കൽപിക്കയും ചെയ്തു'. (1868: 55) ഇതിൽ കണ്ണാളോ(കേരളോ)ൽപത്തിയിൽ പറയുന്ന ഭാഗം ശങ്കരാചാര്യരുടെ കുലക്രമത്തിനെ അബ്രാഹ്മണ സമൂഹം ഉൾക്കൊണ്ടതിനേയും ഗുണ്ടർട്ട് കേരളോൽപത്തി വാക്യം ബ്രാഹ്മണബോധത്തിൽ ഉള്ളതുമാണെന്ന് തോന്നിപ്പോകും. ഇത്രയും ഭാഗങ്ങളാണ് ആദ്യത്തെ പത്തൊൻപത് ഓലകളിൽ പറയുന്നത്.

ചേരമാൻ പെരുമാളിലേക്ക് കേന്ദ്രീകരിച്ചാണ് ബാക്കി ഭാഗം പറഞ്ഞുപോകുന്നത്. പെരുമാൾ രാജ്യം ഭരിക്കുന്നു എന്നല്ലാതെ മറ്റ് കേരളോൽപത്തികളിൽ പറയുന്ന പ്രകാരം ചേരഭരണകാലത്തെ കുറിച്ചോ, പെരുമാൾ മക്കത്തുപോയ കാര്യമോ, രാജ്യം പകുത്ത കാര്യമോ, നാടുവാഴികളെക്കുറിച്ചോ ഇതിൽ പരാമർശമില്ല. പത്തൊൻപതാമത്തെ ഓല വരെ കേരളോൽപത്തി, കേരളമാഹാത്മ്യ പാരമ്പര്യത്തിലുള്ള കഥകളെ അവലംബിച്ച് കണ്ണാളരുടെ സമൂഹ്യ പരിസരത്തെക്കൂടി പരിഗണിച്ച് മൂലോൽപത്തി പറയാനുള്ള പശ്ചാത്തലം പറയുന്നത്. പത്തൊൻപതാമത്തെ ഓലയുടെ രണ്ടാമത്തെ പുറം മുതൽ 56-മത്തെ ഓലവരെ കണ്ണാളോൽപത്തിയാണ്.

കേരളോൽപത്തിയിലെ കണ്ണാളോൽപത്തി

നിലവിലെ കേരളോൽപത്തികളിലൊന്നും പരാമർശിച്ചു കാണാത്ത കഥകളാണ് ഇനിയുള്ള ഭാഗത്ത് കാണാൻ കഴിയുക. പത്തൊൻപതാമത്തെ ഓലയുടെ രണ്ടാമത്തെ പുറം മുതൽ ചേരമാൻ പെരുമാളും കണ്ണാളരും തമ്മിലുള്ള വ്യവഹാരമാണ് പ്രതിപാതിക്കുന്നത്. കേരളോൽപത്തി കഥകളുടെ ചട്ടക്കൂടി

CC-0. In Public Domain. Digitization by eGangotri

നകത്ത് നിലയുറപ്പിച്ച് ചേരമാം പെരുമാളിന്റെ രാജ്യാധികാര ത്തേയും നാട്ടാചാരാധികാരത്തേയും മാനിച്ചും അതേ സമയം അവയോട് കലഹിച്ചും നിലകൊണ്ട പൂർവ്വകൊളോണിയൽ ജാതിശ്രേണിയുടെ ഏതൊക്കെയോ തലങ്ങളിലെ കീഴാളരുടെ സമൂഹ്യാവബോധത്തെ സപർശിക്കുന്നുണ്ട് ഈ ഭാഗം.

ശങ്കരാചാര്യരുടെ ശുദ്ധാശുദ്ധ സങ്കൽപങ്ങൾക്കകത്ത് നിന്ന് രാജ്യം ഭരിക്കുന്ന ചേരമാം പെരുമാളിന്റെ ഒലിയില അലക്കുന്ന വെളുത്തേടൻ ചീരാമനിൽ നിന്നാണു കണ്ണാളോൽപത്തി കഥ ആരംഭിക്കുന്നത്. തിരുമഞ്ചക്കുളത്ത് (തിരുവഞ്ചിക്കുളം ആകാം) ആശാരി ചങ്കരന്റെ (ശങ്കരന്റെ) മകൾ ചീരായി തീണ്ടാർന്ന് കുളിച്ച് പോരുമ്പോൾ (ആർത്തവാനന്തര കുളി) കല്ല് മലർത്തിയിട്ട് അലക്കുകയായിരുന്ന ചീരാമൻ എന്ന വെളുത്തേടനെ കാണുന്നു. ഇങ്ങിനെ കല്ല് മലർത്തിയിടാതെ കല്ലിന്റെ ഒരറ്റം പൊക്കി ഒരു അണക്കല്ല് വെച്ച് ഉയർത്തി അലക്കാനുള്ള വസ്ത്രത്തിന്റെ രണ്ട് തലയും പിടിച്ച് നടുക്കൊണ്ട് ഏറ്റി അലക്കിയാൽ തുണി നന്നായി വെളുക്കും എന്ന് ആശാരിപ്പെണ്ണ് വെളുത്തേടനോട് പറയുന്നു. അങ്ങിനെയലക്കി നന്നായി വെളുപ്പിച്ച തുണി ഉണക്കിയെടുത്ത് പെരുമാളിനു കൊടുത്തപ്പോൾ ഇത്രനാളും നീയല്ലെ അലക്കിയത് പിന്നെയിന്നെങ്ങിനെ ഇത്ര വെളുത്തത് എന്ന് ചേരമാൻ പെരുമാൾ ചോദിക്കുന്നു. ഇന്ന് അടിയത്തിനു അലക്കാൻ ഒരു പെണ്ണും പിള്ള സഹായിച്ചെന്നും ആ പെണ്ണും പിള്ളയെ അടിയത്തിന് പിടിച്ചു തരണമെന്ന് വെളുത്തേടൻ പെരുമാളോട് അഭ്യർത്ഥിക്കുന്നു, പെരുമാൾ സമ്മതിക്കുന്നു. ചീരാമാൻ പിറ്റേ ദിവസം ആശാരി പുരക്കൽ പതിയിരുന്ന് രാവിലെ മുറ്റമടിച്ചുകൊണ്ടിരുന്ന ആശാരി പ്പെണ്ണിനെ പിടിച്ചുകൊണ്ടുപോയി വെളുത്തേടന്റെ പുരയിൽ അടച്ചിടുന്നു. ഇതറിഞ്ഞ് സംഭ്രമപ്പെട്ട് ആശാരി ചങ്കരൻ പെരു മാളിനെ കണ്ട് ''അടിയത്തിന്റെ അടിക്കിടാവിനെ പിടിച്ചോണ്ട് പോയി വെളുത്തെടത്തെ കന്മള്'' (ഓല 22 പുറം 1)എന്ന് പറയുന്നു.[1]

---

1 കന്മൾ അഥവാ കമ്മൾ എന്ന് ബഹുമാനപുരസരമാണ് വെളുത്തേടനെ ആശാരി അഭിസംബോധന ചെയ്യുന്നത്. ജാതിസ്ഥാനത്തിൽ മുമ്പെ നിൽക്കുന്ന വരെ അഭിസംബോധന ചെയ്യാൻ പല വഴക്കങ്ങളും പ്രാദേശികമായി പൂർവ്വ കൊളോണിയൽ കേരളത്തിൽ നിലനിന്നിരുന്നു. ജാതിശ്രേണിയിൽ ആശാരി യേക്കാൾ സ്ഥാനവലുപ്പം വെളുത്തേടന് അഥവാ വെളുത്തേടത്ത് നായർക്ക് പൂർവ്വകൊളോണിയൽ സമൂഹത്തിലുണ്ടായിരുന്നു. ജാതി കുല സങ്കൽപങ്ങ ളേക്കാൾ പ്രാധാന്യം തൊഴിൽ നൈപുണിക്ക് നൽകിയതുകൊണ്ടല്ലെ

CC-0. In Public Domain. Digitization by eGangotri

പെണ്ണിനെ തിരികെ കിട്ടിയില്ലെങ്കിൽ തനിക്ക് കുലപ്പിഴ ഉണ്ടാകുമെന്ന് ആശാരി ചങ്കരൻ പെരുമാളോട് പറയുന്നു. ആയതിനാൽ തന്റെ പെണ്ണിനെ തിരികെ കൊണ്ടുവരാൻ ആളും ആയുധവും നൽകണ മെന്ന് അഭ്യർത്ഥിക്കുന്നു. എന്നാൽ നിങ്ങൾ രണ്ട് കൂട്ടർക്കും ആളിനെ അയക്കാൻ കഴിയില്ലെന്നും ഉണ്ടയും മരുന്നും നൽകാമെന്നും പടവെട്ടി ജയിച്ചുകൊള്ളാനും പെരുമാൾ പറയുന്നു. അങ്ങനെ ഒരു ഭാഗത്ത് ആശാരി, മൂശാലി, തട്ടാൻ, കരുമൻ, കൊല്ലക്കുറുപ്പ് തുടങ്ങിയ കണ്ണാളരും, മറുഭാഗത്ത് പുരാമണ്ണാൻ, മണ്ണുവൻ, വെമ്പാണൻ, വെങ്കുറവൻ, വെന്തച്ചൻ, വേലൻ, വേടുവൻ, പരിചപ്പെരികൊല്ലൻ കണിയാര്, പണിക്കര്, വെള്ളാട്ടൻ, വെളുത്തെടൻ, പൂഴിപുള്ളുവൻ ഇങ്ങിനെ പതിനാലു വർണ്ണക്കാരുമൊരുമിച്ചുനിന്നു. പന്തീരാണ്ട് കാലം പടവെട്ടി. പടയിൽ കണ്ണാളരു പതിനാലു വർണ്ണക്കാരായ വെളുത്തേടരോട് തോറ്റു. പട തോറ്റതിനാൽ ഇനി ഇവിടം വിട്ടു പോകുകയേ നിർവ്വഹമുള്ളു എന്ന് തീരുമാനിച്ച് 2744 കുടി കണ്ണാ ളരും ഒരുമിച്ച് പെണ്ണും പിള്ളയുമായി പായകെട്ടി ചേരമാൻ നാട് കടന്ന് ഇഴുവത്ത് (ഈഴത്ത്) നാട്ടിലേക്ക് പോകുന്നു. ഇഴുവത്ത് രാജാ വിനോട് കാര്യങ്ങൾ പറഞ്ഞ് ഈഴത്തുനാട്ടിൽ പാർത്തുതുടങ്ങി. (19 മുതൽ 24 വരെയുള്ള താലിയോലകളിൽ ഈ കഥയാണ് പറയുന്നത്).

ചേരമാൻ പെരുമാളിന് പതിനഞ്ച് ദിവസത്തിലൊരിക്കൽ അങ്കം ചാർത്തണം (ക്ഷൗരം ചെയ്യൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ). അതിനായി വിളക്കിത്തലയനെ (ബാർബർ സമുദായം) വിളിക്കാൻ ആളയച്ചപ്പോൾ വിളക്കത്തലയൻ തന്റെ കൈവശമുള്ള കത്തിയും കല്ലും (പണിയായുധങ്ങൾ) മണ്ണിൽ കുഴിച്ചിട്ട് ഒരു കട്ട ഇരുമ്പുമായി പെരുമാളെ ചെന്നുകണ്ട് തന്റെ പണിയായുധങ്ങൾ നന്നാക്കാനായി കരുമാനെ ഏൽപ്പിച്ചിരിക്കുകയായിരുന്നു. കരുമാൻ അതുമെടു ത്താണ് ഈഴത്തുനാട്ടിലേക്ക് പോയതെന്നും അത് വേണമെങ്കിൽ അവിടെ ചെല്ലാനും പറഞ്ഞെന്ന് പെരുമാളോട് ഉണർത്തിച്ചു.[2]

വെളുത്തേടത്ത് കന്മൾ ആശാരിപ്പെണ്ണിനെ പിടിച്ചോണ്ട് പോയത്. കഥയെങ്കിലും കഥക്ക് പിന്നിൽ ചില സാമൂഹ്യ യാഥാർത്ഥ്യങ്ങൾ മറഞ്ഞിരിപ്പില്ലേ.

2 പൂർവ്വകൊളോണിയൽ സമൂഹത്തിലെ തൊഴിൽകൂട്ടങ്ങളുടെ പരസ്പര തൊഴിൽ ആശ്രിതത്വം വിളക്കിത്തലയന്റെ ആയുധം കുഴിച്ചിടുന്നതിനും കരുമാനെ ഏൽപ്പിച്ചു എന്ന കള്ളം പറയലിനും പിന്നിൽ മറഞ്ഞിരിക്കുന്നുണ്ട്. കൊല്ലന്റെ അഥവാ കരുമാന്റെ പണിമുടങ്ങിയാൽ ഒരു നാടിന്റെ ഇരുമ്പ് ഉപയോ ഗിച്ചുള്ള സകല ഉൽപാദനമേഖലകളും തൊഴിൽ മേഖലകളും നിശ്ചലമാകു

CC-0. In Public Domain. Digitization by eGangotri

അതോടെ അങ്കം ചാർത്താൻ കഴിയാതെ കേശരോമങ്ങൾ വളർന്ന് ചേരമാൻ പെരുമാൾ വിരൂപനായി വിഷമിച്ചു. നാട്ടിൽ കണ്ണാളരി ല്ലാതെ പറ്റുകയില്ലെന്ന് കണ്ട് കണ്ണാളരെ തിരിച്ചുകൊണ്ടുവരാ നായി മണ്ണാനെയും പാണനേയും വഴിച്ചിലവിനുള്ള വകകൾ നൽകി ഈഴത്തുനാട്ടിലേക്ക് അയക്കുന്നു. ഈ വിവരം പാണൻ കണ്ണാളരോട് പറയുന്ന ഭാഗം ഇങ്ങനെയാണ്;

''നിങ്ങളൊടു പൊരുവാന്തക്കവണ്ണം കല്പിച്ചിരിക്കുന്നു ചെരമാൻ പെരുമാളതമ്പുരാൻ എന്നുപറഞ്ഞു പാണൻ ഞങ്ങള് അങ്ങൊട്ട് പൊരികയില്ല തിരുവരങ്ക ഞങ്ങൾക്ക് അഭിമാനക്ഷയം വന്നിട്ടാണ് ഞങ്ങൾ പൊന്നിരിക്കുന്നത് ഞങ്ങളങ്ങൊട്ട് പൊരെ ണമെന്നു വരികിൽ ഞങ്ങൾക്ക് മാനിഭമായിട്ട് ചില സ്ഥാന വലുപ്പങ്ങൾ തരാമെന്നുവരികിൽ ഞങ്ങളങ്ങൊട്ടുപൊരാമെന്നു പറെകെ വെണ്ടു.'' (ഓല 27 പുറം 2). തുടർന്ന് നെറ്റിപ്പട്ടം, മുത്തുക്കുട വീരച്ചങ്ങല തുടങ്ങി ചേരമാൻ പെരുമാൾ അനുഭവിച്ചുപൊരുന്ന

മെന്ന ധ്വനികൂടി അതിനു പിന്നിലുണ്ട്. കരുമാൻ പണിയുന്ന ഇരുമ്പ് ആയു ധങ്ങൾ ഉണ്ടെങ്കിലേ വിളക്കിത്തലയനും കൊല്ലനും ആശാരിക്കും മൂശാ ലിക്കും തട്ടാനും കൃഷിക്കാർക്കും അങ്ങിനെ ഇരുമ്പായുധങ്ങളെ ആശ്രയി ക്കുന്ന മുഴുവൻ തൊഴിലിടങ്ങളും ചലിക്കുകയുള്ളു. പൂർവ്വകൊളോണിയൽ ഉൽപാദന ബന്ധങ്ങളെ പരിശോധിക്കുമ്പോൾ ജന്മി-കുടിയാൻ ബന്ധങ്ങ ളോടൊപ്പം സാങ്കേതിക തികവാർന്നതും അല്ലാത്തതുമായ പരമ്പരാഗത തൊഴിൽ കൂട്ടങ്ങളുടെ പരസ്പരാശ്രിത ബന്ധങ്ങളെയും പരിഗണിക്കേണ്ടതുണ്ട്. ജാതി ശ്രേണിയനുസരിച്ചുള്ള ശുദ്ധാശുദ്ധ സങ്കൽപങ്ങൾക്കകത്തുനിന്നുകൊണ്ടു തന്നെയുള്ള തൊഴിൽകൂട്ടങ്ങളുടെ പാരസ്പര്യത്തേയും പരിഗണിക്കേണ്ടതു ണ്ടെന്ന് ഈ കഥാഭാഗം ചരിത്രകാരരോട് ആവശ്യപ്പെടുന്നുണ്ട്. പൂർവ്വകൊളോ ണിയൽ ഉൽപാദന ബന്ധങ്ങളെ നിലനിർത്തിയതിൽ ഫ്യൂഡൽ ജാതിശ്രേണി ക്കുള്ള പങ്കിനൊപ്പം പരമ്പാരഗത കുലതൊഴിൽ സ്വാഭാവികമായി തീർത്ത തൊഴിൽ വിഭജനത്തേയും അവ തമ്മിലുള്ള ഇഴപിരിയാത്ത പരസ്പരാശ്രിത ത്വവും നിഴലിക്കുന്നുണ്ട് വിളക്കിത്തലയന്റെ ആയുധമൊളിപ്പിക്കലിൽ. ആശാരി പ്പെണ്ണിനെ പിടിച്ചുകൊണ്ടുപോയതിൽപിന്നെ വെളുത്തേടത്ത് പക്ഷത്തോട് പടപൊരുതി തോറ്റ കണ്ണാളരോടുള്ള ഐക്യദാർഢ്യപ്പെടലായി വിളക്കി ത്തലയന്റെ പ്രവൃത്തിയെ കാണാൻ കഴിഞ്ഞേക്കും. ഇനി മൂർച്ചയില്ലാത്ത ആയുധംകൊണ്ട് പെരുമാളിനു ക്ഷൗരം ചെയ്താൽ തന്റെ തലപോകുമോ എന്ന ഉൾഭയത്താൽ വിളക്കിത്തലയൻ ആയുധമൊളിപ്പിച്ചുവെന്ന് കരുതിയാൽ പോലും ആ പ്രവൃത്തിയിലൂടെ വിളക്കിത്തലയൻ കണ്ണാളരോട് ഐക്യ പ്പെടുന്നതിനെയും തൊഴിൽ കൂട്ടങ്ങളുടെ പരസ്പരാശ്രിത മനോനില കളെയും കാണാൻ കഴിയും. പൂർവ്വകൊളോണിയൽ സമൂഹം കുലക്രമത്തിൽ നിന്നുകൊണ്ടുതന്നെ പ്രതിഷേധ സമര രീതികൾ അധികാരവർഗ്ഗത്തോട് ചെയ്തിരുന്നു എന്നും വ്യഖ്യാനിക്കാവുന്നതാണ്.

CC-0. In Public Domain. Digitization by eGangotri

എല്ലാ അവകാശസ്ഥാനമാനങ്ങളുമാണ് കണ്ണാളർ ആവശ്യപ്പെടുന്നത്. ഈ വിവരം ചേരമാൻ നാട്ടിലെത്തി തിരുവരങ്കൻ പെരുമാളെ അറിയിക്കുന്നു. ഇതെല്ലാം കൊടുക്കാം എന്ന് പെരുമാൾ സമ്മതിക്കുകയും ആ വിവരം കണ്ണാളരെ അറിയിക്കാനായി തിരുവരങ്കനെ ഈഴുവത്ത് നാട്ടിലേക്ക് അയക്കുകയും ചെയ്യുന്നു.[3]

തങ്ങളുടെ ആവശ്യം പെരുമാൾ അംഗീകരിച്ചെന്നറിഞ്ഞ കണ്ണാളർ ഈഴത്തു രാജാവിനെ കണ്ട് കാര്യങ്ങൾ പറഞ്ഞ് പോകാനുള്ള സമ്മതം വാങ്ങി ചേരനാട്ടിലേക്ക് പുറപ്പെടാനൊരുങ്ങുന്നു. പോരുമ്പോൾ ഈഴത്തുനാട്ടിൽ തങ്ങൾക്ക് ഇനിയുള്ള കാലത്ത് ഒരു അവകാശം കിട്ടുന്നതിലേക്കായി (മേലുടിയായിട്ട്) ഒരു ഇഴുവക്കിടാവിനെ വേണമെന്ന് പറഞ്ഞപ്പോൾ അങ്ങനെയാകട്ടെയെന്ന് ഈഴത്തുരാജാവ് പറയുന്നു. അങ്ങനെ ഒരു ഇഴുവക്കിടാവിനെ ആശാരി ഒക്കത്ത് എടുത്ത് പോരുന്നു. ആ കിടാവ് കരഞ്ഞപ്പോൾ അകിനായിതൊമ്മൻ എന്ന നസ്രാണി മാപ്പിളയും കൂടെപോരുന്നു. അങ്ങിനെ ചേരമാൻ നാട്ടിലെത്തി ചേരമാൻ പെരുമാളിൽ നിന്ന് സ്ഥാനവലുപ്പങ്ങൾ സ്വീകരിച്ച് കണ്ണാളർ പാർപ്പുതുടർന്നു. ആശാരിക്കുടിയിൽ ഇഴുവക്കിടാവ് ആശാരിയുടെ മക്കൾക്കൊപ്പം വളരുന്നു. ഇഴുവക്കിടാവിനു പതിനാറ് വയസു തികഞ്ഞതിൽ പിന്നെ ആശാരിയുടെ മക്കൾ-മരുമക്കളുമായി കലഹം തുടങ്ങിയ ഇഴുവക്കിടാവിന് ഒരു കൂട്ട് വേണമല്ലൊ എന്ന് വിചാരിച്ച് ആശാരി ചേരമാൻ പെരുമാളിനെ കാണുന്നു. ഇവനുള്ള ഇഴുവപ്പെണ്ണിനെ ഈഴത്തുനാട്ടിൽപോയി കൊണ്ടുവരാൻ കഴിയില്ലല്ലോ. ആയതിനാൽ ഇവനൊരുത്തിയെ പിടിച്ചുകൊടുക്കാൻ പെരുമാളോട് ആശാരി ആവശ്യപ്പെടുന്നു. മുമ്പ് വെളുത്തേടൻ

---

3 സാങ്കേതിക വിദ്യയാർജ്ജിച്ച പരമ്പരാഗത തൊഴിൽകൂട്ടങ്ങൾക്ക് നാടിനകത്ത് മേൽക്കൈ ഉണ്ടായിരുന്നെന്നും അക്കാരണത്താൽ ഭരണവ്യവസ്ഥിതി പോലും അനുകൂലമാക്കി മാറ്റാൻ തൊഴിൽകൂട്ടങ്ങളുടെ സംഘശക്തിക്ക് ശേഷി പൂർവ്വകൊളോണിയൽ സാമൂഹ്യാന്തരീക്ഷത്തിലും ഉണ്ടായിരുന്നെന്ന് ഈ കഥാഭാഗം പ്രതിഫലിപ്പിക്കുന്നുണ്ട്. തൊഴിൽ സമരത്തിന്റെ ആദിമരൂപമായി ഇതിനെ വേണമെങ്കിൽ കരുതാം. ഏതായാലും ഇത്തരം കലഹങ്ങളും പിണക്കങ്ങളും സന്ധികളുമൊക്കെ അക്കാലത്ത് ഉണ്ടായിരുന്നിരിക്കണം. ജാതീയമായി പലശ്രേണികളിൽ ആണെങ്കിലും പാരമ്പര്യ തൊഴിലധികാരവും കുലക്രമങ്ങളും ചില അവകാശങ്ങളും സ്ഥാനമാനങ്ങളും പൂർവ്വകൊളോണിയൽ സമൂഹത്തിനകത്ത് തൊഴിൽക്കൂട്ടങ്ങൾ അനുഭവിച്ചിരുന്നുകാണും. ഇത്തരം തെളിവുകളെക്കുറിച്ചുള്ള അന്വേഷണവും, രീതീശാസ്ത്രപരമായ വായനയും പൂർവ്വകൊളോണിയൽ കേരള ചരിത്ര പുനഃവായനക്ക് അനിവാര്യമാണ്.

CC-0. In Public Domain. Digitization by eGangotri

ആശാരിപ്പെണ്ണിനെ പിടിച്ചുകൊണ്ടുപോയ പൊല്ലാപ്പുകൾ ഓർമ്മയിലുള്ള പെരുമാൾ തന്റെ അടിച്ചുതളിക്കാരിയായ വാരത്തിയാരെ പിടിച്ചോണ്ട് പോയെയ്ക്കാള്ളാൻ പറയുന്നു. പിറ്റേ ദിവസം രാവിലെ മുറ്റമടിക്കുന്ന വാരിയത്തിയാരെ ഇഴുവൻ പിടിച്ചുകോണ്ട് ഓടിപ്പോയി ഭക്ഷണം കൊടുത്ത് കൂടെ കൂട്ടുന്നു. പിന്നീട് ഇഴുവനു ഒരുപുരയും കള്ളുചെത്തെന്ന കുലത്തൊഴിലും ഏർപ്പാടാക്കാൻ കണ്ണാളർ കൂട്ടായി നടത്തുന്ന പരിശ്രമങ്ങളാണ്. കുലത്തൊഴിൽ ചെയ്ത് കള്ള് ചെത്തിയിറക്കിയപ്പോൾ കള്ള് കുടിക്കാൻ ആളില്ലാത്തതിനാൽ ആശാരി പൂണൂൽ അറുത്ത് കള്ള് കുടിച്ചു. മറ്റുള്ളവരും അങ്ങനെ ചെയ്തു. അങ്ങനെ ഇഴുവനും വാരിയത്തിക്കുമായി ആറു പെണ്മക്കളുണ്ടായി. ഈ ആറു പെണ്മക്കൾക്ക് പതിനാറു വയസ്സായപ്പൊൾ മറ്റൊരു കുലത്തോട് കൂട്ടിക്കെട്ടേണ്ടു എന്ന് കണ്ട് ആശാരി മറ്റുള്ള കണ്ണാളരെ ചെട്ടിയപ്പൻ, പട്ടരപ്പൻ, ചൂതനപ്പൻ, ചോഴിയപ്പൻ എന്നിങ്ങനെ നാലു അപ്പന്മാരായി വിധിച്ചു. അതിൽ പെറ്റുപെരുകിയപ്പോൾ അവരെ ആറു കിരിയങ്ങളാക്കി (അമ്മ വഴിക്കൂർ തറവാടുകൾ). ഇഴുവൻ വാരിയത്തിയെക്കൊണ്ട് ഓടിയതും ഭക്ഷണം കഴിപ്പിച്ചതുമായ കാര്യങ്ങളെ അടിസ്ഥാന്മാക്കിയാണ് ആറു കിരിയങ്ങളാക്കിയത്. അങ്ങനെ ചിറ്റിനിക്കിരിയം, ചെറായിക്കിരിയം, പാലിയിക്കിരിയം, പറമ്പുക്കിരിയം, അരിക്കോട് കിരിയം, മാങ്ങാട്ട് കിരിയം എന്നീ ആറു കിരിയങ്ങളാക്കുന്നു. അതിൽ പെറ്റ് പെരുകി പിന്നീട് മുപ്പത്തിയൊന്ന് കിരിയങ്ങളാകുന്നു. ഇവർ കരുമനകണ്ണാളർ എന്നാണറിയപ്പെട്ടത്. ഇഴുവ-വാരിയത്തി മക്കൾ കണ്ണാളരായ അപ്പന്മാരോട് ചേർന്നുണ്ടായ കണ്ണാളരാണ് കരുമനമാർഗ്ഗത്തിലുള്ള ഇഴുവരകണ്ണാളർ. ഇവരുടെ ചോറും നീരും പതിനാലുവർണ്ണക്കാരായ കണ്ണാളർ കഴിക്കയില്ലെന്ന് പറയുന്നു. പതിനാലുവർണ്ണക്കാരേക്കാൾ മീതെയുള്ള മേലുടിയാണ് ഞങ്ങൾക്കുള്ളതെന്ന് കരുമനകണ്ണാളരും പറയുന്നു. നിങ്ങളുടെ ചോറും നീരും ഞങ്ങളും തൊടില്ല എന്ന് പറയുന്നു. ഇങ്ങിനെയൊരു തർക്കംപരിഹരിക്കാൻ ഇരുകൂട്ടരും ചേരമാൻ പെരുമാളിനെ കാണുന്നു. കരുമനയായിരിക്കുന്ന ഇഴുവർക്ക് വിഷ്ണുമായത്തിൽ പിറന്ന തീണ്ടമണ്ണാനെക്കൊണ്ട് ഏറ്റും മാറ്റും നടത്തിച്ച് ഇഴുവരുടെ ആഹാരം കഴിക്കാനായി പറയുന്നു. അതുപോരെന്ന് പറയുന്ന കണ്ണാളരോട് അതുപോരെങ്കിൽ പിന്നെ നമുക്ക് തളിക്കുന്നവനെക്കൊണ്ട് അഥവാ ക്ഷൌരം ചെയ്യുന്നവനെക്കൊണ്ട് (വിളക്കിത്തലയൻ/വെളുത്തേടൻ) ഏറ്റുമ്മാറ്റും നടത്തണമെ

CC-0. In Public Domain. Digitization by eGangotri

ന്നാണോ നിങ്ങൾ പറയുന്നത് എന്നായി പെരുമാൾ. പണ്ട് പടതോറ്റ് ഈഴത്തു നാട്ടിൽ പോയ നിങ്ങൾക്ക് എല്ലാ പദവികളും തന്ന് തിരികെ എത്തിച്ചു. ഇഴുവച്ചെക്കന് കൂട്ടായി തന്റെ മുറ്റമടിക്കുന്ന വളേയും പിടിച്ചുകൊടുത്തു. ഇപ്പോൾ ഉണ്ടായ തർക്കം പരിഹ രിക്കാനായി ഇഴുവനെങ്ങനെ ഉണ്ടായെന്നും കണ്ണാളർ എങ്ങിനെ യുണ്ടായെന്നും, വിഷ്ണുമായത്തിൽ പിറന്ന പെരുമണ്ണാൻ എങ്ങനെയുണ്ടായെന്നും അറിയണമെന്ന് പെരുമാൾ പറയുന്നു. കണ്ണാളർക്ക് പഴമ കുലമറിയില്ലെന്ന് അറിയിക്കുമ്പോൾ എന്നാൽ കേട്ടുകൊൾവിൻ കണ്ണാളരെ നിങ്ങളുടെ മൂലോൽപത്തിയെ എന്ന് പറഞ്ഞ് പെരുമാൾ ഉൽപത്തിക്കഥ പറയുന്നു.

ബ്രഹ്മപ്രളയം വന്നകാലത്ത് വിരാൾപ്പുരുഷനുണ്ടായി വിരാൾ പ്പുരുഷന്റെ നാഭിയിൽ നിന്ന് ബ്രഹ്മാവ് ഉണ്ടാകുന്നു. ബ്രഹ്മാവ് പതി നാലു ലോകത്തെയും സൃഷ്ടിച്ചു. ഭൂമിയിൽ ജീവിക്കാനാവശ്യമായ ജീവജാലങ്ങളെയും ഫലമൂലാദികളും സൃഷ്ടിച്ചു. ഭൂമി വിതച്ചു വിളയിക്കാനും എരുമിരുമ്പ് നിർമ്മിക്കാനും ഭവനങ്ങൾ വെട്ടി പണി ചെയ്‌വാനുമായി കണ്ണാളന്മാരെ സൃഷ്ടിക്കാനായി ഹോമം നട ത്തുന്നു. ഹോമകുണ്ഡത്തിൽ നിന്ന് ഉളിയും മുഴക്കോലും കരി നൂലുമായി വിശ്വബ്രഹ്മൻ ആദ്യം വന്നു. ബ്രഹ്മാവ് അവനെയെ ടുത്ത് വലത്തു ഭാഗത്തുവെച്ചു. രണ്ടാമത് ഹോമം ചെയ്തപ്പോൾ വലത്തെകയ്യിൽ വെള്ളിക്കോലും എടത്തെക്കയ്യിൽ ഓടും മെഴുകു മായി മൂശാരി വന്നു അവനെയെടുത്ത് ബ്രാഹ്മാവ് എടത്തു ഭാഗത്തു വെച്ചു. മൂന്നാമത് ഹോമം ചെയ്തപ്പോൾ തൂക്കും തുലാസും അടവലും ചീത്തിയുമായി തട്ടാൻ പുറപ്പെട്ടു വന്നു. തട്ടാനെയെ ടുത്ത് എടത്തു ഭാഗത്തു വെച്ചു. നാലാമത് ഹോമം ചെയ്തപ്പോൾ ''വരുവാൻ ഏറ്റം താമസിച്ചളഞ്ഞു കരുമാൻ എന്നപ്പോൾ പിന്നെയും ഹൊമം ചെയ്തപ്പോൾ മെലാകെക്കരിയണിഞ്ഞ് പുകയൊടു കൂടിയവന്നു പുറപ്പെട്ടു കരുമാൻ. ''അവനെയെടുത്ത് എടത്തു ഭാഗത്തു വെച്ചു. ''ഇങ്ങിനെ നിങ്ങൾ നാലുപെരുടെയും ജനനമാ കുന്നത്. നിങ്ങൾ നാലുപെരുടെയും ജനത്തിങ്കൽ നിന്ന എടുത്ത തനുള്ളിക്കൂട്ടിക്കുറുപ്പ് കൂടിച്ചെർന്നവൻ കൊട്ടവൻ അങ്ങിനെ നിങ്ങൾ ആറുകുടി കണ്ണാളരുണ്ടായിരിക്കുന്നു.'' ഇവിടെ കരുമാന്റെ വരവിനുള്ള താമസവും മേലാകെക്കരിയണിഞ്ഞ് പുകയോടുകൂടി വന്നു എന്ന പ്രയോഗം ആശാരി മൂശാലി തട്ടാൻ വിഭാഗങ്ങ ളെക്കാൾ കീഴെയാണ് ജാതി സ്ഥാനം കരുമാനുള്ളതെന്ന മനോ നിലയാകും കഥ ചിട്ടപ്പെടുത്തിയ സമൂഹത്തിനും രേഖപ്പെടുത്തിയ

CC-0. In Public Domain. Digitization by eGangotri

എഴുത്തുകാരനും ഉണ്ടായിരുന്നതെന്ന് തോന്നിപ്പോകും. ബ്രഹ്മാവിന്റെ ഹോമകുണ്ഡത്തിൽ നിന്നുള്ള ഒന്നുമുതൽ നാലുവരെയുള്ള കണ്ണാളരുടെ വരവിന്റെ ക്രമം തന്നെയാണ് പൂർവ്വ കൊളോണിയൽ സമൂഹത്തിൽ അവർക്കുണ്ടായിരുന്നതെന്ന് ചുരുക്കം.

കരുമനവർഗ്ഗത്തിൽപെട്ടയിഴുവ കണ്ണാളർ എന്ന പ്രയോഗത്തിൽ തന്നെ അവർ പരമ്പരാഗത കണ്ണാളരെക്കാൾ ജാതിയിൽ താഴെയാണ് എന്ന് ധ്വനി ഈ രേഖയിലൂടെ വിനിമയം ചെയ്യപ്പെടുന്നു. തുടർന്നുള്ള ഭാഗത്ത് ബ്രഹ്മാവ് ഇവർക്ക് കുലത്തൊഴിൽ കൽപിക്കുന്നു. ആശാരിയോട് ജനങ്ങൾക്ക് ഭവനം പണിയാനും എരുമിരുമ്പും നടത്തുവാനും ദേവാലയങ്ങളും ദുർഗ്ഗാലയങ്ങളും പണിചെയ്യാനും നീയായിരിക്കും വിശ്വബ്രഹ്മൻ എന്ന് കൽപ്പിച്ച് ശാസ്ത്രവും യോഗീശാസ്ത്രവും കൊടുത്തു. മൂശാലിയെ വിളിച്ച് 'വിശ്വബ്രഹ്മൻ പണിചെയ്തിരിക്കുന്ന ദേവാലയങ്ങളിലും, അസുരാലയങ്ങളിലും, ദുർഗ്ഗാലയങ്ങളിലും മെയ്യരൂപത്തിനു പൊയ്യരൂപമായിമെഴുക്കൊണ്ട് ഉരുപ്പിടിച്ച് മണ്ണുകൊണ്ടു കരുപിടിപ്പിച്ച് ഉരുക്കിവാർത്തു' കൊള്ളുക എന്നരുളിചെയ്തു. ബ്രഹ്മാവ് കൽപിച്ചിരിക്കുന്ന ജനാജനങ്ങൾക്ക് മെയ്യാഭരണങ്ങൾ പണിചെയ്യാൻ തട്ടാനോട് കൽപിച്ചു. ബ്രാഹ്മാവ് കൽപ്പിച്ച ജനങ്ങൾക്ക് എരുമിരുമ്പും, പതിനെട്ടായുധങ്ങളും പണിചെയ്യാനും 'ആയിരം തച്ചപ്പുര തീർത്താൽ അരക്കരുമാൻ കൂടിയെ തികഞ്ഞുകഴിയു എന്ന് കൽപിച്ചു.' പിന്നീട് ബ്രഹ്മാവ് നാലുപേർക്കുംകൂടി കാരം കൊടുത്തു. ആശാരി ആ കാരം എറിഞ്ഞു കളഞ്ഞു. മൂശാലി മഞ്ചീലിട്ട് ചവിട്ടിക്കളഞ്ഞു. കരുമാൻ നീറ്റിൽ കലക്കിക്കളഞ്ഞു, തട്ടാൻ കോന്തലക്കൽ കെട്ടി. കാരം കളഞ്ഞതുകൊണ്ട് ആശാരി വെള്ളാരം കല്ലുപൊടിച്ച് ഉളിയും മഴുവും മൂർച്ചകൂട്ടി, മൂശാലി മണ്ണുകൊണ്ട് മൂശയുണ്ടാക്കി, ഉലയിൽ നീർ തളിക്കാൻ കരുമാൻ ആലയിൽ പാത്തിവെള്ളം വെച്ചു. തട്ടാൻ കാരം കോന്തലക്കൽ കെട്ടുകയാൽ തട്ടാനു കാരം കൂടിയെവിളക്കിക്കൂടു എന്നായി. 'ഇങ്ങിനെയെല്ലൊ കണ്ണാളരുടെ ജനനമാകുന്നത!' എന്നെഴുതി ഈ പ്രമാണം അവസാനിക്കുന്നു.

ചുരുക്കത്തിൽ

പരശുരാമ-ചേരമാൻ പെരുമാൾ കഥകളുമായി ചേർത്ത് പറഞ്ഞുപോകുന്ന കണ്ണാളരുടെ ജന്മോൽപ്പത്തി (ആശാരി, മൂശാലി, തട്ടാൻ, കരുമാൻ ജാതികളുടെ) ചരിതമാണ് ഈ കൃതി. പെരുമാൾ മിത്തിനോട് കലഹിച്ചും സന്ധിചേർന്നും, പൈതൃകം

CC-0. In Public Domain. Digitization by eGangotri

പറ്റിയും പൂർവ്വകൊളോണിയൽ ജാതിക്രമങ്ങളുടെ ശുദ്ധാശുദ്ധ സങ്കൽപങ്ങൾക്കകത്ത് നിന്നുകൊണ്ടുതന്നെ കണ്ണാളരുടെ ജാതി മഹിമയുടെ കുലചരിതം പറയുന്ന ഒരു കൃതിയാണിത്. കേര ളോൽപത്തി കഥകൾ പൂർവ്വകൊളോണിയൽ സമൂഹമാകെ വ്യാപിച്ചിരുന്നിരിക്കാനുള്ള സാധ്യതയും ഈ കൃതി മുന്നോട്ട് വെക്കുന്നുണ്ട്. പൂർവ്വ കൊളോണിയൽ കാലത്ത് കേരളത്തിൽ ഉണ്ടായിരുന്ന ചരിത്രാവബോധത്തിന്റെ തെളിവായി ചരിത്രകാരർ കേരളോൽപത്തിയെ കാണുന്നുവെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലൊ. മറ്റൊരർത്ഥത്തിൽ പ്രബലമായി പ്രചാരത്തിലുള്ള ചരിത്ര രചനാ കാഴ്ചപ്പാടുകളെ സ്വീകരിച്ച് ചരിത്രം നിർമ്മിച്ചെടുക്കുന്ന ''രീതീ ശാസ്ത്രം'' കൂടിയാണ് പൂർവ്വ കൊളോണിയൽ സമൂഹം രൂപപ്പെ ടുത്തിയത് എന്ന് പറയാമെന്ന് തോന്നുന്നു. ചേരമാൻ പെരുമാളി നോട് സ്ഥാന വലുപ്പങ്ങൾ തൊഴിൽമുടക്കം വരുത്തിയും, നാട്ടിൽ നിന്ന് കുടിയൊഴിച്ച് ബഹിഷ്കരണം നടത്തിയും ദൂതൻ വഴി വലിയ സ്ഥാനവലുപ്പങ്ങൾ വാദിച്ച് നേടിയും ചേരമാൻ നാട്ടിൽ സ്ഥാന മുറപ്പിച്ച കണ്ണാളരുടെ ചരിതവും കേരളോൽപത്തി കഥകളുടെ ചട്ടക്കൂടിനകത്താകുന്നത് പൂർവ്വ കൊളോണിയൽ കാലത്ത് പ്രബല മായി പ്രചാരത്തിലുള്ള ചരിത്ര രചനാ കാഴ്ചപ്പാടുകളുടെ സ്വീക രണമാണ്. കേരളോൽപത്തി മുന്നോട്ടുവെച്ച 'രീതീശാസ്ത്ര' കാഴ്ച പ്പാടുകളെ അവലംബിച്ച് കണ്ണാളോ(കേരളോ)ൽപത്തി പോലെ യുള്ള ചരിതങ്ങൾ വേറെയും ഉണ്ടായിരുന്നിരിക്കാം എന്ന സൂചന കൂടി ഈ കൃതി നൽകുന്നുണ്ട്.

വടക്കൻപാട്ടുകളിലും, തെയ്യങ്ങളിലുമൊക്കെ കേരളോൽ പത്തിയുടെ സ്വാധീനമുള്ളത് ഇതിനകം പഠിക്കപ്പെട്ടതാണ്. പൂർവ്വ കൊളോണിയൽ ജാതി ശ്രേണിയിനുസരിച്ച് കണ്ണാളർ (കമ്മാളർ) കീഴ്ജാതികളാണെങ്കിലും അവരുടെ തൊഴിൽപരമായ സാങ്കേതിക ജ്ഞാനം അവർക്ക് നൽകിയിരുന്ന സ്ഥാനവലുപ്പങ്ങൾ അവരെ നാടുവാഴുന്നവരോട് ചേർത്ത് നിർത്തുന്നുണ്ട്. കണ്ണാളകുലത്തി നകത്ത് ആശാരി, മൂശാരി, തട്ടാൻ, കരുമാൻ (കൊല്ലൻ) ജാതി കളുടെ സ്ഥാനവലുപ്പങ്ങളെ ആചാരപരമായും രാഷ്ട്രീയപരമായും ഈ താളിയോലപ്രമാണം അടയാളപ്പെടുത്തുന്നുണ്ട്. ബ്രഹ്മാവിന്റെ ഹോമകുണ്ഡത്തിന്റെ വർണ്ണനകളും ചേരമാൻ പെരുമാൾ കണ്ണാ ളർക്ക് ചൊല്ലിക്കൊടുക്കുന്ന മൂലോൽപത്തി എന്ന ഭാഗവും ഇക്കാര്യമാണ് നിർവ്വഹിക്കുന്നത്. ഇങ്ങിനെ കണ്ണാള/കമ്മാളരിൽ ആശാരിയെ വിശ്വബ്രഹ്മനായി ജാതിശ്രേണിയിൽ ഒന്നാമനായി

CC-0. In Public Domain. Digitization by eGangotri

പ്രതിഷ്ഠിക്കുന്നു. മൂശാലിയും തട്ടാനും ആശാരിയിൽ നിന്ന് അധികം ദൂരത്തല്ലാതെ ജാതിവലുപ്പത്തിൽ നിൽക്കുമ്പോൾ കരുമാനെ കണ്ണാളരിലെ കീഴാളനായി ചിത്രീകരിക്കുന്നുമുണ്ട്. ഹോമകുണ്ഡത്തിൽ നിന്ന് കരുമാൻ വരുവാനുള്ള താമസവും, രണ്ടാമത് ഹോമം ചെയ്തപ്പോൾ കരിപുരണ്ട് പുകപടലത്തോടെ വരുന്ന കരുമാനെക്കുറിച്ചുള്ള വർണ്ണന പൂർവ്വകൊളോണിയൽ സമൂഹത്തിന്റെ ജാതിബോധത്തെ അടയാളപ്പെടുത്തുന്നുണ്ട്. കരുമനവർഗ്ഗത്തിലുള്ള ഇഴുവരുടെ ജാതി 'പെരുക്കമൊകരുത്' അഥവാ പതിനാല് വർണ്ണക്കാരായ കണ്ണാളരേക്കാൾ വലുതാകരുത്/മേലെയാകരുത് എന്ന് ആശാരി പറയുന്നതും കരുമാനെയും ഈഴവരേയും കീഴ്ജാതിയായി കണ്ണാളർ കാണുന്നതിനാലാണ്. കണ്ണാളരുടെ ഇടയിൽ തന്നെയുള്ള ജാതി വലിപ്പ-ചെറുപ്പങ്ങളെ നാടിനകത്ത് സ്ഥിരപ്പെടുത്താനാകും ബ്രാഹ്മണരും-ചേരമാൻ പെരുമാളും ചേർന്ന ആചാര-രാഷ്ട്രീയ മേൽക്കൊയ്മകളുടെ ചേരുവകൾ ചേർത്ത് കണ്ണാളർ തങ്ങളുടെ മുലോൽപത്തിയെ ചിട്ടപ്പെടുത്തിയത്. ചുരുക്കത്തിൽ, കേരളോൽപത്തിയെന്ന പൂർവ്വ കൊളോണിയൽ സവർണ്ണ ചരിത്ര 'രീതിശാസ്ത്ര' മൂശയിൽ കണ്ണാളർ (കമ്മാളർ) വാർത്തെടുത്ത കീഴ്ജാതി ചരിതമാണ് കണ്ണാളോൽപത്തി അഥവാ കണ്ണാളോ(കേരളോ)ൽപത്തി.

CC-0. In Public Domain. Digitization by eGangotri

കണ്ണാളോ(കേരളോ)ൽപത്തി

പ്രമാണ വിശേഷം

അൻപത്തിയാറ് താളിയോലകളിൽ (ആറാമത്തെ ഓല നഷ്ടമായിട്ടുണ്ട്) ഇരുപുറങ്ങളിലായി എഴുതിയ കണ്ണാളരുടെ മൂലോൽപ്പത്തി കഥ പറയുന്ന ഒരു ഗ്രന്ഥമാണിത്. ആദ്യത്തെ പത്തൊൻപത് ഓലകളിൽ കേരള മാഹാത്മ്യം, കേരളോൽ പത്തി കൃതികളിൽ പരാമർശിച്ചിട്ടുള്ള കേരള ഉൽപത്തി കഥകൾ ചെറിയ രൂപമാറ്റത്തോടെ അവതരിപ്പിക്കുന്നു. പത്തൊൻപതാ മത്തെ ഓലയുടെ രണ്ടാമത്തെ പുറം മുതൽ കണ്ണാളരുടെ ഉൽപത്തി കഥകളാണ് പറയുന്നത്. കണ്ണാളരുടെ ജന്മകഥ അഥവ മൂലോൽപത്തി ഇത്തരത്തിൽ അവതരിപ്പിക്കപ്പെട്ടതിനാലാണ് സംശോധകർ കണ്ണാളോ(കേരളോ)ൽപത്തി എന്ന പേരിൽ ഈ കൃതി പ്രസിദ്ധപ്പെടുത്തുന്നത്.

മലയാളത്തിലാണ് ഇതെഴുതിയിട്ടുള്ളത്. ഓലയുടെ എണ്ണം രേഖപ്പെടുത്താൻ മലയാള അക്ഷരങ്ങൾ ആണ് ഉപയോഗിച്ചി രിക്കുന്നത്. ഒന്നുമുതൽ ഒൻപത് വരെയുള്ള അക്കങ്ങൾ യഥാക്രമം ന, ന്ന, ന്യ, ഷ്ക്ര, ത്ര, ഹ, ഗ്ര,പ്ര, ദ്ര എന്നിങ്ങനെയും 10 ന് – മ, 20 ന്– ഥ, 30 ന്– ല, 40–ന്–പ്ത, 50 ന്–ബ എന്നിങ്ങനെയാണ് എഴുതി യിരിക്കുന്നത്. ഏ കാരത്തിനും, ഓ കാരത്തിനും ഹ്രസ്വ ചിഹ്നങ്ങ ളാണ് രേഖയിൽ ഉടനീളം എഴുതിയിരിക്കുന്നത്. ഉദാഹരണത്തിനു, 'ജലം കൊരുവാൻ', 'പൊയനെരം' എന്നിങ്ങനെ. 'ഉ' കാരത്തിന് ഹ്രസ്വവും ദീർഘവുമായ ചിഹ്നങ്ങൾ ഉപയോഗിക്കുന്നുണ്ട്. പഴയ മലയാളത്തിലെ തനതു ലിപി ചിഹ്നങ്ങളാണ് എഴുത്തിൽ ഉള്ളത്. 'ഈ' എന്ന അക്ഷരം എഴുതാനായി പഴയ ലിപിയായ ''ഠരം'' എന്നാണ് ഉപയോഗിച്ചിരുന്നത്. ഉദാഹരണത്തിന് ഠരംഴ രാജാവ് (ഈഴരാജാവ്).

CC-0. In Public Domain. Digitization by eGangotri

സംവൃതോകാരം സൂചിപ്പിക്കുന്ന ചിഹ്നമായ ചന്ദ്രക്കല ഈ രേഖയിൽ ഒരിടത്തും ഉപയോഗിച്ചിട്ടില്ല. ആയതിനാൽ ഹെർമ്മൻ ഗുണ്ടർട്ടിന്റെ കാലത്തിനു മുമ്പുള്ള എഴുത്താണെന്ന് നിശ്ചയമായും പറയാം. അതായത്, 1847–നു മുമ്പുള്ളതാണെന്ന് വ്യക്തം. ചന്ദ്രക്കല ഗുണ്ടർട്ടിന്റെ സംഭാവനായണെന്നും പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽക്കാണ് ചന്ദ്രക്കല ചേർത്തുള്ള എഴുത്ത് രീതി പ്രചാരത്തിൽ വന്നതെന്നും വാദിക്കപ്പെട്ടിട്ടുണ്ട് (അലക്സ്, സിബു സി.ജെ, സുനിൽ വി.എസ് 2014: 2367–2410).

വാമൊഴിയായി കാലങ്ങളായി തലമുറകൈമാറിപ്പോന്ന ഒരു ജന്മോത്തി കഥയെ പലവട്ടം രേഖപ്പെടുത്തിയിരിക്കാം. പ്രമാണത്തിന് കാലപ്പഴക്കം വരുമ്പോൾ പകർത്തിയെഴുത്തും നടന്നിരിക്കാം. ഇവിടെ പ്രസിദ്ധീകരിക്കുന്ന പ്രമാണം പഴയ ഓലകളിൽ നിന്ന് പകർത്തിയെഴുതപ്പെട്ട ഒന്നാണ്. ദ്രവിച്ച ഏതാനും പഴയ ഓലകൾ ഈ ഗ്രന്ഥത്തിന്റെ അവസാന ഭാഗത്ത് ക്രമം തെറ്റി കെട്ടി വെച്ചിരുന്നു. ഏതായാലും പകർത്തൽ നടന്നത് പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിനു മുൻപായിരിക്കും. പിൽക്കാലത്തായിരുന്നെങ്കിൽ ഒരുപക്ഷെ ചന്ദ്രക്കല ചിഹ്നം എവിടെയെങ്കിലും പകർത്തെഴുത്തുകാരൻ ചേർത്തേനെ. ഇന്ന് പ്രസിദ്ധീകരിക്കപ്പെട്ട മിക്ക കേരളോൽപത്തികളിലും സംശോധകർ ചന്ദ്രക്കല ചേർത്താണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. അവയുടെ യഥാർത്ഥ പ്രമാണത്തിൽ ചന്ദ്രക്കല ഉണ്ടായിരുന്നോ എന്നകാര്യം സംശോധകർക്ക് മാത്രമെ അറിയാവു. ഇങ്ങിനെയൊരു സന്ദേഹം ഈ രേഖ പരിശോധിക്കുന്ന പഠിതാക്കൾക്ക് ഉണ്ടാവരുതെന്ന് കരുതി ഓലയുടെ ഓരോ പുറത്തിന്റേയും പകർത്തെഴുത്ത് ചേർക്കുന്നുണ്ട്. പുസ്തകം അച്ചടിക്കുന്നത് ഇന്നത്തെ ലിപിയിലായതിനാൽ താളിയോല ക്രമത്തിൽ പ്രസിദ്ധീകരിക്കുന്ന ഭാഗത്ത് ചിലവാക്കുകൾക്ക് ചന്ദ്രക്കല പ്രസാധകർ ചേർത്തിട്ടുണ്ട്. യഥാർത്ഥ ഓലപ്രമാണത്തിൽ ചന്ദ്രക്കല ഇല്ല എന്നത് ഓർക്കുമല്ലോ. അതോടൊപ്പം സാധാരണ വായനക്കാർക്ക് മുട്ടുകൂടാതെ ഈ രേഖ വായിച്ചു പോകുന്നതിനായി ചന്ദ്രക്കല ചേർത്ത് ഗദ്യരൂപത്തിലും ഈ പ്രമാണത്തിന്റെ പകർപ്പ് നൽകുന്നുണ്ട്. ഗദ്യ രൂപത്തിലാക്കിയതിൽ രണ്ട് ഭാഗങ്ങളായി സംശോധകർ തിരിച്ചിട്ടുണ്ട്. ഒന്നാമത്തെ ഭാഗം ആദ്യത്തെ

CC-0. In Public Domain. Digitization by eGangotri

പത്തൊൻപത് ഓലകളിലായി പറയുന്ന കേരളോൽപത്തി കഥകളും, രണ്ടാമത്തേത് ആ കഥകളുടെ പശ്ചാത്തലത്തിൽ പറയുന്ന കണ്ണാളോൽപത്തിയുമാണ്. തുടർന്ന് താളിയോല ക്രമത്തിൽ ഓരോ പുറത്തിലുമുള്ള എഴുത്ത് ലിപി പഠിതാക്കളേയും ഭാഷാഗവേഷകരേയും മുന്നിൽ കണ്ട് നൽകുന്നുണ്ട്.

ഈ രേഖ പ്രതിനിധാനം ചെയ്യുന്ന സാംസ്കാരിക ഭൂമിക മധ്യകേരളമാണെന്ന സൂചന തരുന്ന ചില സ്ഥലനാമങ്ങൾ പ്രത്യക്ഷമാകുന്നുണ്ട്. തിരുമഞ്ചക്കുളം അഥവാ തിരുവഞ്ചിക്കുളം, തൃശ്ശൂർ വടക്കും നാഥ ക്ഷേത്രം, ചെറായി (ചെറായിക്കിരിയം) തുടങ്ങിയവ. ഈ പ്രമാണം പഴയ ഓലയിൽ നിന്ന് പകർത്തി എഴുതിയതാണ്. ഈ താളിയോല പ്രമാണത്തോടൊപ്പം പഴക്കം ചെന്ന ഏതാനും താളിയോലകൾ കൂടി ഉണ്ട്. പകർത്തിയെഴുതിയ ആൾക്ക് എഴുതുമ്പോൾ വന്ന പിശകുകൾ ചില ഓലയിൽ കാണാം. ഉദാഹരണത്തിന് ഓല 20 പുറം രണ്ടിൽ കാഴ്ചവെച്ചു വെളുത്തെടത്തു ചീരാമൻ എന്നത് കാഴ്ച വെ(ളു)ച്ചു വെളുത്തെടത്ത് എന്ന ഭാഗം.

CC-0. In Public Domain. Digitization by eGangotri

CC-0. In Public Domain. Digitization by eGangotri

കണ്ണാളോ(കേരളോ)ൽപത്തി

(താളിയോല വായിച്ച് ഗദ്യരൂപത്തിൽ തയ്യാറാക്കിയ പകർപ്പ്)

ഭാഗം ഒന്ന്

ഹരിശ്രീഗണപതയെ നമ: അവിഘ്നമസ്തു ശ്രീഗുരുഭ്യൊ നമ: കൃത ത്രെത ദ്വാപര കലിയെന്നിങ്ങനെ ചതുയുഗത്തിൽ തെത്രയുഗത്തിങ്കൽ ജമദഗ്നിയെ (ന്ന) മഹർഷിക്കു മുന്നുപുത്രന്മാരുണ്ടായി അങ്ങനെ ഇരിക്കുന്ന കാലത്തിങ്കൽ ഒരു നാളിലൊരു ദിവസം ജമദഗ്നിവനവാസത്തിങ്കൽ നടന്ന സഞ്ചരിപ്പാൻ പൊയനെരം രെണുക നീര കൊണ്ടുവരുവാനാകവണ്ണം നദിയിങ്കൽച്ചെന്ന നെരത്ത കാർത്തവീര്യാർജ്ജുനനനും ന പ്ര (108) ഭാര്യമാരും കൂടി നദിയിൽ കിടന്നു കളിച്ച വിളയാടുന്നെരത്ത് അതു കണ്ടു ഭ്രമിച്ചു നിന്നുപൊയി രെണുക അങ്ങിനെ ജമദഗ്നി ആശ്രമത്തിങ്കൽ വന്നപ്പൊൾ രെണുകയെ കണ്ടിലാ ഉണ്ണി അമ്മയെങ്ങൊട്ടു പൊയിയെന്നുചൊദിച്ചു ജമദഗ്നി അമ്മ ജലം കൊരുവാൻ പൊയക്കിടക്കുന്നു അങ്ങിനെയിരിക്കുന്നപ്പൊഴെക്ക രെണുകയും വന്നു (നി)ളയെന്ത്[4] ഇത്ര വൈകുവാനെന്നു ചൊദിച്ച ജമദഗ്നി കാർത്തവീര്യാർജ്ജുനനനും ഭാര്യമാരും കുടി വന്ന നദി കലക്കി അതുകൊണ്ട കലങ്ങിയ ജലം തെളിവാൻ പാർത്തു പൊയിയെന്നു പറഞ്ഞു രെണുക എന്നപ്പൊൾ കല്പിച്ചു ജമദഗ്നി നിനക്ക അധപ്പതനമുണ്ട അതുകൊണ്ട നിന്നെ നിഗ്രഹിക്കണമെന്നു കല്പിച്ചു വാളെടുത്ത

---

4 ഓലയുടെ ഭാഗം മുറിഞ്ഞുപോയി. 'നിങ്ങളെ' എന്നാണെന്ന് ഊഹിക്കുന്നു. ബ്രാക്കറ്റിൽ കൊടുക്കുന്ന അക്ഷരങ്ങൾ ഇത് പുസ്തകരൂപത്തിലേക്ക് പകർത്തിയ ലിപി വിദഗ്ദ്ധരുടെ ഊഹമാണെന്നറിയുക. ഇനിയങ്ങോട്ട് ബ്രാക്കറ്റിലുള്ള അക്ഷരങ്ങളും, വാക്കുകളും അങ്ങിനെ കാണുമല്ലോ.

CC-0. In Public Domain. Digitization by eGangotri

മുത്തമകൻ കയ്യിൽകൊടുത്തു ജമദഗ്നി ഉണ്ണി നിയ്യ അമ്മയെ നിഗ്രഹിക്കണം എന്നപ്പൊൾ പറഞ്ഞു മുത്തമകൻ ഞാൻ അമ്മയെ നിഗ്രഹിക്കയില്ലയെന്നു പറഞ്ഞു എന്നപ്പൊൾ രണ്ടാമത്തെ മകനൊട പറഞ്ഞു ഉണ്ണി നിയ്യ അമ്മെയെ നിഗ്രഹിക്കെണമെന്നു പറഞ്ഞു ഞാൻ മാതാവിനെ നിഗ്രഹിക്കയില്ലയെന്നു പറഞ്ഞുമുന്നാമത്തെ മകനെ വിളിച്ചു ഉണ്ണി നിയ്യ അമ്മയെ നിഗ്രഹിക്കെണംയെന്നു പറഞ്ഞു വാളെടുത്തു കൊടുത്തു ജമദഗ്നി എന്നപ്പോൾ അച്ഛൻ "(പറഞ്ഞ)തിനെ നകെൾപ്പാൻ കുററമില്ലയെന്നു പറഞ്ഞു പർശു(രാമൻ) വാളെടുത്തിളക്കി മാതാവിനെ നിഗ്രഹിച്ചു മാതാവ മരിച്ച അങ്ങൊട്ടും വീണു മകൻ മൊഹിച്ചയിങ്ങൊട്ടും വീണുയെന്ന നെരത്തു ജമദഗ്നി ചെന്നു കഞ്ഞിവെച്ചുപകർന്നു മകനെ വിളിച്ചു ഉണ്ണി നിയ്യ കഞ്ഞിടിച്ചുകൊയെന്നു പറഞ്ഞ നെരത്തു അമ്മയെഴുനിററിരുന്നു കഞ്ഞി പകർന്നു തന്നാൽ ഞാൻ കഞ്ഞി കുടിക്കയും ചെയ്യാം അതല്ലായ്കിൽ ഞാൻ കഞ്ഞി കുടിക്കയില്ലയെന്നു പരശുരാമൻ എന്നപ്പൊൾ കല്പിച്ചു ജമദഗ്നി ഉണ്ണി നിയ്യ ചെന്ന അമ്മയുടെ ഉടലൊടു തലചെർത്തുവെച്ച അമ്മെയെന്നു ഉരുട്ടിവിളിക്ക് എന്ന കല്പിച്ചു ജമദഗ്നി എന്നപ്പൊൾ പരശുരാമൻ ചെന്നു രെണുകയുടെ തലയെടുത്ത ഒടെലൊടു ചെർത്തുവെച്ച അമ്മെ അമ്മെയെന്ന് മുന്നുരു ഉരുട്ടി (വി)ളിച്ചപ്പൊൾ എഴുന്നിററിരുന്നു രെണുക അങ്ങിനെ അമ്മ വന്ന് കഞ്ഞിപകർന്നു കൊടുത്തപ്പൊൾ കഞ്ഞി കുടിച്ചു പരശുരാമൻ അങ്ങിനെയിരിക്കുന്ന നാളിൽ നിരുപിച്ചു മാതാവിനെ നിഗ്രഹിച്ചുപൊയ്യെല്ലൊ ഞാൻ അതുകൊണ്ടിനിക്ക് ബ്രഹ്മഹസ്തി ഉണ്ടെന്നുറച്ചു ബ്രഹ്മഹസ്തിയെതിർക്കെണമെന്നു വരികിൽ ഭൂമി പ്രദക്ഷിണം വെക്കെണമെന്നു കല്പിച്ച അച്ഛനൊടും അമ്മയൊടും അനുഗ്രഹം വാങ്ങി അങ്ങിനെ പൊയി ഭൂമി പ്രദക്ഷിണം വെച്ച് പരമെശ്വരനെ ധ്യാനിച്ച് തപസ്സു ചെയ്തിരുന്ന കാലത്ത പരശുരാമന്റെ തപൊ ബലം കണ്ട് പ്രസാദിച്ചു പരശുരാമന്റെ തപസ്സ് ഇളകുമൊ ഇല്ലയൊയെന്നറിയെണമെന്നു കല്പിച്ചു പരമെശ്വരൻ കിരാതവെഷം പൂണ്ട് എത്രയും അത്യുന്നതമായിരിക്കുന്ന ശരീരവും ഭയാകരമായിരിക്കുന്ന ഭാവങ്ങളും കൂർത്തുകൊടുതായിരിക്കുന്ന ഭാവങ്ങളും ദെരുഷ്ടങ്ങളും ചുവന്ന കെശരൊമങ്ങളും നയനങ്ങളിൽ അഗ്നി ചിതറുമാറു കാട്ടാന കരടി സിംഹം ചെന്നായ ചെറുപ്പുലി ഇങ്ങിനെയുള്ള മൃഗങ്ങളെ പിടിച്ച് കടിച്ചു തിന്നും രക്തമൊഴുകിയും ശൂലത്തി ന്മെൽ കൊർത്തുകൊണ്ടുമരാമരങ്ങളെ പറിച്ച നിലത്തു തച്ച് ത്രൈലൊക്യം നടുങ്ങുമാറ് അട്ടാസിച്ച് പരശുരാ

CC-0. In Public Domain. Digitization by eGangotri

മന്റെ മുമ്പിൽ ചെന്ന് ആരെടാ ഇരിക്കുന്നത് എന്നു ചൊദിച്ചു കിരാതകൻ ഞാൻ ജമദഗ്നി പുത്രൻ അങ്ങിനെ എറിയ പ്രയൊഗങ്ങൾ നൊക്കിയിട്ടും ഇളകിലാ തപസ്സ് പരമശുരാമന്റെ എന്നപ്പൊൾ കിരാത വെഷം വിട്ട തത്തൊരുപമായ വെഷം പുണ്ടു പ്രത്യക്ഷമായി പരമെശ്വരൻ എന്നാൽ നിനക്ക് വെണ്ടുന്ന വരമപെക്ഷിച്ചു കൊൾകയെന്നരുളി ചെയ്തു പരമെശ്വരൻ എന്നപ്പൊൾ പറഞ്ഞു പരശുരാമൻ അടിയത്തിന്ന ബ്രഹ്മഹസ്തി ഉണ്ടായിപൊയി അതു

ഓല 6 നഷ്ടപ്പെട്ടുപോയിട്ടുണ്ട്

വെച്ചുവരെണമെന്നു കല്പിച്ച് ഭൂമി പ്രദക്ഷണം വപ്പാൻ പരശുരാമൻ പൊയനെരത്തപ്പ കാർത്ത വീരാർജ്ജുനനും പട സെനാദികളും കൂടി പള്ളിവെട്ടയാടുവാൻ പൊയിട്ട പൊകുന്നെരത്ത ജമദഗ്നിയുടെ ആശ്രമത്തിങ്കൽ ച്ചെന്നുകയറിയ ശെഷം നമുക്ക ഒരുനെരത്തെ വിരുന്നൂട്ടി അയക്കെണമെന്നു കല്പിച്ചു കാമധെനുവായിരിക്കുന്ന പശുവിനെ വിളിച്ച്പാൽ കറന്ന ഒരു മുല കറന്നപ്പൊൾ വന്ന മഹാജനത്തിന്നിരിപ്പാൻ ഗ്രഹങ്ങൾ തീർന്നു ഒരു മുലകറന്നപ്പൊൾ അരിചിലവുകൾ വന്നു ഒരു മുലകറന്നപ്പൊൾ വെപ്പാൻ വിറകയിലക്കെട്ടുകൾ വന്നുതികഞ്ഞു ഒരു മുലകറന്നപ്പൊൾ വിഭവങ്ങൾ ഒക്കയും വന്നു വെപ്പാൻ പാത്രങ്ങളും വന്നുതികഞ്ഞു അങ്ങിനെ ജമദഗ്നികണക്കായിട്ട എത്രെയും മഹൊത്സവമായി വിരുന്നൂട്ടിയനെരം കാമധെനുവായിരിക്കുന്ന പശുവിനെ നമുക്കു തരാമൊ മഹറിഷിയെന്നു ചൊദിച്ചു കാർത്ത വീരാർജ്ജുനൻ (അ)പ്പൊൾ പറഞ്ഞുമഹിറിഷി നമുക്ക ഗൊക്കളായിട്ട അതുതന്നെയുള്ള അതുകൊണ്ട് അതിനെത്തന്നു കൂടായെന്ന് മഹറിഷി അങ്ങിനെ കാർത്ത വീയ്യാർജ്ജുനനും പടസെനാദികളും കൂടിപ്പൊയി അങ്ങുചെന്നു മന്ത്രികളുമായി നിരൂപിച്ചരത്ഥകെ ഭാക്തങ്ങളായിരിക്കുന്ന മഹറിഷികൾക്ക് തപസ്സെ വെണ്ടു രാജഭണ്ഡാരമാകരുത് അത് രാജാക്കന്മാർക്ക് വെണ്ടുയെന്നു കല്പിച്ചു മന്ത്രികളായിരിക്കുന്ന കാരിയസ്തത്തന്മാർ വന്നു കാമധെനുവായിരിക്കുന്ന പശുവിനെത്തരെണമെന്നു മഹിറിഷിയൊട പറഞ്ഞ നെരത്ത് ഞാൻ തരികയില്ലെന്നു പറഞ്ഞു ജമദഗ്നി മഹരിഷി അതുകെട്ടപ്പൊൾ കാമധെനുവിനെച്ചെന്നു പിടിച്ചു കെട്ടിക്കൊണ്ടു പൊയനെരത്ത കയറ് പിടിച്ചവരെ കുത്തിക്കൊന്നു കയറുപറിച്ച ദെവലൊകത്തെക്കു പൊയി കാമധെനുയെന്നപ്പൊൾ അതു നിമിത്തമായി കാർത്തവീര്യാർജ്ജുനൻ ചെന്ന ജമദഗ്നി മഹറി

CC-0. In Public Domain. Digitization by eGangotri

ഷിയെ വെട്ടിക്കൊന്നപ്പൊൾ രെണുക മൂന്നു ഇരിപത്തൊന്നു പ്രാവശ്യം നെഞ്ഞത്തിടിച്ചു തൊഴിച്ചുമുറയിട്ട് അപ്പൊഴെക്കു ഭൂപ്രദക്ഷണം വെച്ച പരശുരാമൻ വന്നു ജമദഗ്നിയെയെടുത്ത ദഹിപ്പിച്ച മാതാവിന് ചിതയുണ്ടാക്കിക്കൊടത്ത് മാതാവ് അഗ്നിത്യാഗം ചെയ്തു എന്നനെരത്ത് പറഞ്ഞു പരശുരാമൻ മാതാപിതാക്കന്മാരുടെ പിതൃക്രിയകുന്ന........ത്[5] ക്ഷത്രിയവംശം മുടിച്ചു വന്നിട്ട് എന്നു കല്പിച്ചുറച്ചു ശ്രീ പരശുരാമൻ അതു നിമിത്തമായിട്ട 21 വട്ടം ക്ഷത്രിയ വധം കഴിച്ച 21 പ്രാവശ്യം കാരാഗ്രഹമായി കുഴിച്ച ചിറയാക്കിപ്പടുത്ത അതിൻ പതിനായിരം ക്ഷത്രിയ രാജാക്കന്മാരെ പിടിച്ചുകെട്ടിക്കൊണ്ടുവന്ന വജ്രം കൊണ്ടറുത്തരക്തം കൊണ്ടു നിറച്ചു ആ രക്തത്തിൽ മുഴുകിവൃന്ദ ആ രക്തത്തിൽ നിന്ന ആ രക്തം കൊണ്ടതർപ്പണം ചെയ്തു പിതൃപ്രസാദം വരുത്തി പിതൃക്കൾ പ്രത്യക്ഷമായി അരുളി ചെയ്തു ഉണ്ണി നിയ്യ സംഖ്യയില്ലാതൊളമുള്ള ക്ഷത്രിയരെ മുടിച്ച് ബ്രഹ്മഹസ്തിയാതി മഹാപാപം അകപ്പെടുവെല്ലൊ നിനക്ക് ഇനി ക്ഷത്രിയരെ മുടിക്കരുതയെന്നു മാതാവും പിതാവും കൂടി പിതൃക്കളായിവന്നു കല്പിച്ചു പരശുരാമനൊട യെന്നപ്പൊൾ ചൊദിച്ചു പരശുരാമൻ പിതാവെ ഇനിക്ക ബ്രഹ്മഹസ്തിയായിരിക്കുന്ന മഹാപാപം വന്നു അകപ്പെട്ടുവെല്ലൊ ഇനിയെതുപ്രകാരത്തിൽ ചെയതാൽ ബ്രഹ്മഹസ്തിയെ നിക്കാവുയെന്ന ചൊദ്യം ചെയ്താറെ എന്നാൽ നിനക്ക് ബ്രഹ്മഹസ്തിയെ നിക്കെണമെന്നുവരികിൽ നിയായിട്ട് ഒരു ഭൂമിയുണ്ടാക്കി ആ ഭൂമിയിങ്കൽ ആയിരത്തെട്ട് ശിവപ്രദഷടയും നൂററെട്ട് ദുർഗ്ഗപ്രതിഷ്ടയും എഴുപത്തുരണ്ട് ഭദ്രകാളിയെയും പ്രദഷ്ടിച്ച് അങ്ങിനെ ഒരു ഭൂമി പ്രദഷ്ടിച്ചുണ്ടാക്കി ആ ഭൂമി വെദിയരായിരിക്കുന്ന വെദബ്രാഹ്മണർക്ക് ഭൂമി ദാനം കഴിച്ച് വെദ ബ്രാഹ്മണരെക്കൊണ്ട് വെദകങ്ങളെ ചെയ്യിപ്പിച്ചാൽ നിന്റെ ബ്രഹ്മഹസ്തിയാദി മഹാപാപം തിരുമെന്നു പിതൃക്കളാൽ വിധിച്ചിരിക്കുന്നു. എന്നാൽ ഞാനെങ്ങിനെ ഭൂമിയെ സൃഷ്ടിക്കെണ്ടുയെന്നു വിചാരിച്ചു ശ്രീ പരശുരാമൻ സമുദ്രദെവതയായിരിക്കുന്ന വരുണനെ സ്സെവിച്ചു പ്രത്യക്ഷമാക്കി ഇനിക്ക് ഒരു ഭൂമിയുണ്ടാക്കെണം വരുണ അതിനായി നിന്നെ സ്സെവിച്ചതു ഞാൻ ഭൂലൊകത്തിൽ പണ്ടു സഗരൻ കുഴിച്ച പാതാളം ഉണ്ടെല്ലൊ ആറുയൊജന അവിടെ ഭാഗിരഥൻ ഗംഗയെക്കൊടന്ന സമുദ്രമാക്കിട്ടുണ്ടെല്ലൊ അവിടുന്ന് ആ സമുദ്രത്തെ

---

5 ഓലയുടെ ഈ ഭാഗത്ത് എഴുത്ത് വ്യക്തമല്ല.

CC-0. In Public Domain. Digitization by eGangotri

അങ്ങൊട്ട് നീക്കിട്ട് നമുക്ക് അവിടെ ഭൂമിയുണ്ടാക്കെണമെന്നു പറഞ്ഞു വരുണനൊട് ശ്രീപരശുരാമൻ എന്നപ്പൊൾ സഗരൻ കുഴിച്ച പാതാളത്തിന്ന സമുദ്രത്തെ നീക്കിക്കൊടുത്തു വരുണൻ ഒരു മുറവും കൊടുത്തു ഠരം (ഈ) മൊറം കൊ(ണ്ടെറിഞ്ഞ) ദിക്ക ഭൂമിയായ് വരും പരശുരാമയെന്നു വരം കൊടുത്തു...... (അപ്പൊൾ) വരുണൻ കൊടുത്ത മുറമെടുത്തെറിഞ്ഞു പരശുരാമൻ (അപ്പെ)ാൾ ആ മൊറം നൂറുകാതം വഴിചെന്നു വീണു അപ്പൊൾ അവിടെച്ചെന്നു പുറം കാൽകൊണ്ട ഒന്നു തട്ടി അവിടെന്ന് അറുപതുകാതം വഴി ചെന്നു വീണു അവിടെ ചെന്നപ്പൊഴെക്ക പുററായി മൊറം അങ്ങിനെ നൂറററുപതു കാതം പാതാളമാക്കി കുഴിക്കകൊണ്ട് മലയാളമെന്നു പെര് ഭുമിക്ക് കന്യാകുമാരിയിങ്കന്ന് ഗോകർണ്ണത്തൊളം നൂറററു പതു കാതമുണ്ട് ഭാരതഖണ്ഡം ഭുമിമലെയാളം അങ്ങിനെയിരിക്കുന്ന ഭുമി ഇളകിത്തുടങ്ങി അപ്പൊൾ കനെക പൊടിയിട്ട് ഉറപ്പിച്ചു അത് എറിപ്പൊയതു എറാട അങ്ങിനെ കനെകപ്പൊടിയിട്ട് ഉറപ്പിച്ചിട്ടും ഭുമിയിളക്കം മാറിലാ എന്നപ്പൊൾ അഷ്ടനാഗങ്ങളെക്കൊണ്ട് വാറാക്കികെട്ടി ഉറപ്പിച്ചു എന്നിട്ടും ഭുമിയിളക്കം മാറിലാ അങ്ങിനെ ആയിരത്തെട്ട് പ്രദഷ്ടയുണ്ടാക്കി അതിൽ ശിവനെ പ്രദഷ്ഠിച്ചുയെന്നിട്ടും ഭുമിയിളക്കം മാറിലാ അങ്ങിനെ നൂററെട്ട് പ്രദഷ്ടയുണ്ടാക്കി അതിൽ ശക്തിയെ പ്രദഷ്ഠിച്ചു എന്നിട്ടും ഭുമിയിളക്കം മാറിലാ അങ്ങിനെ നാനൂററ് നാല്പത്തെട്ട് നാല്പത്തീരടി ഉണ്ടാക്കി അതിൽകിഴക്കും പടിഞ്ഞാറും നിന്ന് അഭ്യാസം തുടങ്ങിയപ്പൊൾ ഭുമിയിളക്കം മാറി ഇനി ഒരു സംവത്സരം കൊണ്ട രണ്ടു കൂറായിപകുത്തു ആറു മാസം വരിഷിക്കെണം എന്ന മലയാളത്തിൽ കഴിവുള്ളു എന്ന് നിരൂപിച്ച ദെവെന്ദ്രനെ പ്രത്യക്ഷമാക്കി സമുദ്ര ദെവയതയായിരിക്കുന്ന വരുണനെയും വരുത്തി നിരൂപിച്ചു മലെയാളമെന്ന ഭുമിയിങ്കൽ മലയാളമെന്ന ഭുമിയിങ്കൽ സംവത്സരത്തിൽ ആറുമാസം വരിഷിക്കണമെന്നു കല്പിച്ച തമ്മിൽ പറഞ്ഞു കൈപിടിച്ച സത്യം ചെയ്ത് പിരിഞ്ഞതിന്റെ ശെഷം അന്നു തുടങ്ങി മലയാളത്തിൽ ആറുമാസത്തെ വരിഷവും ആറുമാസത്തെ വെനലും ഇനി ഞാനുണ്ടാക്കിട്ടുള്ള ഭുമിയിൽ അന്ന മുതലായിട്ടുള്ള പദാർത്ഥങ്ങളൊക്കെയുമുണ്ടാക്കി പക്വ ഫലമൂലാദികൾ കായവൃക്ഷങ്ങൾ പുഷ്പങ്ങൾ ഇവയെല്ലാററാലും കുടെ ഉണ്ടാക്കി പരദെശത്തുചെന്ന അറുപത്തുനാലു ഗ്രാമക്കാരായിക്കണ്ടെരിക്കുന്ന ബ്രാഹ്മണരൊട അപെക്ഷിച്ചപ്പൊൾ ഞങ്ങൾ പൊരുകയില്ല കർമ്മ ഭുമിയായിരിക്കുന്ന മലയാളത്തിങ്കലെക്കയെന്നു പറഞ്ഞ നെരത്തിങ്കൽ എറിയ

CC-0. In Public Domain. Digitization by eGangotri

ഭാഗിരഥപ്രയതനം ചെയ്തിട്ടെല്ലൊ ഞാൻ മലയാളമെന്നൊരു ഭുമി യുണ്ടാക്കി എന്നൊട്ട ഭുമി ദാനം വാങ്ങുവാനായിട്ട് ബ്രാഹ്മണ രയില്ലയെല്ലൊയെന്നു കല്പിച്ച് എത്രെയും പെരുതായിട്ടുള്ള സങ്കടം വന്നു പരശുരാമന് അതുകണ്ടനെരത്തു അറുപത്തുനാലു ഗ്രാമത്തിൽ തികഞ്ഞിട്ടുള്ള ഗ്രാമം പതിനെട്ടു ഗ്രാമക്കാര് ഞങ്ങൾ കൂടെ പൊരാമെന്നു കല്പിച്ച് പതിനെട്ടു ഗ്രാമക്കാരും കൂടി പൊന്ന മലയാളത്തിൽ കുടിരുന്ന അവർക്ക പരദെവതമാരായിരിക്കുന്ന ദക്ഷിണ മൂർത്തിയെയും വരാഹമൂർത്തിയെയും ഇങ്ങിനെ രണ്ടു പരദെവതമാരെയും കൂടികൊടന്ന് പ്രദിഷ്ഠിച്ചതിന്റെ ശെഷം ബ്രാഹ്മ ണർക്ക് അടുത്തു ചെർന്നിട്ടുള്ളവരെയും വെണ്ടത്തക്കജനങ്ങ ളെയും വരുത്തി ബ്രാഹ്മണരെ പരിപാലിച്ച് രക്ഷിക്കത്തക്കവണ്ണം ആക്കിവെച്ച് ഇനി ഭുമിദാനം കഴിക്കെണമെന്നു കല്പിച്ച് ബ്രാഹ്മ ണരെ വരുത്തി പരശുരാമൻ എന്നാൽ ഞാൻ ഇരിപത്തൊന്നു വട്ടം ക്ഷത്രിയരെ മുടിച്ച് ബ്രഹ്മഹസ്തിയുണ്ട് ഇനിക്കയെന്ന മാതാ പിതാക്കന്മാര് പിതൃക്കളായിവന്ന് എന്നൊട് പറെക ആയത് എന്റെ ബ്രഹ്മഹസ്തി നിക്കെണമെന്നു വരികിൽ ഞാനായിട്ടൊരു ഭുമി യുണ്ടാക്കി ആ ഭൂമി ബ്രാഹ്മണരായിരിക്കുന്ന നിങ്ങൾക്കു ദാന ചെയ്‌വാൻ തുടങ്ങുന്നു സത്യത്തെ മറക്കരുത് അസത്യത്തിങ്കൽ ഭുമിക്കരുത് ധർമ്മത്തെ മുടക്കരുത് കർമ്മത്തെ പിഴക്കരുത് എന്നു കല്പിച്ചു ആയിരത്തെട്ട് ശിവ പ്രദഷ്ഠക്കും നൂറെറട്ട് ശക്തി പ്രദഷ്ടക്കു മലെയാളമെന്ന ഭുമിക്കും കൂടി ബ്രഹ്മസ്സമായി വാണി രുന്നു കൊൾക ബ്രാഹ്മണരെ ചെന്നു കല്പിച്ച് പുഷ്പം നീരും വീഴ് ത്തിക്കൊടുത്തു പരശുരാമൻ അപ്പൊഴെ എററു കുടിച്ചു ഇളയത് ഇനി ഞങ്ങൾക്ക സഹിച്ചുകൂടതെ കണ്ട് ഒരു സങ്കടമുണ്ടായിയെന്നു വരികിൽ ത്രിശ്ശൂര് വടക്കും നാഥന്റെ ക്ഷെത്രത്തിങ്കൽ പതിനെട്ട ഗ്രാമക്കാരും കൂടിതികഞ്ഞയെത്തി പാർക്കവെണ്ടു എന്നാൽ ഞാനവിടെ വന്ന് നിങ്ങടെ സങ്കടങ്ങളൊക്കെയും തീർത്തുതരുന്ന തുണ്ട് എന്ന് തമ്മിൽ കൈപിടിച്ച് സത്യം ചെയ്തമങ്ങരുളി ശ്രീപര ശുരാമൻ അങ്ങിനെയിരിക്കുന്ന മലയാളത്തിൽ പെണ്ണുംപിള്ളയും പശുവും ബ്രാഹ്മണരെയും രക്ഷിപ്പാൻ തക്കവണ്ണം ഠരംഴപെരുമാള വന്ന് രാജ്യം വാണു പെണ്ണും പിള്ളയും പശുവും ബ്രാഹ്മണരെ യും രക്ഷിച്ച എറിയ വർഷം കഴിഞ്ഞ് കാലത്തു അവിടെ ത്രെതാ യുഗം കഴിഞ്ഞ ദ്വപരയുഗം പിറന്ന് അങ്ങിനെ ഇരിക്കും കാലത്ത് ചോഴപ്പെരുമാളവന്നു അന്നു ഠരംഴപ്പെരുമാള പൊയി അങ്ങിനെ ചൊഴപ്പെരുമാള് രാജ്യംവാണ എറിയ വരിഷം കഴിഞ്ഞ് അങ്ങിനെ

CC-0. In Public Domain. Digitization by eGangotri

യിരിക്കും കാലത്തു പാണ്ടിപ്പെരുമാളവന്നു അന്നു ചൊഴപ്പെരുമാള പൊയി അങ്ങിനെ പാണ്ടിപ്പെരുമാള് രാജ്യം വാണ പെണ്ണും പിള്ളയും പശുവും ബ്രാഹ്മണരെയും രക്ഷിച്ച എറിയ വരിഷം കഴിഞ്ഞ കാലത്ത ചെരമാം പെരുമാളുവന്നു അന്നു പാണ്ടിപ്പെരുമാള പൊയി അങ്ങിനെ ചെരമാം പെരുമാളരാജ്യം വാണു പെണ്ണും പിള്ളയും പശുവും ബ്രാഹ്മണരെയും രക്ഷിച്ചിരിക്കും കാലത്ത തൃശ്ശൂര് വടക്കുംനാഥന്റെ പുത്രനായിട്ട് ശങ്കരാചാര്യരയെന്നൊരു ബ്രാഹ്മണനുണ്ടായി അങ്ങിനെ ആ ബ്രാഹ്മണന്നെ അറുപത്തു നാലുകുലവിദ്യയും ഗ്രഹിച്ച് സർവ്വജ്ഞ പീഠമെറി അങ്ങിനെ ശങ്കരാചാര്യര് ബ്രഹ്മത്തിങ്കന്ന് കല്പിച്ചിരിക്കുന്നത് എഴുപത്തുരണ്ടു കുലവംശത്തിനും അറുപത്തുനാലു അനാചാരം അന്നു തുടങ്ങിയത തിണ്ടിക്കുളിച്ചും തൊട്ടുകുളിയും അതിരും വരമ്പും കിണറും കുളവും പന്തിയും പന്തലും അടക്കവുമാചാരവും നീതിയും നിലയും അടുക്കളശുദ്ധവും ജാതിഭെദവും യതാക്രമങ്ങൾ വെച്ചിരിക്കുന്നു ശങ്കരാചാര്യര്.

രണ്ടാം ഭാഗം

അങ്ങിനെ ശങ്കരാചാര്യര് വെച്ചിരിക്കുന്ന അനാചാരത്തിന്ന് നീകത്തൂക്കം വരുത്താതെ രക്ഷിച്ചു നിർത്തി രാജ്യം വാണചെരമാം കല്പകത്തിങ്കന്നു അങ്ങിനെ കഴിഞ്ഞു പൊരുന്നനാളിൽ ഒരു ദിവസം ചെരമാം പെരുമാളുടെ ഒലീയില അലക്കി നിൽക്കുന്നു വെളുത്തെടത്തു ചീരാമൻ അപ്പൊൾ തിരുമഞ്ചക്കുളത്തിലിരിക്കും ആശാരി ചങ്കരന്റെ മകൾ ചീരായിയെന്ന ആശാരിച്ചിപ്പെണ്ണ് തിണ്ടാർന്നിരുന്ന് കുളിച്ചു പൊരുന്നപ്പൊൾ വെളുത്തെടത്തെ ചീരായൻ കല്ലുമലർത്തിയിട്ട് അലക്കുക ആകുന്നത് യെന്നപ്പൊൾ പറഞ്ഞു ആശാരിച്ചിപ്പെണ്ണ് ഹെ കമ്മളെ നിങ്ങള് അങ്ങിനെയല്ല അലക്കെണ്ടുന്നത് അക്കല്ലിന്റെ ഒരു തലപൊന്തിച്ച് അവിടെ ഒര് അണക്കല്ലു വെച്ച് അലക്കുന്ന വസ്ത്രം രണ്ടുതലയും പിടിച്ച് നടുക്കൊണ്ട എററി അലക്കുക വെണ്ടുന്നു എന്നാൽ വഴിപൊലെ വെളുക്കും എന്നു ചൊല്ലിക്കൊടുത്തവള ആശാരിച്ചി എന്നപ്പൊൾ അതു കെട്ടു വെളുത്തെടത്തു ചീരാമൻ അലക്കുകല്ലിന്റെ ഒരു തലപൊന്തിച്ച് അതിന്റെ താഴെ ഒര അണക്കല്ലു വെച്ച് അലക്കുന്ന വസ്ത്രം രണ്ടു തലയും പിടിച്ച് നടുക്കൊണ്ട് എററി അലക്കിയപ്പൊൾ ഒരു നാളും അപ്രകാരം വെളുത്തിട്ടില്ല അതുപൊലെ

CC-0. In Public Domain. Digitization by eGangotri

വെളുത്തു അന്നു ഒലിയില അങ്ങിനെ വിരിച്ചൊണക്കി മടക്കിയെടുത്ത് ചെരമാം പെരുമാളുടെ തിരുമുമ്പിൽക്കൊണ്ടു ചെന്ന് കാഴ്ച വെച്ചു വെളുത്തെടത്തു ചീരാമൻ ഒലിയിലയെടുത്തു നൂർത്തി നൊക്കിയപ്പൊൾ അരുളിച്ചെയ്തു ചെരമാം പെരുമാള് ഇത്രനാളും നിയല്ലെയൊ അലക്കിയാരം ഇന്നുനിയല്ലെ അലക്കിയത് ഇന്ന് എങ്ങിനെയായി ഇത്ര വെളുത്തത് തമ്പുരാനെ തിരുമനസ്സുണ്ടായിരിക്കെണം ഇന്നടിയത്തിന്ന് ഒരു പെണ്ണും പിള്ള തിരിച്ചു തന്നത് അതുകൊണ്ട് അടിയത്തിന്ന് ആപ്പെണ്ണുംപിള്ളയെ പിടിച്ചുതരുവാൻ തിരുമനസ്സുണ്ടായിരിക്കെണ്ടാ എന്ന് തൊയുതുണർത്തിച്ചു വെളുത്തെടൻ ചീരാമൻ എന്നപ്പൊൾ അരുളിചെയ്തു ചെരമാം പെരുമാള് വല്ല കുലത്തിലുള്ള പെണ്ണും പിള്ളയെങ്കിലും നിയ്യ് അവളെ പിടിച്ചുകൊണ്ടുപൊയിക്കൊൾകെവെണ്ടു അതുകൊണ്ട് നിനക്ക് ഒരു കുലപ്പിഴ അപരാധം വരികയില്ലയെന്നരുളിച്ചെയ്തു ചെരമാൻ പെരുമാള് അങ്ങിനെ വെളുത്തെടൻ ചീരാമൻ ആശാരി പുരക്കൽചെന്ന പതിപാർത്തിരുന്നു അങ്ങിനെ പുലർച്ച സമയത്ത് അടിച്ചുതളിപ്പാൻ വാതിൽ തുറന്ന മുററത്തിറങ്ങി ആശാരിച്ചി അപ്പൊൾ ഓടിയെത്തിപ്പിച്ചുകൊണ്ടുപൊയി അവന്റെ അകത്തിട്ടടച്ചു വെളുത്തെടൻ ചീരാമൻ എന്നപ്പൊൾ തിരുമഞ്ചക്കളത്തിലിരിക്കും ആശാരിച്ചങ്കരൻ സംഭ്രമത്തൊടെ വെഗത്തിൽ ചെന്നുചെരമാം പെരുമാളെ കെൾപ്പിച്ചു തമ്പുരാനെ തിരുമനസ്സുണ്ടായിരിക്കെണം അടിയത്തിന്റെ അടിക്കിടാവിനെ പിടിച്ചുകൊണ്ടുപൊയി വെളുത്തെടത്തെ കന്മള അടിയത്തിന് അവരൊട അതിന്റെ ഉത്തരത്തെക്കഴിച്ച പെണ്ണും പിള്ളയെക്കൊണ്ടു പൊരെണം അതല്ലായ്കിൽ അടിയത്തിന് കുലപ്പിഴയുണ്ട് അതിന് തിരുമനസ്സുണ്ടായിട്ട് ഇവിടുന്ന് കുറഞ്ഞൊര ആളുമായുധവും അയക്കയും വെണം നിങ്ങൾക്ക് രണ്ടു കൂട്ടക്കാർക്കും വെണ്ടിയിട്ട് നൊം ഇവിടുന്ന് ഒര ആളെയും കല്പിക്കയുമില്ല രണ്ടു പുറത്തെക്കും വെണ്ട ഉണ്ടയും മരുന്നും ആയുധവും പടച്ചിലവും തരാം ചാക്കും മുറിയും യെടുത്ത് രക്ഷിക്കാം എത്രനാളയെങ്കിലും നിങ്ങൾ തമ്മിൽ പടവെട്ടുകെവെണ്ടുയെന്നരുളിച്ചെയ്തു ചെരമാം പെരുമാള അങ്ങിനെ അവിടുത്തെ കല്പനയും വാങ്ങി ഇങ്ങുവന്ന് ശെഷമുള്ളവരുമായി നിരൂപിച്ച് ആശാരി മൂശാലി തട്ടാൻ കരുമാൻ കൊല്ലക്കുറുപ്പ ഇങ്ങിനെയുള്ളവരുമൊരുമിച്ചുകൂടി പുരാമണ്ണാൻ, മണ്ണുവൻ, വെമ്പാണ, വെങ്കുറവൻ, വെന്തച്ചൻ, വെലൻ, വെടുവൻ, പരിചപ്പെരി കൊല്ലൻ, കണിയാരപ്പണിക്കര, വെള്ളാട്ടൻ വെളുത്തെടൻ, പൂഴി

CC-0. In Public Domain. Digitization by eGangotri

പുള്ളുവൻ ഇങ്ങിനെ പതിനാലു വർണ്ണക്കാരുമൊരുമിച്ചുനിന്നു ഇങ്ങിനെ രണ്ടു പുറത്തും പകുത്തു നിന്ന് യുദ്ധം തുടങ്ങി അങ്ങിനെ പന്തീരാണ്ടുക്കാലം പടവെട്ടി എന്നപ്പൊൾ പടയിൽ തൊററു കണ്ണാളര പതിന്നാലുവർണ്ണത്തിലുള്ള വെളുത്തെടത്തെ നായര നമ്മുടെ പെണ്ണും പിള്ളയെ പിടിച്ചടക്കി പതിന്നാലുവർണ്ണക്കാരുമായി പടവെട്ടിയിട്ട നൊം പടയിൽ തൊററു ഇനി നൊം ഇവിടുന്ന് നാടു വിട്ടു പുറപ്പെട്ടുപൊകെയാവു എന്ന എല്ലാവരും കൂടി നിരൂപിച്ചു രണ്ടായിരത്ത എഴുന്നൂററനാല്പത്തുനാലു കുടിക്കാരകണ്ണാളരും കൂടി ഒരുമിച്ച പെണ്ണും പിള്ളയുമായ പായ്ക്കെട്ടുകെട്ടി ചെരമാന്നാടുകടന്നു ഇഴവത്തുനാട്ടിൽച്ചെന്ന് ഠരംഴരാജാവിനെക്കണ്ട് ഉണ്ടായ വർത്തമാനങ്ങളൊക്കെയും ഠരംഴവരാജാവിനൊട അറിയിച്ച് ഠരംഴത്തുനാട്ടിൽ പാർക്കയും ചെയ്തു കണ്ണാളര് അങ്ങിനെ ഇരിക്കുന്ന നാളിൽ പതിനഞ്ച ദിവസം കൂടുമ്പൊൾ അങ്കം ചാർത്തെണം ചെരമാം പെരുമാൾക്ക് അതിന് വിളക്കത്തലയൊനെ ആളയച്ചപ്പൊൾ അവൻ കത്തിയും കല്ലും കുഴിച്ചിട്ടുകളഞ്ഞു അവനൊരു കട്ടയിരുമ്പുമെടുത്ത് തലയിലെററിക്കൊണ്ടുചെന്ന് ചേരമാം പെരുമാളുടെ തിരുമുമ്പിൽക്കാഴ്ച്ച വെച്ചു തമ്പുരാനെ തിരുമനസ്സുണ്ടായിരിക്കെണം അടിയത്തിന്റെ പണിയായുധങ്ങൾ കരുമാന്റെ ആലയിൽ നന്നാക്കുവാൻ കൊണ്ടുചെന്ന് കൊടുത്തിരിക്കുന്നു അവൻ പൊകുമ്പൊൾ അടിയത്തിന്റെ പണിയായുധങ്ങൾ കൂടെക്കൊണ്ടുപൊയിക്കളഞ്ഞു അവൻ ഒരു കട്ട ഇരിമ്പു തന്നെ തന്നിട്ടുള്ളു പണിയായുധങ്ങൾ വെണമെന്നുവരികിൽ ഠരംഴത്തുനാട്ടെക്ക വരികെവെണ്ടു അതല്ലാഞാൽ ഞങ്ങളിവിടെ വരുന്ന നാളിൽ തന്നെക്കുന്നതുണ്ട് എന്നു തൊഴുതുണർത്തിച്ചു വിളക്കത്തലയൊൻ അങ്ങിനെ അങ്കം ചർത്തുവാൻ ആയുധമില്ലാഞ്ഞു കെശരൊമങ്ങൾ വളർന്നുവളർന്നുയിരൂപി വെഷമായി ചെരമാം പെരുമാൾക്ക് ആശാരികരുമനില്ലാഞ്ഞാൽ എരുമുരുമ്പും മുട്ടിതട്ടാനിലാഞ്ഞാൽ കെട്ടുതാലി വെപ്പാനും പൊഴുതുമൊതിരം തീർപ്പാനും മുട്ടായി അങ്ങിനെ ചെരമാന്നാട്ടിലുള്ള എരുമിരുമ്പും മുട്ടിയ നെരത്ത ഇനി കണ്ണാളരെ വരുത്തുകയാവു എന്നു നിരൂപിച്ചു തീണ്ടമണ്ണാനെയും പാണനെയും കൂടിവരുത്തി അരുളി ചെയ്തു നിങ്ങളിരിവരുംകൂടി ഠരംഴത്തുനാട്ടിൽ ചെന്ന് കണ്ണാളരെ കൂട്ടിക്കൊണ്ടു വരിക എന്നു കല്പിച്ചു ഇവർക്ക് വഴിച്ചെലവിനും കൊടുത്തയച്ച് അവരയിരുവരും കൂടി കണ്ണാളരെത്തിരഞ്ഞു പൊയി അങ്ങിനെ ഓരൊരൊദെശത്തുചെന്നാൽ കുടികണ്ടവിടെ

CC-0. In Public Domain. Digitization by eGangotri

നടന്നും പടികണ്ടവിടെ ഇരന്നും രണ്ടുനാലു ദിവസം അവിടെ പാർത്തളെയും പാണൻ വിററുണ്ടചിനക്കൊട്ടപാക്കും തീണ്ട മണ്ണാൻ അങ്ങിനെ പാതി വഴിക്ക് ചെന്നപ്പൊൾ മണ്ണാന്റെ വഴിച്ചില വിനു ഒടുങ്ങിപൊയി അപ്പൊൾ തീണ്ട മണ്ണാൻ പിന്നാക്കം തന്നെ പൊന്നു ചെരമാൻ പെരുമാളുടെ തിരുമുമ്പിൽ വന്നുതൊഴുതു ണർത്തിച്ചു തീണ്ടമണ്ണാൻ എന്തെടാ കണ്ണാളര പൊന്നിലെ മണ്ണാന പാണൻ തുണയല്ല തമ്പുരാനെയെന്ന് ഉണർത്തിച്ചു തിണ്ടമണ്ണാൻ അങ്ങിനെ ഓരൊരൊ നാടും ദെശവും തൊടും പുഴയും കടന്ന ഠരം ഴത്തുനാട്ടിൽച്ചെന്നു കണ്ണാളരുമായിക്കണ്ട് പറഞ്ഞ് നിങ്ങളൊടു പൊരുവാന്തക്കവണ്ണം കല്പിച്ചിരിക്കുന്നു ചെരമാൻ പെരുമാളതമ്പു രാൻ എന്നുപറഞ്ഞു പാണൻ ഞങ്ങള് അങ്ങൊട്ട് പൊരികയില്ല തിരുവരങ്ക ഞങ്ങൾക്ക് അഭിമാനക്ഷയം വന്നിട്ടാണ് ഞങ്ങൾ പൊന്നിരിക്കുന്നത് ഞങ്ങളങ്ങൊട്ട് പൊരെണമെന്നു വരികിൽ ഞങ്ങൾക്കമൊനിഭമായിട്ട് ചില സ്ഥാനവലുപ്പങ്ങൾ തരാമെന്നു വരി കിൽ ഞങ്ങളങ്ങൊട്ട് പൊരാമെന്നു പറെകെ വെണ്ടു നെറ്റിപ്പട്ടം മുത്തുക്കുടയും വീരചങ്ങലയും വീരാളിപ്പട്ടും പച്ചപ്പട്ടും പവിഴ മാലയും നാഗപടംവെച്ച താലിയും അനന്തൊടിക്കാതിലയും പടി അരഞ്ഞാളും മൊഴവളയും എരട്ടചിലങ്കമൊതിരവും എരട്ടക്കടു ക്കവെച്ച തളയും പുലിയന്മൊതിരവും കൊടുപ്പുംകളാഞ്ചിയും ഇക്കഴുത്ത വൈരമണിയും എളക്കത്താലിമടക്കാമണികൂട്ടം ഇരിപ ത്തൊന്ന് കല്ലുവെച്ച ചെറുതാലിയും പൊന്നും നൂലും കെട്ടിയതി ന്മീതെ മെച്ചരടും പുരയടക്കിത്തട്ടും തുലാങ്ങളിരുത്തുകമച്ച അറമാ ളിക തീർക്കുക കൊട്ടിയമ്പലപ്പടി പടിപ്പുരപടിക്കൽ തൊരണം നാട്ടുക മീനക്കൊടിക്കൽ ഇരുകാമൽതുലാം വെക്കുക നാലെകാൽ പന്തലിടുക പന്തലിനകത്ത പീഠവും വാൽക്കണ്ണാടിയും പുർന്ത കവും വെച്ച വിരാളിപ്പട്ടിട്ട മുടിപ്പെണ്ണു കെട്ടുക കെട്ടിയർക്കുകയും ചെമ്പുകയററിവെക്കുകയും വലിയ പപ്പടം പഞ്ചസാരയും നെയ്യുമെടുത്ത സദ്യ കഴിക്കയും തട്ടിട്ടുകളിക്കയും കൊട്ടിക്കളിയും കുടയും തഴയും പിടിക്കുകയും പങ്കകെട്ടിക്കറക്കുകയും ഇങ്ങിനെ യുള്ള പൊരുഷങ്ങൾ തരാമെന്നു വരികിൽ ഞങ്ങളങ്ങൊട്ട് പൊരാമെന്നു പറെകെ വെണ്ടു തിരുവരങ്ക അങ്ങിനെയുള്ള പൌരു ഷങ്ങൾ ചെരമാം കല്പകത്തിങ്കന്ന് തന്നുവെന്നു വരികിൽ ഞങ്ങളെ പ്പൊലെ നിനക്കും തന്നെക്കുന്നതുണ്ട്എന്നുപറഞ്ഞു കണ്ണാളര എന്നാൽ അടിയൻ ചെന്ന് ചെരമാൻ പെരുമാള് തമ്പുരാന്റെ തൃക്കാൽ കണ്ട് തൊഴുത് നിങ്ങളിവിടുന്നു പറഞ്ഞിട്ടുള്ള

CC-0. In Public Domain. Digitization by eGangotri

വർത്തമാനങ്ങളൊക്കെയും തമ്പുരാന്റെ തൃച്ചെവിയിലുണർത്തിച്ച തിരുമനസ്സറിഞ്ഞ വരാമെന്നു നിശ്ചയിച്ച് യാത്രവഴങ്ങി പുറപ്പെട്ടു തിരുവരങ്കൻ ഇഴുവത്തുനാടും ദെശവും തൊടുംപുഴയും കടന്ന ചെരമാം കല്പകത്തിങ്കൽ വന്ന ചെരമാം പെരുമാളെക്കണ്ട തൊഴു തുണർത്തിച്ചു തിരുവരങ്കൻ എന്തെടാ തിരുവരങ്ക കണ്ണാളരെ പൊന്നിട്ടില്ലെതി തമ്പുരാനെ തിരുമനസ്സുണ്ടായിരിക്കെണം ഇഴു വത്തു നാട്ടെക്ക് വിടകൊണ്ടു അടിയൻ കണ്ണാളരുമായിക്കണ്ട് അവരൊടപൊരുവൻ വിടകൊണ്ടു അടിയൻ അപ്പൊൾ അവര അടിയനൊട ഞങ്ങളങ്ങൊട്ടെക്ക പൊരുകയില്ല ഞങ്ങൾക്ക ഞങ്ങടെ പെണ്ണും പിള്ളയെ പിടിച്ചടക്കി പതിനാലുവർണ്ണക്കാരും ഞങ്ങളും കൂടി പന്തീരാണ്ടക്കാലം പടവെട്ടി ഞങ്ങൾ പടയിൽ ത്തൊററ അങ്ങിനെ പെണ്ണും പിള്ളയും പായ്ക്കെട്ടകെട്ടിപൊന്ന ഇഴുവത്തു നാട്ടിൽ വന്ന ഇഴവത്തു രാജാവിനെക്കണ്ട ഞങ്ങളി വിടെ പാർക്കുകയാകുന്ന ഞങ്ങൾ ചെരമാന്നാട്ടെക്ക് പൊരെണ മെന്നു വരികിൽ ഞങ്ങൾ പറയുന്ന സ്ഥാനവലുപ്പങ്ങൾ ഞങ്ങൾക്ക് തരാമെന്നു വരികിൽ ഞങ്ങൾ പൊരാം അതല്ലായ്കിൽ ഞങ്ങൾ പൊരികയില്ലയെന്നു വിടകൊണ്ടു കണ്ണാളര തമ്പുരാനെയെന്നു തൊഴുതുണർത്തിച്ചു കണ്ണാളര തിരുവരങ്കൻ എന്നാൽ അവർക്ക് എന്തെല്ലാം സ്ഥാനവലുപ്പങ്ങൾ വെണ്ടുവെന്ന് നിന്നൊടചൊല്ലി വിട്ടത് അവർക്ക നെററിപ്പട്ടം മുത്തുക്കുടയും പച്ചപ്പട്ടും പവിഴമാല യും വീരാളിപ്പട്ടും വീരചങ്ങലയും നാഗപടംവെച്ച താലിയും അന ന്തൊടിക്കാതിലയും പടി അരത്താളും മൊഴവളയും ഇരട്ടചിലങ്ക മൊതിരവും കൊടുപ്പും കളാഞ്ചിയും ഇക്കഴുത്തവൈരമിന്നി എള ക്കമെടക്കം മണിക്കൂട്ടം ഇരിപത്തൊന്ന് കല്ലുവെച്ച ചെറുതാലി പൊന്നും നൂലും കെട്ടിയതിന്മീതെ മെച്ചരടും പുരയടക്കിത്തട്ടും തട്ടയിടുകയും മച്ച അറമാളികതിർക്കുകയും കൊട്ടിയമ്പലപ്പടിയും പടിപ്പുരയും പടിക്കൽ തൊരണം നാട്ടുകയും മീനക്കൊടിക്കൽ ഇരികാമൽ തുലാംവെക്കെയും നാലെകാൽ പന്തലിടുക പന്തലിന കത്ത പീഠം വാൽക്കണ്ണാടിയും പൂർന്തകവും വാൽക്കണ്ണാടിയും വീരാളിപ്പട്ടിട്ടു മൂടി പെണ്ണുകെട്ടിയാർക്കുകയും ചെമ്പുകയറ്റി വെക്കയും വലിയ പപ്പടം പഞ്ചസാരയും നെയ്യുമെടുത്ത സദ്യ കഴിക്കയും തട്ടിട്ടതിന്മെൽ കളിക്കയും കൊട്ടിക്കളിയും കുടയും തഴയും പിടിക്കയും പങ്കകെട്ടിക്കറക്കുകയും ഇങ്ങിനെയുള്ള പൗരു ഷങ്ങൾ ഞങ്ങൾക്കതരാമെന്നു വരികിൽ ഞങ്ങളങ്ങൊട്ടപൊരാ മെന്നു വിടകൊണ്ടു കണ്ണാളര അതിനെതും വെണ്ടതില്ല തിരുവരങ്ക

CC-0. In Public Domain. Digitization by eGangotri

നീയ അങ്ങുചെന്ന കണ്ണാളരൊട പൊരുവാൻ പറെകെ വെണ്ടു ഇപ്പറഞ്ഞതൊക്കെയും അവർക്ക് കൊടുക്കാമെന്നു കല്പിച്ചു ചെരമാം കല്പകത്തിങ്കന്ന് അങ്ങിനെ തമ്പുരാന്റെ തൃക്കാൽ കണ്ടു തൊഴുത് യാത്ര വഴങ്ങിപ്പുറപ്പെട്ടു തിരുവരങ്കൻ ചെരമാന്നാടു കടന്ന് ഇഴുവത്തുനാട്ടിൽ ചെന്ന് കണ്ണാളരുമായിക്കണ്ട് എന്നാൽ നിങ്ങൾപറഞ്ഞിട്ടുള്ള കാരിയങ്ങളൊക്കയും അടിയൻ ചെന്ന് ചെരമാം പെരുമാള തമ്പുരാന്റെ തൃച്ചവിയിലുണർത്തിപ്പിച്ചു എന്നാൽ നിങ്ങൾ പറഞ്ഞിട്ടുള്ള കാരിയങ്ങളൊക്കെയും തരാമെന്നുകല്പിച്ചു ചെരമാം പെരുമാള് തമ്പുരാൻ ഇനി നൊം പുറപ്പെടുകെയാവു എന്നുറച്ചു കണ്ണാളര എല്ലാവരും കൂടി ഒരുമിച്ച് ഇഴത്തു രാജാവിന്റെ മുമ്പിൽച്ചെന്നു ഠരംഴത്തുരാജാവിനെക്കണ്ട പറഞ്ഞു കണ്ണാളര ഞങ്ങളൊട ചെരമാന്നാട്ടെക്ക് ചെല്ലുവാന്തക്ക വണ്ണം തിരുവുള്ളത്തിലെറി കല്പിച്ചിരിക്കുന്നു ചെരമാം പെരുമാള് തമ്പുരാൻ ഇത്രനാളും ഇവിടെ പാർത്തിട്ട ഇനി നിങ്ങടെ നാട്ടെക്ക് പൊയെകഴിയെന്നു വരികിൽ നിങ്ങൾ പൊയ്ക്കാൾകെ വെണ്ടുയെന്നു കല്പിച്ചു ഈഴത്തു രാജാവ് അങ്ങിനെ കണ്ണാളര എല്ലാവരും കൂടി പുറപ്പെട്ടു അപ്പോൾ ആശാരി ചെന്ന് ഒരു ഇഴുവക്കിടാവിനെയെടുത്ത് ഒക്കത്തുവെച്ചു അത് എന്തെടൊ ആശാരിയിഴുവക്കിടാവിനെയെടുത്ത് ഒക്കത്തു വെച്ചത് ആയത് പന്തിരാണ്ട ക്കലമുണ്ടെല്ലൊ ഞങ്ങളിവിടെ പാർക്കുന്നത് ഇനിമെത്തൊട്ടെക്ക് ഇവിടുന്നു തന്നെ വെണം ഞങ്ങൾക്ക് മെലുടിയായിട്ട് എന്നു കല്പിച്ചിട്ടായത് എന്നാൽ അങ്ങിനെ തന്നെ ആകെവെട്ട എന്നു കല്പിച്ചു ഇഴത്തുരാജാവ് അങ്ങിനെ ആക്കിടാവിനെക്കൊണ്ടു പുറപ്പെട്ടപ്പൊൾ അക്കിടാവ് കരഞ്ഞുതുടങ്ങി അപ്പൊൾ കൂടപുറപെട്ടു അകിനായിതൊമ്മൻ എന്ന നസ്രാണിമാപ്പള അങ്ങിനെ കണ്ണാളര് എല്ലാവരും കൂടി പുറപ്പെട്ട് ഇഴുവത്തുനാടുകടന്ന് എറിയ നാടും ദെശവും തൊടും പുഴയും കടന്ന് ചെരമാന്നാട്ടിൽ വന്ന് ചെരമാൻ പെരുമാളുടെ തിരുമുമ്പിൽ ച്ചെന്ന് തൃക്കാൽ കണ്ടു തൊഴുതു തിരുവുള്ളക്കെടുതീർത്തു എന്നപ്പൊൾ അരുളിച്ചെയ്തു ചെരമാൻ പെരുമാള് തിരുവരങ്കൻ വന്ന് നമ്മൊടു പറഞ്ഞു സ്ഥാന വലുപ്പങ്ങൾ ഒക്കയും നൊം കണ്ണാർക്ക് തരികയും ചെയ്തു ഇനി നമ്മുടെ നാട്ടിലുള്ളഎരുമിരുമ്പുംനടത്തിനല്ലതുവണ്ണംചെന്നിരിക്കെവെണ്ടുയന്നു കല്പിച്ചയച്ചു കണ്ണാളരെ ചെരമാൻ പെരുമാള അങ്ങിനെ ചെന്നു കൂടിയിരുന്നു കണ്ണാളര് അങ്ങിനെയിരിക്കുന്ന നാളിൽ ഇഴുവക്കിടാവിന വെള്ളംകൊരി അടുപ്പത്തിട്ട് അരികഴുകി അടുപ്പ

CC-0. In Public Domain. Digitization by eGangotri

ത്തിട്ട്കൊടുക്കും ആശാരിച്ചി വാർത്തുവെച്ച് വിളമ്പി ഉണ്ണും ഇഴുവക്കിടാവ് അങ്ങിനെ കണ്ണാളര് എല്ലാവരും കൂടി വളർത്തുണ്ടാക്കി ഇഴുവക്കിടാവിനെ അങ്ങിനെ അവന് പത്തുപതിനാറു വയസ്സായപ്പൊൾ കണ്ണാളരുടെ മക്കൾ മരുമക്കളൊടും പെരക്കിടാങ്ങളൊടും ഒരുത്തന്റെ ഒരുത്തിയൊടും ചെന്ന വക്കാണിച്ചു തുടങ്ങി എന്നപ്പൊൾ കണ്ണാളർക്ക് മുട്ടായിക്കഴിഞ്ഞു ഇനിയിവന് ഒരു തുണകൂട്ടി ചെർക്കെണ്ടതിന്ന് എങ്ങിനെ വെണ്ടുയെന്നുയെല്ലാവരും കൂടി നിരൂപിച്ചു എന്നാൽ നൊം എല്ലാവരും കൂടി ഇവനെയും കൊണ്ടു ചെന്നു ചെരമാമ്പെരുമാള് തമ്പുരാന്റെ തൃക്കാൽ കണ്ടു തൊഴുവിച്ച് ഇവന്റെ വർത്തമാനങ്ങളൊക്കയും തമ്പുരാന്റെ തൃച്ചവിയിലുണർത്തിച്ചക്കെയാവുയെന്നു എല്ലാവരും കൂടി നിരുപിച്ചു ഇഴുവച്ചെക്കനെയും കൊണ്ടു ചെന്നു ചെരമാമ്പെരുമാളു തമ്പുരാന്റെ തിരുമുമ്പിൽ ചെന്നു തൊഴുതുണർത്തിച്ചു കണ്ണാളര തമ്പുരാനെ തിരുമനസ്സുണ്ടായിരിക്കണം അടിയങ്ങൾ ഇഴുവത്തുനാട്ടിന്ന് പൊരുന്നപ്പൊൾ ഒരയിഴുവക്കിടാവിനെ കൂടികൊണ്ടുപൊന്നിട്ടുണ്ട് അവന് ഒരുപെരമരുങ്ങുവെണ്ടിയിരിക്കുന്നു അതിന് അവന്റെ കുലത്തിന്ന് വെണമെന്നുവരികിൽ ഇഴുവത്തുനാട്ടെക്കു വിടകൊണ്ടെയാവുള്ളു അടിയങ്ങൾ യിഴുവത്തു നാട്ടെക്കു വിടകൊണ്ടൽ അവിടുന്ന ഒരു പെണ്ണും പിള്ളയെ അവനൊടകൂടെ അയക്കുകയുമില്ല അതുകൊണ്ട് തമ്പുരാന്റെ തിരുമനസ്സുണ്ടായിട്ട് അവനൊരു പെണ്ണും പിള്ളയെ പിടിച്ചുകൊടുക്കെണം എന്നുണർത്തിച്ചു കണ്ണാളരയെന്നപ്പൊൾ തിരുമനസ്സുകൊണ്ടു നിരൂപിച്ചു ചെരമാൻ പെരുമാളനടെ നൊം കണ്ണാളരുടെ പെണ്ണും പിള്ളയെ വെളുത്തെടത്തവൻ പിടിച്ചുകൊണ്ടു പൊകത്തക്കവണ്ണം നൊം കല്പിക്ക കൊണ്ടല്ലെയൊയിപ്പൊൾ ഠരം ക്കണ്ണാളരയിഴുത്തവത്തുന്ന് കൊട്ടടന്നിരിക്കുന്നയിഴുവന നൊമൊരു പെണ്ണും പിള്ളയെ പിടിച്ചു കൊടുക്കെണമെന്നു നൊമ്മൊടു വന്ന് പറഞ്ഞത് അതുകൊണ്ടെതും വെണ്ടതില്ല കണ്ണാളരെ അവനിവിടെ വന്ന നമ്മുടെ മുററമടിക്കുന്നവളെ പിടിച്ചു കൊണ്ടു പൊയ്ക്കൊട്ടെയെന്നു കല്പിച്ചു ചെരാം പെരുമാള അങ്ങിനെ ചെരമാം പെരുമാളൊട കല്പനയും വാങ്ങി പൊന്നതിന്റെ ശേഷം പിറെറന്നാൾ പുലരുവാനെഴര നാഴിക രാവുള്ളപ്പൊൾ ചെന്നു പതിപാർത്തിരുന്നു ഇഴുക്കവച്ചെക്കൻ അപ്പൊൾ തിരുമുററമടിച്ചുതളിപ്പാൻ ചെന്ന ശൂദ്രസ്ത്രി വാരിയത്തിയാര് അപ്പൊൾ അവിടുന്ന് ഓടിയെത്തി ഇഴുവച്ചെക്കൻ അവിടുന്ന് അമ്പലം ചുററിയൊടി അവിടുന്ന് ചിറയിലിറങ്ങിയൊടി അവിടന്നുവയലിൽക്കൂടി

CC-0. In Public Domain. Digitization by eGangotri

അവിടുന്ന് പറമ്പിൽക്കയറി ഓടി അവിടുന്നുയെത്തിപ്പിടിപെട്ടു ആശാരിപുരക്കൽക്കൊണ്ടുചെന്നു ചൊറു വെച്ചുകൊടുത്തുയി യുവച്ചെക്കൻ അപ്പൊൾ ചൊറുണ്ടില അരിവറുത്തു കൊടുത്തു അപ്പൊൾ അരിതിന്നു മാംപഴം പൂണ്ടുകൊടുത്തു അപ്പൊൾ മാംപഴം തിന്നു അങ്ങിനെ ഇരിവരും കൂടി ഒരുമിച്ചിരിക്കുമ്പൊൾ നിരുപിച്ചു കണ്ണാളര് ഇനിയിവർക്കൊരുപുര പണി ചെയ്തുകൊടു ക്കെണെമെന്ന എല്ലാവരും കൂടി നിരൂപിച്ചുണ്ടാക്കിക്കൊടുത്തു അതിൽ കുടിയിരുത്തി അങ്ങിനെ ഓരൊരൊ ദിവസത്തെ ചിലവിന ഓരൊരുത്തരുടെ കണക്കായിട്ടകൊടുത്തു കണ്ണാളര അവർക്ക മുട്ടായിക്കഴിഞ്ഞു ഇനിയെങ്ങിനെ വെണ്ടു ഇവരുടെ ചിലവിന യെന്നു നിരൂപിച്ചു കണ്ണാളര ഇവനെ കുലത്തൊഴിലെടുപ്പിക്കണെ മെന്നു നിരൂപിച്ചു ചൊററുകത്തി തിർത്തു കൊടുത്തു കരുമാൻ കത്തിയുറയുണ്ടാക്കിക്കൊടുത്തു ആശാരി കൊലു വാർത്തുകൊ ടുത്തു മൂശാലി കൊൽ ചരടുപിരിച്ചുകൊടുത്തു തട്ടാൻ അങ്ങിനെ കത്തികെട്ടി തെങ്ങുകയററി കുലതല്ലിപ്പിച്ചു മാട്ടിച്ചെത്തിയരിഞ്ഞു കള്ളുണ്ടാക്കി അക്കള്ളുകുടിപ്പാനാളില്ലാഞ്ഞപ്പൊൾ അന്ന ആശാ രിക്ക പൂണുനൂലുണ്ട് എന്നാൽ ഞാൻ പൂണുനൂലറുത്തുക്കുക യുള്ളുയെന്നു കല്പിച്ച് പൂണുനൂലറുത്തു കളഞ്ഞു ആശാരി കള്ളു കുടിച്ചു തുടങ്ങി അപ്പൊൾ ശെഷമുള്ളവരും കുടിച്ചുതുടങ്ങി യെന്നപ്പൊൾ അതുകണ്ടിട്ട് മറ്റുള്ള കുലക്കാരും കള്ളുകുടിച്ചു തുടങ്ങി അങ്ങിനെ കുലത്തൊഴിൽ കൊണ്ട നാളുകഴിഞ്ഞു തുടങ്ങി അങ്ങിനെ അപ്പെണ്ണും പിള്ള പെററിട്ട അറുവര മക്കളുണ്ടായി അവർക്ക് പത്തു പതിനാററവയസ്സായി അവറെറക്കൊണ്ട നിരൂപിച്ചു തുടങ്ങി ആരൊടുകൂടികൂട്ടിക്കെട്ടെണ്ടുയെന്നു നിരൂപിച്ചപ്പൊൾ മറ്റൊരുകുലത്തൊടുകൂടി കൂട്ടിച്ചെർത്തു കൂടയെല്ലൊ അപ്പൻ തന്നെയെന്നുപറഞ്ഞു ആശാരി അപ്പൊൾ പറഞ്ഞു മററുള്ള കണ്ണാ ളരെ ചെട്ടിയപ്പൻ പട്ടരപ്പൻ ചൂതനപ്പൻ ചൊഴിയപ്പൻ ഇങ്ങിനെ നാലപ്പന്മാരെ വിധിച്ചു ശെഷമുള്ള കണ്ണാളര അങ്ങിനെ അതിൽ പെററും പിറന്നും ഉണ്ടായപ്പൊൾ അറുവര പെണ്ണുംങ്ങളെക്കൊണ്ട ആറു കിരിയമാക്കി ആയത് എങ്ങിനെ എത്തില്ലെ വാരിയത്തിയാരെ ഓടിയെത്തിയപ്പൊൾ അമ്പലം ചുറ്റി ഓടിയത ചിററിനിക്കിരിയം ചിറയിലിറങ്ങിയത് ചെറായിക്കിരിയം വയലിൽക്കൂടിയത പാലിയി ക്കിരിയം പറമ്പിൽക്കയറിയത പറമ്പുകിരിയം അരിവറുത്തു കൊടുത്തത് അരിക്കൊട്ടുകിരിയം മാംപഴം തിന്നത മങ്ങാട്ട കിരിയം ഇങ്ങിനെ ഒരു തള്ള പെററ മക്കളെക്കൊണ്ട് ആറുകിരിയമാക്കി

CC-0. In Public Domain. Digitization by eGangotri

അവരെക്കൊണ്ട തങ്ങളിൽ തന്നെ കെട്ടും വാഴ്ചയും തുടങ്ങിച്ചു അങ്ങിനെയതിൽ പെററുണ്ടായിട്ട് ആറുകിരിയം കൊണ്ട് മുപ്പതു കിരിയമാക്കി മുപ്പത്തൊന്നാമനെക്കൊണ്ട് തളിക്കുന്ന മാത്തിയാക്കി അങ്ങിനെ കരുമന മാർഗ്ഗത്തിലുള്ളയിഴുവരുടെ ജാതി പെരുക്കമാകരുത് ഇങ്ങിനെ കരുമന കണ്ണാളന്മാര ഒരുമിച്ചുപൊരുന്ന നാളിൽ പതിന്നാലു വർണ്ണത്തിലുള്ളവെര് കരുമനമാർഗ്ഗത്തിലുള്ള യിഴുവരുടെ ചൊറും കറിയും നീരും മൊരും തുടുകയുമില്ല എന്നപ്പൊൾ പറഞ്ഞു തുടങ്ങി കരുമന മാർഗ്ഗത്തിലുള്ളയിഴുവര കണ്ണാളർക്കു പതിനാലുവർണ്ണക്കാർക്കും മീതെയുള്ളതൊരു മെലുടിയാണ് ഞങ്ങൾ ഞങ്ങടെ ചൊറും കറിയും നീരും മൊരും നിങ്ങൾ അനുഭവിച്ചെ കഴിയുയെന്നു ശാസന തുടങ്ങി പതിനാലു വർണ്ണത്തിലുള്ളവരൊടയിഴുവര് അപ്പൊൾ പറഞ്ഞു തുടങ്ങി പതിന്നാലു വർണ്ണക്കാര് നിങ്ങൾ ഞങ്ങളെക്കായി വലിയവരാണയെന്നു വരികിൽ നിങ്ങൾ കണ്ണാളരെത്തൊടുതിന്നിട്ടുള്ളവരാണ് നിങ്ങടെ ചൊറും കറിയും നീരും മൊരും ഞങ്ങൾ തൊടുകയുമില്ലാ നിങ്ങടെ ചൊറു ഞങ്ങൾ ഉണ്ണെണമെന്നു വരികിൽ വിഷ്ണുമായത്തിൽ പിറന്ന പെരുമണ്ണാൻ വന്ന നിങ്ങൾക്ക് എററും മാററും നടത്തിയാൽ നിങ്ങടെ ചൊറ് ഞങ്ങൾ ഉണ്ണുകയുമാം എന്നു പറഞ്ഞു പതിന്നാലു വർണ്ണക്കാര് എന്നപ്പൊൾ കരുമനകണ്ണാളന്മാരുമായികൂടി നിരൂപിച്ചു പുറപ്പെട്ടുപതിന്നാലു വർണ്ണക്കാരു പറഞ്ഞിട്ടുള്ളത് ചെരമാം പെരുമാളതമ്പുരാനെക്കെൾപ്പിച്ചിട്ട് പതിന്നലുവർണ്ണക്കാരെക്കൊണ്ട് നൊക്ക് പ്രായശ്ചിത്തം ചെയ്യിപ്പിക്കെണമെന്നു കല്പിച്ചുകരുമനെയും കണ്ണാളരും കൂടിചെരമാം പെരുമാളുടെ തിരുമുമ്പിൽ ചെന്നതൃക്കാൽ കണ്ടുതൊഴുതുണർത്തിച്ചു കണ്ണാളര തമ്പുരാനെ തിരുമനസ്സുണ്ടായിരിക്കെണം അടിയങ്ങൾ യിഴവത്തു നാട്ടിന്നായിങ്ങൊട്ടെക്ക് വിടകൊള്ളുന്നെരത്ത ഇവിടെക്കൊരു അടിമയായിട്ടും അടിയങ്ങൾക്കു മെലുടിയായിട്ടും ഒരുയിഴുവച്ചെക്കനെ അടിയങ്ങൾ കൊടന്നിട്ടുള്ളവന് തമ്പുരാന്റെ തിരുമനസ്സുകൊണ്ട് ഒരു പെരമരിങ്ങ ഉണ്ടാക്കിയതിൽ പെററുംപിറന്നും എറക്കുറെയിഴുവക്കിടാങ്ങൾ ഉണ്ടായിട്ടുമുണ്ട് അതുകൊണ്ട് അടിയങ്ങൾക്ക് പഴമനസ്സിൽ വലുതായിട്ട് ഒരു സങ്കടമുണ്ട് തമ്പുരാനെയെന്നു തൊഴുതുണർത്തിച്ചു കണ്ണാളര് അതെന്തായി കണ്ണാളരെ നിങ്ങൾക്കയിത്ര വലുതായിട്ടുണ്ടായെയൊരു സങ്കടത്തെ കെൾക്കട്ടെ എന്നപ്പൊൾ തൊഴുതുണർത്തിച്ചു ആശാരി പതിന്നാലു വർണ്ണത്തിലുള്ളവരയിഴുവരുടെ ചൊറും കറിയും നീരും മൊരും ആകാരിക്കയില്ലയെന്നു

CC-0. In Public Domain. Digitization by eGangotri

വിടകൊള്ളുന്നു അവര എന്നു തൊഴുതുണർത്തിച്ചു കണ്ണാളര അതിന്നു കാരണമെന്നു കണ്ണാളരെ എന്നരുളിച്ചെയ്തു ചെരമാം പെരുമാള അപ്പൊളുണർത്തിച്ചു കണ്ണാളര വിഷ്ണുമായത്തിൽ പിറന്ന പെരുമണ്ണാനെക്കൊണ്ട് കരുമന മാർഗ്ഗത്തിലുള്ളയിഴുവർക്ക് എററും മാററും നടത്തിച്ചെയിഴുവരുടെ അന്നവും നീരും മൊരും ആകാരിപ്പുയെന്നു വിടകൊണ്ടു പതിന്നാലുവർണ്ണിക്കാര് എന്നു ണർത്തിച്ചു കണ്ണാളര് അപ്പൊൾ അരുളിച്ചെയ്തു ചെരമാം പെരു മാള ഇത്രനാളും യിഴുവർക്ക് എററും മാററും നടത്തിപ്പൊന്നത് എതുമണ്ണാനായി കണ്ണാളര് എന്നരുളിച്ചെയ്തു ചെരമാം പെരുമാള് എന്നപ്പൊൾ ഉണർത്തിച്ചു കണ്ണാളര് ഇത്രനാളും അടിയങ്ങൾക്ക് വെണ്ടുന്നതീണ്ട മണ്ണാനെക്കൊണ്ടായി കരുമനെയായിരിക്കുന്ന ഇഴുവർക്ക് എററും മാററും നടത്തിച്ചുയെന്നു കണ്ണാളരയെന്നപ്പൊൾ അരുളിച്ചെയ്തു ചെരമാം പെരുമാള കണ്ണാളരായിരിക്കുന്ന നിങ്ങൾക്ക് മെലുടിയായിട്ടെല്ലൊ കരുമനെയായിരിക്കുന്ന യിഴുവനെ ച്ചെന്ന് കൊടന്നിരിക്കുന്നത് അതുകൊണ്ട് കണ്ണാളർക്ക് അടുത്തി ട്ടുള്ള തീണ്ട മണ്ണാനെക്കൊണ്ട് കരുമനയായിരിക്കുന്ന യിഴുവർക്കിഴു വർക്ക് എററും മാററും നടത്തിച്ചാൽ ജാതിക്ക് എളപ്പമുണ്ടെന്നു പ്രഭാവത്തിന്നു പൊരയെന്നു വെച്ചിട്ടെല്ലൊ കണ്ണാളന്മാർ നിങ്ങൾ ഒരുമിച്ചുകൂടി വിചാരിച്ചുറച്ച് നമ്മൊടു വന്നു പറഞ്ഞത് ആയതുകൊണ്ട ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്ര ഇങ്ങിനെ നാലു വർണ്ണത്തിങ്കലെക്കും എററും മാററും നടത്തുന്ന വിഷ്ണുമായ ത്തിൽ പിറന്ന പെരുമണ്ണാനെക്കൊണ്ട് കരുമനയായിരിക്കുന്നയി ഴുവർക്ക് എററും മാററും നടത്തെണമെന്നെല്ലൊ നമ്മൊടുവന്നു പറഞ്ഞത് അതുതന്നെ പൊര നമുക്ക തളിക്കുന്നവനെക്കൊണ്ട കമനെയായിരിക്കുന്ന യിഴുവർക്ക് തളിപ്പിച്ചു കൊടുക്കെണമെന്നും നമുക്ക ക്ഷൌരം കഴിക്കുന്നവനെക്കൊണ്ട് കരുമനെയായിരിക്കുന്ന യിഴുവർക്ക് ക്ഷൌരം കഴിപ്പിച്ചു കൊടുക്കെണമെന്നും കല്പിച്ചു നമ്മൊടുവന്നു പറഞ്ഞാൽ നൊം അതിനെച്ചെയ്കയെന്നെല്ലൊ വരു അത് എന്തുകൊണ്ടെന്നല്ലെ കണ്ണാളരായിരിക്കുന്ന നിങ്ങളും പതിന്നാലു വർണ്ണക്കാരും കൂടിയിട്ടല്ലെ പന്തിരാണ്ടക്കാലം പടവെട്ടി യിട്ട പടയിൽ ത്തൊററു മടങ്ങി നിങ്ങൾ ആറു കുടിക്കണ്ണാളരും കൂടി ഒരുമിച്ച് നമ്മുടെ നാട്ടിന്ന് കുടി പുറപ്പെട്ടുപൊയി യിഴു വത്തുനാട്ടിൽ ച്ചെന്നു പാർത്തു നമ്മുടെ നാട്ടിലുള്ള എരുമിരുമ്പും മുട്ടിച്ചു എന്നാറെ നൊമിവിടുന്ന് ഒര ആളെ അയച്ചപ്പൊൾ അവ നൊട് നിങ്ങൾ പറഞ്ഞയച്ചിരിക്കുന്ന അവസ്ഥകൾ നമ്മുടെ പതവി

CC-0. In Public Domain. Digitization by eGangotri

കൾ നിങ്ങൾക്കു തരാമെങ്കിലെ നമ്മുടെ നാട്ടെക്കു പൊരുമെന്ന ചൊല്ലിവിട്ടത ആയതുകൊണ്ട് നമ്മുടെ ആട ആഭരണങ്ങളും തന്നുവല്ലൊ അതുതന്നെ പൊര ഇനി യിഴുവത്തു നിന്ന് പൊരു മ്പൊൾ ഒരയിഴുവനെ കൂടെ നിങ്ങൾ എടുത്തു കൊടന്നിട്ടുണ്ടെല്ലൊ ആയിഴുവനെ കൈപിടിച്ച് കണ്ണാളരെല്ലാവരുംകൂടി നമ്മുടെ മുമ്പിലന്യായം കരുമ നിങ്ങൾ കൊടന്നിരിക്കുന്ന യിഴുവന നൊ മൊരു പെണ്ണും പിള്ളയെ കൊടുക്കെണമെന്നു നമ്മൊട വന്നു പറഞ്ഞുവല്ലൊ നിങ്ങൾ എന്നാറെ നൊം നമ്മുടെ മുററമടിക്കുന്ന അവളെയും പിടിച്ചുകൊടുത്തുവെല്ലൊയിനി അതുകൊണ്ടും പൊ രായിനി യിഴുവത്തുന്ന കൊടന്നിട്ടുള്ള യിഴുവനെക്കൊണ്ട് നമുക്കു സമമായിവെച്ചളെണ്ടയെന്നു നിരൂപിച്ചിട്ടെല്ലൊ നിങ്ങൾ കണ്ണാള ന്മാരെ നമ്മൊടുവന്നു പറക ആയത് ആയതുകൊണ്ട് ഇനി നിങ്ങളുടെ മൂലോല്പത്തിയെ കെൾക്കട്ടെയിഴുവത്തു നിന്നു കൊടന്നിട്ടുള്ള യിഴുവനെങ്ങിനെ ഉണ്ടായിരിപ്പു എന്നും കണ്ണാള രായിരിക്കുന്ന നിങ്ങളെങ്ങിനെ യിരിപ്പുവെന്നും വിഷ്ണുമായത്തിൽ പിറന്ന പെരുമണ്ണാനെങ്ങിനെ ഉണ്ടായിരിപ്പുവെന്നും നിങ്ങൾ തമ്മിലുള്ള ഭെദാഭെദത്തെ നമുക്കുള്ള വണ്ണം കെട്ടകെയുംവെണം അന്നന്നു വന്നിട്ട് നമ്മൊട് അതാതുപ്രകാരത്തിൽ പറെകയെല്ലൊ ആകുന്നത ആയതു കൊണ്ട് നമുക്കയിവിടെത്തന്നെ അറികയും വെണമെന്നരുളിച്ചെയ്തു ചെരമാൻ പെരുമള് എന്നപ്പൊൾ തൊഴു തുണർത്തിച്ചു കണ്ണാളര് അടിയങ്ങൾക്ക് പഴം കുലമറിയാത ഒന്നുകൊണ്ടും അറിയപ്പൊക തമ്പുരാൻ തിരുവുള്ളത്തിലെറി കല് പിച്ചു കെട്ടാൽ പഴമനസ്സിൽ വിടകൊണ്ടറിയാം തമ്പുരാനെയെന്നു കണ്ണാളര എന്നപ്പൊൾ അരുളിച്ചെയ്തു ചെരമാംപെരുമാള എന്നാൽ കെട്ടുകൊൾവിൻ കണ്ണാളരെ മൂലൊല്പത്തിയെക്കെട്ടുകൊൾവിൻ നിങ്ങൾ ബ്രഹ്മപ്രളയമായിക്കിടന്ന കാലത്ത് ആ ബ്രഹ്മപ്രളത്തിങ്കൽ നിന്ന വിരാൾപ്പുരുഷനുണ്ടായി വിരാൾ പുരുഷന്റെ നാഭിക മലത്തിങ്കൽ നിന്നു ബ്രഹ്മാവുണ്ടായി ആ ബ്രഹ്മാവിങ്കൽ നിന്നു സൃഷ്ടിച്ചിരിക്കുന്നു അണ്ണം സൊർഗ്ഗം പാതാളം ഇങ്ങിനെ മൂന്നു ലൊകങ്ങൾ മുന്നിൽ പ്പെരുക്കി എഴുരണ്ടുപതിനാലുലൊകത്തെയും സൃഷ്ടിച്ചു അതിൽ ഭുലൊകമാകുന്ദ ഭുമി ആ ഭുമിയിങ്കൽ ഇറുമ്പിൽ തൊട്ടാന നര മൃഗ പശു പക്ഷിയെമ്പത്തു നാങ്കുനുറായിരക്കൊടി ജീവാ യൊനികളെയും അയൊനികളെയും സൃഷ്ടിച്ചിരിക്കുന്നു ബ്രഹ്മാവ് അത് അണ്ഡജമായിട്ടും സ്വെതജമായിട്ടും ഉല്പിജമാ യിട്ടും ജരായുജമായിട്ടും ഇങ്ങിനെ നാലുപ്രകാരത്തിൽ സൃഷ്ടി

CC-0. In Public Domain. Digitization by eGangotri

ക്കയായത് ഇങ്ങിനെനാലു പ്രകാരത്തിൽ സൃഷ്ടിച്ചാൽ നാലുപ്രകാരത്തിൽ സൃഷ്ടിച്ചാൽ നാലുപ്രകാരത്തിൽ അനുഭവവും നാലു പ്രകാരത്തിൽ ഭവനവും കൂടി കല്പിച്ചിരിക്കുന്നു എല്ലാ ജാതികൾക്കും പക്ഷാദി.......(ഭ) ക്ഷണം വൃക്ഷത്തിന്മെൽ ഭവനം പക്ഷികളിൽ തമ്മിൽ തമ്മിൽത്തന്നെ ഭക്ഷണം മൃഗങ്ങൾക്ക് ഭവനം വനം അതിൽ സിംഹ വ്യാഘ്ര ക്രൊഷ്ടാവ് ഇങ്ങിനെയുള്ള അസുര മൃഗങ്ങൾക്ക് ഭവനം പാതാളം സർപ്പങ്ങൾക്ക് ഭവനം പാതാളം മത്സ്യങ്ങൾക്ക് ഭവനം ജലം ഉത്തമ മൃഗങ്ങളക്ക് തൃണമായിരിക്കുന്ന പുല്ലു ഭക്ഷണം അധമമായിരിക്കുന്ന മൃഗങ്ങൾക്ക് തമ്മിൽ തമ്മിൽ ഭക്ഷണ മാംസങ്ങൾ ഭക്ഷണം മത്സ്യങ്ങൾക്ക് ചെറിയവററിന്ന വലിയവററെ ഭക്ഷണം നരന്മാരായിരിക്കുന്ന മനുഷ്യർക്ക് അന്ന ഭക്ഷണമായി കല്പിച്ചിരിക്കുന്നു ബ്രഹ്മാവ് അതിന്ന് ബ്രഹ്മവിത്തായിരിക്കുന്ന അന്ന ഭൂമിയിങ്കൽ നിന്ന് വിതെച്ചു വിളയിക്കെണം അന്നം അതിന് എരുമിരുമ്പും നടത്തുവാനും ഭവനങ്ങൾ വെട്ടി പണി ചെയ്‌വാനും കൂടെ കണ്ണാളന്മാരെ സൃഷ്ടിക്കെണമെന്നു കല്പിച്ചു അഗ്നികുണ്ഡം കുഴിച്ചിട്ട്അതിൽ ഹൊമം തുടങ്ങി ബ്രഹ്മവ് അപ്പൊൾ ഹൊമകുണ്ഡത്തിൽ നിന്ന് ഉളിയും മുഴക്കൊലും കരിനൂലുമായി പുറപ്പെട്ടു വിശ്വബ്രഹ്മൻ അപ്പൊൾ അവനെയെടുത്ത വലത്തു ഭാഗത്തുവെച്ചു ബ്രഹ്മാവ് രണ്ടാമത് ഹൊമം ചെയതപ്പൊൾ വലത്തെക്കയ്യിൽ വെള്ളിക്കൊലും എടത്തെക്കയ്യിൽ ഓടും മെഴുകുമായി പുറപ്പെട്ടു മൂശാലി അപ്പൊൾ അവനെയെടുത്ത് എടത്തുഭാഗത്തുവെച്ചു ബ്രഹ്മാവ് മൂന്നാമത ഹൊമം ചെയ്തപ്പൊൾ തൂക്കും തുലാസ്സും അടവലും ചീത്തിയുമായി പുറപ്പെട്ടു തട്ടാൻ അവനെയെടുത്ത് എടത്തു ഭാഗത്തു വെച്ചു ബ്രഹ്മാവ് നാലാമത് ഹൊമം ചെയതപ്പൊൾ വരുവാനെററം താമസിച്ചളഞ്ഞു കരുമാൻ എന്നപ്പൊൾ പിന്നെയും ഹൊമം ചെയ്തപ്പൊൾ മെലാകെക്കരിയുമണിഞ്ഞ പുകയൊടുകൂടിയവന്നു പുറപ്പെട്ടു കരുമാൻ ആട കരുമാനെ നിയ്യ എന്ത് ഇത്ര വൈകിക്കളഞ്ഞുയെന്നു കല്പിച്ച അവനെയും യെടുത്ത് എടത്തു ഭാഗത്തു വെച്ചു ബ്രഹ്മാവ് ഇങ്ങിനെ നിങ്ങൾ നാലുപെരുടെയും ജനനമാകുന്ദത് നിങ്ങൾ നാലുപെരുടെയും ജനത്തിങ്കൽ നിന്ന് എടുത്തതനുള്ളിക്കൂട്ടിക്കുറുപ്പ് കുടിച്ചെർന്നവൻ കൊട്ടവൻ അങ്ങിനെ നിങ്ങൾ ആറുകുടി കണ്ണാളരുണ്ടായിരിക്കുന്നു അതിൽ വിശ്വബ്രഹ്മനായിരിക്കുന്ന ആശാരിയൊട് കല്പിച്ചിരിക്കുന്നു ബ്രഹ്മാവ് നിയ്യ നൊം കല്പിച്ചിരിക്കുന്ന ജനങ്ങൾക്ക് ഭവനം പണി

CC-0. In Public Domain. Digitization by eGangotri

ചെയ്വാനും എരുമിരുമ്പും നടത്തുവാനും ദെവാലയങ്ങളും ദുർഗ്ഗാലയങ്ങളും പണിചെയ്വാനും നിയ്യായിരിക്ക വിശ്വബ്രഹ്മൻ എന്നുകല്പിച്ചു ശാസത്രവും യൊഗിശാസ്ത്രവും കൊടുത്തിരി ക്കുന്നു ആശാരിക്ക് മൂശാലിയെ വിളിച്ചരുളിച്ചെയ്തു നിയ്യ വിശ്വ ബ്രഹ്മൻ പണി ചെയ്തിരിക്കുന്ന ദെവാലയങ്ങളിലും അസുരാലയ ങ്ങളിലും ദുർഗ്ഗാലയങ്ങളിലും മെയ്യരൂപത്തിന്നു പൊയ്യരൂപമായി മെഴുക്കൊണ്ട് ഉരുപ്പിടിച്ച് മണ്ണുകൊണ്ട് കരുപിടിപ്പിച്ച് ഉരുക്കി വാർത്തുവെച്ചുകൊൾക മൂശാലിയെന്നു കല്പിച്ചു ബ്രഹ്മാവ തട്ടാനെ വിളിച്ചു കല്പിച്ചു നിയ്യ നൊം കല്പിച്ചിരിക്കു ജനാ ജനങ്ങൾക്ക് മെയ്യാഭരണങ്ങൾ പണിചെയവാൻ നിയ്യായിരിക്ക യെന്നരുളിച്ചെയ്തു ബ്രഹ്മാവ് കരുമാനെ വിളിച്ചു കല്പിച്ചുനിയ്യ നൊം കല്പിച്ചിരിക്കുന്ന ജനങ്ങൾക്ക് എരുമിരുമ്പും നടത്തുവാനും പതിനെട്ടായുധങ്ങൾ പണിചെയ്വാനും ആയിരം തച്ചപ്പുര തീർത്താൽ അരക്കരുമാൻ കൂടിയെതികഞ്ഞു കഴിയു എന്നു കല് പിച്ച അവർ നാലുപെർക്കുകൂടി കാരം കൊടുത്തപ്പൊൾ ആശാ രിയെറിഞ്ഞളഞ്ഞു മൂശാലി മഞ്ചീലിട്ട ചവിട്ടിക്കളഞ്ഞു കരുമാൻ നീററിൽ കലക്കിക്കളഞ്ഞു തട്ടാൻ കൊന്തലക്കൽ കെട്ടി ആശാ രിക്ക കാരം കൊടുത്തപ്പൊൾ എറിഞ്ഞതുകൊണ്ട് വെള്ളാരം കല്ലെടുത്ത് പൊടിയരഞ്ഞി ഉളിമഴുവാശിയെടുത്ത് തെച്ച് മൂർച്ച കൂട്ടുവാൻ മൂശാലി മഞ്ചീലിട്ട് ചവിട്ടിക്കളെകയാൽ മണ്ണുകൊൻണ്ട മൂശ പിടിപ്പാൻ കരുമാൻ നീററിൽക്കളെകയാൽ ആലയിൽ പാത്തി വെള്ളം വെച്ച ഉലയിൽ നീർതളിപ്പാൻ തട്ടാൻ കൊന്തലെക്കൽ കെട്ടുകയാൽ തട്ടാന കാരം കൂടിയെ വിളക്കിക്കൂടു ഇങ്ങിനെ യെല്ലൊ കണ്ണാളരുടെ ജനനമാകുന്നത!

CC-0. In Public Domain. Digitization by eGangotri

CC-0. In Public Domain. Digitization by eGangotri

കണ്ണാളോ(കേരളോ)ൽപത്തി

(പാഠം - താളിയോല ക്രമത്തിൽ)

ഓല (ന) 1 | പുറം 1

ഹരിശ്രീഗണപതയെ നമ: അവിഘ്നനമസതു[1] ശ്രീഗുരുഭ്യോ നമ:
കൃത ത്രെത
ദ്വാപര കലിയെന്നിങ്ങനെ ചതൃയുഗത്തിൽ തെത്രയുഗത്തിങ്കൽ
ജമദഗ്നിയെ (ന്ന) മഹർഷിക്കു മുന്നുപുത്രന്മാരുണ്ടായി
അങ്ങനെ ഇരിക്കുന്ന കാലത്തിങ്കൽ ഒരു നാളിലൊരു
ദിവസം ജമദഗ്നിവനവാസത്തിങ്കൽ നടന്ന സഞ്ച
രിപ്പാൻ പൊയനെരം രെണുക നീര കൊണ്ടുവരുവാനകവണ്ണം
നദിയിങ്കൽച്ചെന്ന നെരത്ത കാർത്തവീര്യാർജ്ജുനനും[2] ന പ്ര[3] ഭാ

---

1 അവിഘ്നമസ്തു. ചന്ദ്രക്കല ഈ രേഖയിലൊരിടത്തും ഇല്ല. പ്രിന്റ് ചെയ്യാനുള്ള സൗകര്യാർത്ഥം പല വാക്കുകൾക്കും ചന്ദ്രക്കല സംശോധകർ നൽകുന്നുണ്ട്. അവയൊക്കെ ഇനി പറയുന്ന പ്രകാരമാണ് ഓലയിൽ എഴുതിയിട്ടുള്ളത്. 'ഘ' എന്ന അക്ഷരത്തിനു അടിയിലായി 'ന' എഴുതുന്ന പഴയ ലിപിരൂപമാണ് താളിയോലയിൽ ഉള്ളത്. ഇത് പലവാക്കുകൾക്കും വരുന്നുണ്ട്. ആയതിനാൽ അത്തരം വാക്കുകൾ ചന്ദ്രക്കല ചേർത്ത് ആണ് നൽകിയിട്ടുള്ളത്.

2 'ർ' എന്ന അക്ഷരം രേഖയിൽ ഉപയോഗിച്ചിട്ടില്ല. പകരം അക്ഷരങ്ങൾക്ക് മുകളിൽ വരയിടുന്ന പഴയ ലിപി രീതിയാണ്. കാർത്തവീര്യാർജ്ജുനൻ എന്നതിൽ ത്ത, ര്യാ, ജ്ജ എന്നീ അക്ഷരങ്ങൾക്കുമുകളിൽ കുത്തനെയുള്ള വര ചിഹ്നം ർ എന്ന ശംബദത്തിനായി ഉപയോഗിച്ചിരിക്കുന്നു. 'ർ' എന്ന അക്ഷരം വരുന്ന ഗ്രന്ഥ ഭാഗത്ത് വര ചിഹ്നമാണുള്ളതെന്ന് ഓർക്കുക. പകർത്തെഴുത്ത് പുതിയ ലിപി മാതൃകയിലായായതിനാൽ ലിപിപരമായ ഗവേഷണത്തിൽ ഏർപ്പെടുന്ന വായനക്കാർ ഇക്കാര്യം ഓർക്കുമല്ലോ.

CC-0. In Public Domain. Digitization by eGangotri

പുറം 2

ര്യമാരും കൂടി നദിയിൽ കിടന്നു കളിച്ച വിളയാടുന്നെരത്ത
അതു കണ്ടു ഭ്രമിച്ചു നിന്നുപൊയി രെണുക അങ്ങിനെ ജമദഗ്നി
ആശ്രമത്തിങ്കൽ വന്നപ്പൊൾ രെണുകയെ കണ്ടില്ലാ
ഉണ്ണി അമ്മയെങ്ങൊട്ടു പൊയിയെന്നു
ചൊദിച്ചു ജമദഗ്നി അമ്മ ജലം കൊരുവാൻ പൊയക്കിട
ക്കുന്നു അങ്ങിനെയിരിക്കുന്നപ്പൊഴെക്ക രെണുകയും വന്നു
.... (നി)ളയെന്ത്[4] ഇത്ര വൈകുവാനെന്നു ചൊദിച്ച ജമദഗ്നി

ഓല (ന്ന) 2 | പുറം 1

കാർത്തവീര്യാർജ്ജുനനും ഭാര്യമാരും കൂടി വന്ന നദി കലക്കി
അതുകൊണ്ട കലങ്ങിയ ജലം തെളിവാൻ പാർത്തു പൊയി
യെന്നു പറഞ്ഞു രെണുക എന്നപ്പൊൾ കല്പിച്ചു ജമദഗ്നി
നിനക്ക അധപ്പതനമുണ്ട അതുകൊണ്ട നിന്നെ നിഗ്രഹി
ക്കണമെന്നു കല്പിച്ചു വാളെടുത്ത മുത്തമകൻ കയ്യിൽ
കൊടുത്തു ജമദഗ്നി ഉണ്ണി നിയ്യ അമ്മയെ നിഗ്രഹിക്കണം
എന്നപ്പൊൾ പറഞ്ഞു മുത്തമകൻ ഞാൻ അമ്മയെ നിഗ്രഹിക്കയി

പുറം 2

ല്ലയെന്നു പറഞ്ഞു എന്നപ്പൊൾ രാമത്തെ മകനൊട
പറഞ്ഞു ഉണ്ണി നിയ്യ അമ്മയെ നിഗ്രഹിക്കെണമെന്നു പറഞ്ഞു
ഞാൻ മാതാവിനെ നിഗ്രഹിക്കയില്ലയെന്നു പറഞ്ഞു
മുന്നാമത്തെ മകനെ വിളിച്ചു ഉണ്ണി നിയ്യ അ
മ്മയെ നിഗ്രഹിക്കെണംയെന്നു പറഞ്ഞു വാളെ
ടുത്തു കൊടുത്തു ജമദഗ്നി എന്നപ്പോൾ അച്ഛൻ....(പറഞ്ഞ)

---

4 ഓലയുടെ ഭാഗം മുറിഞ്ഞുപോയി. 'നിങ്ങളെ' എന്നാണെന്ന് ഊഹിക്കുന്നു. ബ്രാക്കറ്റിൽ കൊടുക്കുന്ന അക്ഷരങ്ങൾ ഇത് പുസ്തകരൂപത്തിലേക്ക് പകർത്തിയ ലിപി വിദഗ്ദ്ധരുടെ ഊഹമാണെന്നറിയുക. ഇനിയങ്ങോട്ട് ബ്രാക്കറ്റിലുള്ള അക്ഷരങ്ങളും, വാക്കുകളും അങ്ങിനെ കാണുമല്ലോ

CC-0. In Public Domain. Digitization by eGangotri

ഓല (ന്യ) 3 | പുറം 1

തിനെ നകെൾപ്പാൻ കുററമില്ലയെന്നു പറഞ്ഞു പർശു(രാമൻ)
വാളെടുത്തിളക്കി മാതാവിനെ നിഗ്രഹിച്ചു മാതാവ മരിച്ച അങ്ങെ
ാട്ടും വീണു മകൻ മൊഹിച്ചയിങ്ങൊട്ടും വീണുയെന്ന
നെരത്തു ജമദഗ്നി ചെന്നു കഞ്ഞിവെച്ചുപകർന്നു
മകനെ വിളിച്ചു ഉണ്ണി നിയ്യ കഞ്ഞിടിച്ചുകൊയെന്നു പറഞ്ഞ
നെരത്തു അമ്മയെഴുനിററിരുന്നു കഞ്ഞി പകർന്നു തന്നാൽ
ഞാൻ കഞ്ഞി കുടിക്കയും ചെയ്യാം അതല്ലായ്കിൽ ഞാൻ
കഞ്ഞി കു

പുറം 2

ടിക്കയില്ലയെന്നു പരശുരാമൻ എന്നപ്പൊൾ കല്പിച്ചു ജമദഗ്നി
ഉണ്ണി നിയ്യ ചെന്ന അമ്മയുടെ ഉടലൊടു തലചെർത്തുവെച്ച അ
മ്മെയെന്നു ഉരുട്ടിവിളിക്ക എന്ന കല്പിച്ചു ജമദഗ്നി
എന്നപ്പൊൾ പരശുരാമൻ ചെന്നു രെണുകയുടെ
തലയെടുത്ത ഒടെലൊടു ചെർത്തുവെച്ച അമ്മെ അ
മ്മയെന്ന മുന്നുരു ഉരുട്ടി (വി)ളിച്ചപ്പൊൾ എഴുന്നിററിരുന്നു

ഓല (ഷ്ക്ര) 4 | പുറം 1

രെണുക അങ്ങിനെ അമ്മ വന്ന കഞ്ഞിപകർന്നു കൊടുത്ത
പ്പൊൾ ക
ഞ്ഞി കുടിച്ചു പരശുരാമൻ അങ്ങിനെയിരിക്കുന്ന നാളിൽ
നിരുപി
ച്ചു മാതാവിനെ നിഗ്രഹിച്ചുപൊയ്യെല്ലൊ ഞാൻ
അതുകൊണ്ടിനിക്ക ബ്രഹ്മഹസ്തി ഉണ്ടെന്നുറച്ചു
ബ്രഹ്മഹസ്തിയെ തിർക്കെണമെന്നു വരികിൽ ഭൂമി പ്രദക്ഷി
ണം വെക്കെണമെന്നു കല്പിച്ച അച്ഛനൊടും അമ്മയൊടും അ
നുഗ്രഹം വാങ്ങി അങ്ങിനെ പൊയി ഭൂമി പ്രദക്ഷിണം വെച്ച പ

CC-0. In Public Domain. Digitization by eGangotri

പുറം 2

രമെശ്വരനെ ധ്യാനിച്ച തപസ്സു ചെയ്തിരുന്ന കാലത്ത പരശുരാമ
ന്റെ തപൊ ബലം കണ്ട പ്രസാദിച്ചു പരശുരാമന്റെ തപസ്സ ഇള
കുമൊ ഇല്ലയൊയെന്നറിയെണമെന്നു കല്പിച്ചു
പരമെശ്വരൻ കിരാതവെഷം പുണ്ട എത്രയും അ
ത്യുന്നതമായിരിക്കുന്ന ശരീരവും ഭയാകരമായിരിക്കു
ന്ന ഭാവങ്ങളും കൂർത്തുകൊടുതായിരിക്കുന്ന ഭാവങ്ങളും ദെരു

ഓല (ത്രസ) 5 | പുറം 1

ഷ്ട്ടങ്ങളും ചുവന്ന കെശരൊമങ്ങളും നയനങ്ങളിൽ അഗ്നി ചിതറു
മാറു കാട്ടാന കരടി സിംഹം ചെന്നായ ചെറുപ്പുലി ഇങ്ങിനെയുള്ള
മൃഗങ്ങളെ പിടിച്ച കടിച്ചു തിന്നും രക്തമൊഴുകിയും ശൂല
ത്തിന്മെൽ കൊർത്തുകൊണ്ടുമരാമരങ്ങളെ പറിച്ച
നിലത്തു തച്ച ത്രൈലൊക്യം നടുങ്ങുമാറ അട്ടാസിച്ച പരശു
രാമന്റെ മുമ്പിൽ ചെന്ന ആരെടാ ഇരിക്കുന്നത എന്നു ചൊദിച്ചു
കിരാതകൻ ഞാൻ ജമദഗ്നി പുത്രൻ അങ്ങിനെ എറിയ പ്ര

പുറം 2

യൊഗങ്ങൾ നൊക്കിയിട്ടും ഇളകിലാ തപസ്സ പരമശുരാമന്റെ
എന്നപ്പൊൾ കിരാത വെഷം വിട്ട തത്സൊരുപമായ വെഷം പുണ്ടു
പ്രത്യക്ഷമായി പരമെശ്വരൻ എന്നാൽ
നിനക്ക വെണ്ടുന്ന വരമപെക്ഷിച്ചു കൊൾകയെന്ന
രുളി ചെയ്തു പരമെശ്വരൻ എന്നപ്പൊൾ പറഞ്ഞു പരശു
രാമൻ അടിയത്തിന്ന ബ്രഹ്മഹസ്തി ഉണ്ടായിപൊയി അതു

ഓല 6 നഷ്ടപ്പെട്ടുപോയിട്ടുണ്ട്

CC-0. In Public Domain. Digitization by eGangotri

ഓല (ഗ്ര) 7 | പുറം 1

വെച്ചുവരെണമെന്നു കല്പിച്ച ഭൂമി പ്രദക്ഷണം വപ്പാൻ പരശു
രാമൻ പൊയനെരത്തപ്പ കാർത്തവീരാർജ്ജുനനും പട സെനാ
ദികളും
കുടി പള്ളിവെട്ടയാടുവാൻ പൊയിട്ട പൊകുന്നെര
ത്ത ജമദഗ്നിയുടെ ആശ്രമത്തിങ്കൽ ച്ചെന്നുകയറി
യ ശെഷം നമുക്ക ഒരുനെരത്തെ വിരുന്നൂട്ടി അയക്കെ
ണമെന്നു കല്പിച്ചു കാമധെനുവായിരിക്കുന്ന പശുവിനെ വിളിച്ച
പാൽ കറന്നു ഒരു മുല കറന്നപ്പൊൾ വന്നു മഹാജനത്തിന്നിരി

പുറം 2

പ്പാൻ ഗ്രഹങ്ങൾ തീർന്നു ഒരു മുലകറന്നപ്പൊൾ അരിചിലവുകൾ
വന്നു
ഒരു മുലകറന്നപ്പൊൾ വെപ്പാൻ വിറകയിലക്കെട്ടുകൾ
വന്നതികഞ്ഞു
ഒരു മുലകറന്നപ്പൊൾ വിഭവങ്ങൾ ഒക്കയും വന്നു വെപ്പാ
ൻ പാത്രങ്ങളും വന്നുതികഞ്ഞു അങ്ങിനെ ജമദഗ്നി
കണക്കായിട്ട എത്രെയും മഹൊത്സവമായി വിരുന്നൂട്ടി
യനെരം കാമധെനുവായിരിക്കുന്ന പശുവിനെ നമുക്ക തര
ാമൊ മഹറിഷിയെന്നു ചൊദിച്ചു കാർത്തവീരാർജ്ജുനൻ

ഓല (പ്ര) 8 | പുറം 1

പ്പാൾ പറഞ്ഞു മഹിറിഷി നമുക്ക ഗൊക്കളായിട്ട അതുതന്നെ
യുള്ള
അതുകൊണ്ട അതിനെത്തന്നു കൂടായെന്ന മഹിറിഷി അങ്ങിനെ
കാർത്തവീര്യാർജ്ജുനനും പടസെനാദികളും കൂടിപ്പൊയി
അങ്ങുചെന്നു
മന്ത്രികളുമായി നിരൂപിച്ച രത്മകെ ഭാക്തങ്ങളായി
രിക്കുന്ന മഹറിഷികൾക്ക തപസ്സെ വെണ്ടു രാജഭണ്ഡാര
മാകരുത അത രാജാക്കന്മാർക്ക വെണ്ടുയെന്നു കല്പിച്ചു
മന്ത്രികളാ
യിരിക്കുന്ന കാരിയസ്തന്മാർ വന്നു കാമധെനുവായിരിക്കുന്ന പ

CC-0. In Public Domain. Digitization by eGangotri

പുറം 2

ശുവിനെത്തരെണമെന്നു മഹറിഷിയൊട പറഞ്ഞ നെരത്ത
ഞാൻ തരികയില്ലെന്നു പറഞ്ഞു ജമദഗ്നി മഹരിഷി അതുകെട്ട
പ്പൊൾ കാമധെനുവിനെച്ചെന്നു പിടിച്ചു കെട്ടിക്കൊണ്ടു
പൊയനെരത്ത കയറ പിടിച്ചവരെ കുത്തി
ക്കൊന്നു കയറുപറിച്ച ദെവലൊകത്തെക്കു
പൊയി കാമധെനുയെന്നപ്പൊൾ അതു നിമിത്തമായി കാർത്ത
വീര്യാർജ്ജുനൻ ചെന്ന ജമദഗ്നി മഹറിഷിയെ വെട്ടിക്കൊന്ന

ഓല (ദ്രെ) 9 | പുറം 1

പ്പൊൾ രെണുക മൂന്നു ഇരിപത്തൊന്നു പ്രാവശ്യം നെഞ്ഞത്തിടി
ച്ചു തൊഴിച്ചുമുറയിട്ട അപ്പൊഴെക്കു ഭൂപ്രദക്ഷണം വെച്ച പരശു
രാമൻ വന്നു ജമദഗ്നിയെയെടുത്ത ദഹിപ്പിച്ച മാതാ
വിന ചിതയുണ്ടാക്കിക്കൊടത്ത മാതാവ അഗ്നി
ത്യാഗം ചെയ്തു എന്നനെരത്ത പറഞ്ഞു പരശുരാമൻ
മാതാപിതാക്കന്മൊരുടെ പിതൃക്രിയകുന്ന........ത്[5]

പുറം 2

ക്ഷത്രിയവംശം മുടിച്ചു വന്നിട്ട എന്നു കല്പിച്ചുറച്ചു ശ്രീ പരശുരാ
മൻ അതു നിമിത്തമായിട്ട 21 വട്ടം ക്ഷത്രിയ വധം കഴിച്ച 21
പ്രാവശ്യം കാരാഗ്രഹമായി കുഴിച്ച ചിറയാ
ക്കിപ്പടുത്ത അതിൻ പതിനായിരം
ക്ഷത്രിയ രാജാക്കന്മൊരെ പിടിച്ചുകെട്ടിക്കൊണ്ടു
വന്ന വജ്രം കൊണ്ടറുത്തരക്തം കൊണ്ടുനിറച്ചു ആ രക്ത

---

5 ഓലയുടെ ഈ ഭാഗത്ത് എഴുത്ത് വ്യക്തമല്ല.

CC-0. In Public Domain. Digitization by eGangotri

ഓല (മ) 10 | പുറം 1

ത്തിൽ മുഴുകിവൃന്ദ ആ രക്തത്തിൽ നിന്ന ആ രക്തം കൊണ്ടത
ർപ്പണം ചെയ്തു പിതൃപ്രസാദം വരുത്തി പിതൃക്കൾ പ്രത്യ
ക്ഷമായി അരുളി ചെയ്തു ഉണ്ണി നിയ്യ സംഖ്യയില്ലാതൊളമുള്ള
ക്ഷത്രിയരെ മുടിച്ച ബ്രഹ്മഹസ്തിയാതി മഹാപാപം
അകപ്പെടുവെല്ലൊ നിനക്ക ഇനി ക്ഷത്രിയരെ മുടിക്കരുതെ
യന്നുമാതാവും പിതാവും കൂടി പിതൃക്കളായിവന്നു കല്പിച്ചു

പുറം 2

പരശുരാമനൊട യെന്നപ്പൊൾ ചൊദിച്ചു പരശുരാമൻ പിതാ
വെ ഇനിക്ക ബ്രഹ്മഹസ്തിയായിരിക്കുന്ന മഹാ
പാപം വന്നു അകപ്പെട്ടുവെല്ലൊ ഇനിയെതു
പ്രകാരത്തിൽ ചെയതാൽ ബ്രഹ്മഹസ്തിയെ
നിക്കാവുയെന്ന ചൊദ്യം ചെയ്താറെ എന്നാൽ
നിനക്ക ബ്രഹ്മഹസ്തിയെ നിക്കെണമെന്നുവരികിൽ

ഓല (മന) 11 | പുറം 1

നിയായിട്ട ഒരു ഭൂമിയുണ്ടാക്കി ആ ഭൂമിയിങ്കൽ ആയിരത്തെട്ട
ശിവപ്രദഷ്ടയും
നൂററെട്ടദുർഗ്ഗപ്രതിഷ്ഠയും എഴുപത്തുരണ്ട ഭദ്രകാളിയെയും
പ്രദഷ്ടിച്ച അങ്ങിനെ ഒരു ഭൂമി പ്രദഷ്ടിച്ചുണ്ടാക്കി ആ
ഭൂമി വെദിയരായിരിക്കുന്ന വെദബ്രാഹ്മണർക്ക
ഭൂമി ദാനം കഴിച്ച വെദ ബ്രാഹ്മണരെക്കൊണ്ട വെദക
ങ്ങളെ ചെയ്യിപ്പിച്ചാൽ നിന്റെ ബ്രഹ്മഹസ്തിയാദി മഹാ

പുറം 2

പാപം തിരുമെന്നു പിതൃക്കളാൽ വിധിച്ചിരിക്കുന്നു എന്നാൽ ഞാ
നെങ്ങിനെ ഭൂമിയെ സൃഷ്ടിക്കെണ്ടുയെന്നു വിചാരിച്ചു ശ്രീ പര
ശുരാമൻ സമുദ്രദെവതയായിരിക്കുന്ന വരുണ
നെ സ്സെവിച്ചു പ്രത്യക്ഷമാക്കി ഇനിക്ക ഒരു ഭൂമി
യുണ്ടാക്കെണം വരുണ അതിനായി നിന്നെ സ്സെവി
ച്ചതു ഞാൻ ഭൂലൊകത്തിൽ പണ്ടു സഗരൻ കുഴിച്ച പാതാ

CC-0. In Public Domain. Digitization by eGangotri

ഓല (മന്ന) 12 | പുറം 1

ളം ഉണ്ടെല്ലോ ആറുയൊജന അവിടെ ഭാഗിരഥൻ ഗംഗയെ
ക്കൊടന്ന സമുദ്രമാക്കിട്ടുണ്ടെല്ലോ അവിടുന്ന ആ സമുദ്രത്തെ
അങ്ങൊട്ട നീക്കിട്ട നമുക്ക അവിടെ ഭൂമിയുണ്ടാക്കെണമെന്നു പ
റഞ്ഞു വരുണനൊട ശ്രീപരശുരാമൻ എന്നപ്പൊൾ
സഗരൻ കുഴിച്ച പാതാളത്തിന്ന സമുദ്രത്തെ നീക്കിക്കൊടു
ത്തു വരുണൻ ഒരു മുറവും കൊടുത്തു ഠരം (ഈ) മൊറം
കൊ........ (ണ്ടെറിഞ്ഞ)
ദിക്ക ഭൂമിയായ്‌വരും പരശുരാമയെന്നു വരം കൊടുത്തു......
(അപ്പൊൾ)

പുറം 2

വരുണൻ കൊടുത്ത മുറമെടുത്തെറിഞ്ഞു പരശുരാമൻ (അപ്പെ)
ാൾ ആ മൊറം നൂറുകാതം വഴിചെന്നു വീണു അപ്പൊൾ അവിെ
ടച്ചെന്നു പുറം കാൽകൊണ്ട ഒന്നു തട്ടി അവിടെന്ന
അറുപതുകാതം വഴിചെന്നു വീണു അവിടെ ൈ
ചന്നപ്പൊഴെക്ക പുററായി മൊറം അങ്ങിനെ നൂററ
റുപതു കാതം പാതാളമാക്കി കുഴിക്കകൊണ്ട മലയാള

ഓല (മന്യ) 13 | പുറം 1

മെന്നുപെര ഭുമിക്ക കന്യാകുമാരിയിങ്കന്ന ഗോകർണ്ണത്തൊളം
നൂറററുപതു കാതമുണ്ട ഭാരതഖണ്ഡം ഭുമിമലെയാളം അങ്ങിനെ
യി
രിക്കുന്ന ഭുമി ഇളകിത്തുടങ്ങി അപ്പൊൾ കനെക
പൊടിയിട്ട ഉറപ്പിച്ചു അത എറിപ്പൊയതു എറാട അങ്ങി
നെ കനെകപ്പൊടിയിട്ട ഉറപ്പിച്ചിട്ടും ഭുമിയിളക്കം മാറിലാ
എന്നപ്പൊൾ അഷ്ടനാഗങ്ങളെക്കൊണ്ട വാറാക്കികെട്ടി ഉറ
പ്പിച്ചു എന്നിട്ടും ഭുമിയിളക്കം മാറിലാ അങ്ങിനെ ആയിരത്തെട്ട പ്ര

CC-0. In Public Domain. Digitization by eGangotri

പുറം 2

ദഷ്ടയുണ്ടാക്കി അതിൽ ശിവനെ പ്രദഷ്ടിച്ചുയെന്നിട്ടും ഭുമിയിളക്കം മ
ാറിലാ അങ്ങിനെ നൂററെട്ട പ്രദഷ്ടയുണ്ടാക്കി അതിൽ ശക്തിയെ പ്ര
ദഷ്ടിച്ചു എന്നിട്ടും ഭുമിയിളക്കം മാറിലാ അങ്ങിനെ നാനൂ
ററ നാല്പെത്തെട്ടനാല്പത്തീരടി ഉണ്ടാക്കി അതിൽ
കിഴക്കും പടിഞ്ഞാറും നിന്ന അഭ്യാസം തുടങ്ങിയപ്പൊൾ
ഭുമിയിളക്കം മാറി ഇനി ഒരു സംവത്സരം കൊണ്ട രണ്ടു കൂറാ
യിപകുത്തു ആറുമാസം വരിഷിക്കെണം എന്ന മലയ

ഓല (മ ഷ്ക്ര) 14 | പുറം 1

ാളത്തിൽ കഴിവുള്ളു എന്ന നിരൂപിച്ച ദെവെന്ദ്രനെ പ്രത്യക്ഷമാക്കി സമു
ദ്ര ദെവയതയായിരിക്കുന്ന വരുണനെയും വരുത്തി നിരൂപിച്ചു മലെയാ
ളമെന്ന ഭുമിയിങ്കൽ മലയാളമെന്ന ഭുമിയിങ്കൽ സംവ
ത്സരത്തിൽ ആറുമാസം വരിഷിക്കണമെന്നു ക
ല്പിച്ച തമ്മിൽ പറഞ്ഞു കൈപിടിച്ച സത്യം ചെയ്ത പിരി
ഞ്ഞതിന്റെ ശെഷം അന്നു തുടങ്ങി മലയാളത്തിൽ ആറുമാസ
ത്തെ വരിഷവും ആറുമാസത്തെ വെനലും ഇനി ഞാനുണ്ടാക്കി

പുറം 2

ട്ടുള്ള ഭുമിയിൽ അന്ന മുതലായിട്ടുള്ള പ
ദാർത്ഥങ്ങളൊക്കെയുമുണ്ടാക്കി
പക്വ ഫലമൂലാദികൾ കായവൃക്ഷങ്ങൾ പുഷ്പങ്ങൾ ഇ
വയെല്ലാററാലും കുടെ ഉണ്ടാക്കി പരദെശത്തു
ചെന്ന അറുപത്തുനാലു ഗ്രാമക്കാരായിക്കണ്ട
രിക്കുന്ന ബ്രാഹ്മണരൊട അപെക്ഷിച്ചപ്പൊൾ ഞ
ങ്ങൾ പൊരുകയില്ല കർമ്മ ഭുമിയായിരിക്കുന്ന മലയാളത്തി

CC-0. In Public Domain. Digitization by eGangotri

ഓല (മ ത്ര്സ) 15 | പുറം 1

ങ്കലെക്കയെന്നു പറഞ്ഞ നെരത്തിങ്കൽ എറിയ ഭാഗിരഥപ്രയതനം
ചെയ്തിട്ടെല്ലൊ ഞാൻ മലയാളമെന്നൊരു ഭുമിയുണ്ടാക്കി എന്നെ
ാട്ട ഭുമി ദാനം വാങ്ങുവാനായിട്ട ബ്രാഹ്മണരയില്ല
യെല്ലൊയെന്നു കല്പിച്ച എത്രെയും പെരുതാ
യിട്ടുള്ള സങ്കടം വന്നു പരശുരാമന അതുകണ്ടനെ
രത്തു അറുപത്തുനാലു ഗ്രാമത്തിൽ തികഞ്ഞിട്ടുള്ള ഗ്രാമം പതി
നെട്ടു ഗ്രാമക്കാര ഞങ്ങൾ കൂടെ പൊരാമെന്നു ക

പുറം 2

ല്പിച്ച പതിനെട്ടു ഗ്രാമക്കാരും കൂടി പൊന്ന മലയാളത്തി
ൽ കുടിരുന്ന അവർക്ക പരദെവതമാരായിരിക്കുന്ന ദക്ഷിണമൂർ
ത്തിയെയും വരാഹമൂർത്തിയെയും ഇങ്ങിനെ രണ്ടു
പരദെവതമാരെയും കൂടിക്കൊടന്ന പ്രദിഷ്ഠി
ച്ചതിന്റെ ശെഷം ബ്രാഹ്മണർക്ക അടുത്തു ചെർന്നിട്ടു
ള്ളവരെയും വെണ്ടത്തക്കജനങ്ങളെയും വരുത്തി ബ്രാഹ്മ

ഓല (മ ഹ) 16 | പുറം 1

ണരെ പരിപാലിച്ച രക്ഷിക്കത്തക്കവെണ്ണം ആക്കിവെച്ച ഇനി ഭുമിദ
ാനം
കഴിക്കെണമെന്നു കല്പിച്ച ബ്രാഹ്മണരെ വരുത്തി പരശുരാമൻ
എന്ന
ാൽ ഞാൻ ഇരിപത്തൊന്നു വട്ടം ക്ഷത്രിയരെ മുടിച്ച ബ്രഹ്മ
ഹസ്തിയുണ്ട ഇനിക്കയെന്ന മാതാപിതാക്കന്മാര പി
തൃക്കളായിവന്ന എന്നൊട പറെക ആയത എന്റെ ബ്ര
ഹ്മഹസ്തി നിക്കെണമെന്നു വരികിൽ ഞാനായിട്ടൊരു ഭുമിയുണ്ട
ാക്കി ആ ഭൂമി ബ്രാഹ്മണരായിരിക്കുന്ന നിങ്ങൾക്കു ദാന ം

CC-0. In Public Domain. Digitization by eGangotri

പുറം 2

ചയ്വാൻ തുടങ്ങുന്നു സത്യത്തെ മറക്കരുത അസത്യത്തിങ്കൽ ഭുമി
ക്കരുത ധർമ്മത്തെ മുടക്കരുത കർമ്മത്തെ പിഴക്കരുത എന്നു കല്പിച്ചു
ആയിരത്തെട്ട ശിവ പ്രദഷ്ഷക്കും നൂററെട്ട ശക്തി പ്രദ
ഷ്ഷക്കു മലെയാളമെന്ന ഭുമിക്കും കൂടി ബ്രഹ്മസ്സമാ
യി വാണിരുന്നു കൊൾക ബ്രാഹ്മണരെ ചെന്നു ക
ല്പിച്ച പുഷ്പം നീരും വീഴ്ത്തിക്കൊടുത്തു പരശുരാമൻ അ ര

ഓല (മ ഗ്ര) 17 | പുറം 1

പ്പാഴെ എററു കുടിച്ചു ഇളയത ഇനി ഞങ്ങൾക്ക സഹിച്ചുകൂടെ
ത കണ്ട ഒരു സങ്കടമുണ്ടായിയെന്നു വരികിൽ ത്രിശ്ശുര വടക്കും നാ
ഥന്റെ ക്ഷെത്രത്തിങ്കൽ പതിനെട്ടഗ്രാമക്കാരും കൂ
ടിതികഞ്ഞയെത്തി പാർക്കവെണ്ടു എന്നാൽ ഞ
ാനവിടെ വന്ന നിങ്ങടെ സങ്കടങ്ങളൊക്കെയും തീർത്തുത
രുന്നതുണ്ട എന്ന തമ്മിൽ കൈപിടിച്ച സത്യം ചെയ്തമങ്ങരുളിശ്രീ

പുറം 2

പരശുരാമൻ അങ്ങിനെയിരിക്കുന്ന മലയാളത്തിൽ പെണ്ണും
പിള്ളയും പശുവും ബ്രാഹ്മണരെയും രക്ഷിപ്പാൻ തക്കവണ്ണം
ഠരംഴപെരുമാള (ഈഴപെരുമാള) വന്ന രാജ്യം വാണു പെണ്ണും
പിള്ളയും പശുവും ബ്രാഹ്മണരെയും രക്ഷിച്ച
എറിയ വർഷം കഴിഞ്ഞ കാലത്തു അവിടെ ത്രെതാ
യുഗം കഴിഞ്ഞ ദ്വപരയുഗം പിറന്നഅങ്ങിനെ
ഇരിക്കും കാലത്ത ചോഴപ്പെരുമാളവന്നു അന്നു ഠരം (ഈ)

CC-0. In Public Domain. Digitization by eGangotri

ഓല (മ പ്ര) 18 | പുറം 1

ഴപ്പെരുമാള പൊയി അങ്ങിനെ ചൊഴപ്പെരുമാള രാജ്യം
വാണ എറിയ വരിഷം കഴിഞ്ഞ അങ്ങിനെയിരിക്കും കാലത്തു പ
ാിപ്പെരുമാളവന്നു അന്നു ചൊഴപ്പെരുമാള ൌ
പായി അങ്ങിനെ പാണ്ടിപ്പെരുമാള രാജ്യം വാ
ണ പെണ്ണും പിള്ളയും പശുവും ബ്രാഹ്മണരെയും രക്ഷി
ച്ച എറിയ വരിഷം കഴിഞ്ഞ കാലത്ത ചെരമാം പെരുമാളു
വന്നു അന്നു പാണ്ടിപ്പെരുമാളപൊയി അങ്ങിനെ ചെര

പുറം 2

മാം പെരുമാളരാജ്യം വാണു പെണ്ണും പിള്ളയും പശുവും ബ്രാ
ഹ്മണരെയും രക്ഷിച്ചിരിക്കും കാലത്ത തൃശ്ശൂര വടക്കുംനാഥ ൌ
ന്റ പുത്രനായിട്ട ശങ്കരാചാര്യരയെന്നൊരു
ബ്രാഹ്മണനുണ്ടായി അങ്ങിനെ ആ ബ്രാഹ്മ
ണന്നെ അറുപത്തുനാലുകുലവിദ്യയും ഗ്രഹിച്ച സ
ർവ്വജ്ഞ പീഠമെറി അങ്ങിനെ ശങ്കരാചാര്യര ബ്രഹ്മത്തിങ്കന്ന
കല്പിച്ചിരിക്കുന്നത എഴുപത്തുരണ്ടു കുലവംശത്തിനും അ

ഓല (മ ദ്രെ) 19 | പുറം 1

റുപത്തുനാലു അനാചാരം അന്നു തുടങ്ങിയത തിണ്ടിക്കുളിച്ചും
തൊ
ട്ടുകുളിയും അതിരും വരമ്പും കിണറും കുളവും പന്തിയും
പന്തലും അ
ടക്കവുമാചാരവും നീതിയും നിലയും അടുക്കളശുദ്ധവും
ജാതിഭെദവും യതാക്രമങ്ങൾ വെച്ചിരിക്കുന്നു ശങ്ക
രാചാര്യര അങ്ങിനെ ശങ്കരാചാര്യര വെച്ചിരിക്കുന്ന അ
നാചാരത്തിന്ന നീകത്തുക്കം വരുത്താതെ രക്ഷിച്ചു നിർത്തി രാ
ജ്യം വാണചെരമാം കല്പകത്തിങ്കന്നു അങ്ങിനെ കഴിഞ്ഞു ൌ

CC-0. In Public Domain. Digitization by eGangotri

പുറം 2

പാരുന്നനാളിൽ ഒരു ദിവസം ചെരമാം പെരുമാളുടെ ഒലീ
യില അലക്കി നിൽക്കുന്നു വെളുത്തെടത്തു ചീരാമൻ അപ്പൊ
ൾ തിരുമഞ്ചക്കുളത്തിലിരിക്കും ആശാരി ചങ്കര െ
ന്റ മകൾ ചീരായിയെന്ന ആശാരിച്ചിപ്പെണ്ണതി
ണ്ടാർന്നിരുന്ന കുളിച്ചു പൊരുന്നപ്പൊൾ വെളുത്തെ
ടത്തെ ചീരായൻ കല്ലുമലർത്തിയിട്ട അലക്കുക ആകുന്നത
യെന്നപ്പൊൾ പറഞ്ഞു ആശാരിച്ചിപ്പെണ്ണ ഹെ കന്മളെ നി

ഓല (ഥ) 20 | പുറം 1

ങ്ങള അങ്ങിനെയല്ല അലക്കെണ്ടുന്നത അക്കല്ലിന്റെ ഒരു തല
പൊന്തിച്ച അവിടെ ഒര അണക്കല്ലു വെച്ച അലക്കുന്ന വസ്ത്രം
രണ്ടു
തലയും പിടിച്ച നടുക്കൊണ്ട എററി അലക്കുക െ
വണ്ടുന്നു എന്നാൽ വഴിപൊലെ വെളുക്കും എ
ന്നു ചൊല്ലിക്കൊടുത്തവള ആശാരിച്ചി എന്നപ്പൊൾ അ
തു കെട്ടു വെളുത്തെടത്തു ചീരാമൻ അലക്കുകല്ലിന്റെ ഒരു
തലപൊന്തിച്ച അതിന്റെ താഴെ ഒര അണക്കല്ലു വെച്ച അല

പുറം 2

ക്കുന്ന വസത്രം രണ്ടു തലയും പിടിച്ച നടുക്കൊണ്ട എററി
അലക്കി
യപ്പൊൾ ഒരു നാളും അപ്രകാരം വെളുത്തിട്ടില്ല അതുപൊലെ
വെളുത്തു അന്നു ഒലിയില അങ്ങിനെ വിരിച്ചൊണക്കി
മടക്കിയെടുത്ത ചെരമാം പെരുമാളുടെ തിരു
മുമ്പിൽ ക്കൊണ്ടു ചെന്ന കാഴ്ച വെച്ചു വെളു
ത്തെടത്തു ചീരാമൻ ഒലിയിലയെടുത്തു നൂർത്തി നൊക്കിയ
പ്പൊൾ അരുളിച്ചെയ്തു ചെരമാം പെരുമാള ഇത്രനാളും

CC-0. In Public Domain. Digitization by eGangotri

ഓല (ഥ ന) 21 | പുറം 1

നിയല്ലയൊ അലക്കിയാരം ഇന്നുനിയല്ലെ അലക്കിയത ഇന്ന എ
ങ്ങിനെയായി ഇത്ര വെളുത്തത തമ്പുരാനെ തിരുമനസ്സുണ്ടായി
രിക്കെണം ഇന്നടിയത്തിന്ന ഒരു പെണ്ണും പിള്ള തിരിച്ചു
തന്നത അതുകൊണ്ട അടിയത്തിന്ന ആപ്പെണ്ണും
പിള്ളയെ പിടിച്ചുതരുവാൻ തിരുമനസ്സുണ്ട
ായിരിക്കെണ്ടാ എന്ന തൊയുതുണർത്തിച്ചു വെളുത്തെടൻ ചീരാ
മൻ എന്നപ്പൊൾ അരുളിചെയ്തു ചെരമാം പെരുമാ

പുറം 2

ള വല്ല കുലത്തിലുള്ള പെണ്ണും പിള്ളയെങ്കിലും നിയ്യ അവ
ളെ പിടിച്ചുകൊണ്ടുപൊയിക്കൊൾകെവെണ്ടു അതുകൊണ്ട നി
നക്ക ഒരു കുലപ്പിഴ അപരാധം വരികയില്ലയെ
ന്നരുളിച്ചെയ്തു ചെരമാൻ പെരുമാള അങ്ങി
നെ വെളുത്തെടൻ ചീരാമൻ ആശാരിപുരക്കൽ
ചെന്ന പതിപാർത്തിരുന്നു അങ്ങിനെ പുലർച്ച സമയത്ത അടി
ച്ചുതളിപ്പാൻ വാതിൽ തുറന്ന മുററത്തിറങ്ങി ആശാരിച്ചി

ഓല (ഥ ന്ന) 22 | പുറം 1

അപ്പൊൾ ഓടിയെത്തിപ്പിച്ചുകൊണ്ടുപൊയി അവന്റെ അക
ത്തിട്ടടച്ചു വെളുത്തെടൻ ചീരാമൻ എന്നപ്പൊൾ
തിരുമഞ്ചക്കളത്തിലിരിക്കും ആശാരിച്ചങ്കരൻ സംഭ്രമത്തൊടെ
വെഗത്തിൽ ചെന്നു
ചെരമാം പെരുമാളെ കെൾപ്പിച്ചു തമ്പുരാനെ തി
രുമനസ്സുണ്ടായിരിക്കെണം അടിയത്തിന്റെ അടിക്കിടാ
വിനെ പിടിച്ചുകൊണ്ടുപൊയി വെളുത്തെടത്തെ കന്മള അടിയത്തി
ന അവരൊട അതിന്റെ ഉത്തരത്തെക്കഴിച്ച പെണ്ണും പിള്ളയെ ൦

CC-0. In Public Domain. Digitization by eGangotri

പുറം 2

ക്കാണ്ടു പൊരെണം അതല്ലായ്കിൽ അടിയത്തിന കുലപ്പിഴയുണ്ട
അതിനതിരുമനസ്സുണ്ടായിട്ട ഇവിടുന്ന കുറഞ്ഞൊര ആളുമായു
ധവും അയക്കയും വെണം നിങ്ങൾക്ക രണ്ടു കൂട്ടക്കാ
ർക്കും വെണ്ടിയിട്ട നൊം ഇവിടുന്ന ഒര ആളെയും
കല്പിക്കയുമില്ല രണ്ടു പുറത്തെക്കും വെ ഉണ്ടയും മരു
ന്നും ആയുധവും പടച്ചിലവും തരാം ചാക്കും മുറിയും യെടുത്ത
രക്ഷിക്കാം എത്രനാളയെങ്കിലും നിങ്ങൾ തമ്മിൽ

ഓല 23 | പുറം 1

പടവെട്ടുകെവെണ്ടുയെന്നരുളിച്ചെയ്തു ചെരമാം പെരുമാള അ
ങ്ങിനെ അവിടുത്തെ കല്പനയും വാങ്ങി ഇങ്ങുവന്ന ശെ
ഷമുള്ളവ
രുമായി നിരൂപിച്ച ആശാരിമുശാലിതട്ടാൻ കരു
മാൻ കൊല്ലക്കുറുപ്പ ഇങ്ങിനെയുള്ളവരുമൊരു
മിച്ചുകൂടി പുരാമണ്ണാൻ മണ്ണുവൻ വെമ്പാണവെ
ങ്കുറവൻ വെന്തച്ചൻ വെലൻ വെടുവൻ പരിചപ്പെരികൊല്ല
ൻ കണിയാരപ്പണിക്കര വെള്ളാട്ടൻ വെളുത്തെടൻ പൂഴി

പുറം 2

പുള്ളുവൻ ഇങ്ങിനെ പതിനാലു വർണ്ണക്കാരുമൊരുമിച്ചുനിന്നു
ഇങ്ങിനെ രണ്ടു പുറത്തും പകുത്തു നിന്ന യുദ്ധം തുടങ്ങി
അങ്ങിനെ
പന്തീരാണ്ടുക്കാലം പടവെട്ടി എന്നപ്പൊൾ
പടയിൽ തൊററു കണ്ണാളര പതിന്നാലുവർണ്ണ
ത്തിലുള്ള വെളുത്തെടത്തെ നായര നമ്മുടെ പെ
ണ്ണും പിള്ളയെ പിടിച്ചടക്കി പതിന്നാലുവർണ്ണക്കാരുമായി
പടവെട്ടിയിട്ട നൊം പടയിൽ തൊററു ഇനി നൊം ഇ

CC-0. In Public Domain. Digitization by eGangotri

ഓല (ഥ ഷ്ക്ര) 24 | പുറം 1

വിടുന്ന നാടുവിട്ടു പുറപ്പെട്ടുപൊകെയാവു എന്ന എല്ലാവരും കൂ
ടി നിരൂപിച്ചു രണ്ടായിരത്ത എഴുന്നൂററനാല്പത്തുനാലു കുടി
ക്കാരകണ്ണാളരും കൂടി ഒരുമിച്ച പെണ്ണും പിള്ള
യുമായ പായ്ക്കെട്ടുകെട്ടി ചെരമാന്നാടുകടന്നു ഇ
ഴവത്തുനാട്ടിൽച്ചെന്ന ഠരംഴവരാജാവിനെക്കണ്ട ഉണ്ടായ
വർത്തമാനങ്ങളൊക്കെയും ഠരംഴരാജാവിനൊട അറിയിച്ച

പുറം 2

ഠരംഴത്തുനാട്ടിൽ പാർക്കയും ചെയ്തു കണ്ണാളര അങ്ങിനെ ഇ
രിക്കുന്ന നാളിൽ പതിനഞ്ച ദിവസം കൂടുമ്പൊൾ അങ്കം ചാ
ർത്തെണം ചെരമാം പെരുമാൾക്ക അതിന വി
ളക്കത്തലയൊനെ ആളയച്ചപ്പൊൾ അ
വൻ കത്തിയും കല്ലും കുഴിച്ചിട്ടുകളഞ്ഞു അവ
നാരു കട്ടയിരുമ്പുമെടുത്ത തലയിലെററിക്കൊണ്ടുെ

ഓല (ഥ ത്രസ) 25 | പുറം 1

ചന്ന ചേരമാം പെരുമാളുടെ തിരുമുമ്പിൽക്കാഴ്ച്ചവെച്ചു
തമ്പുരാനെ തിരുമനസ്സുണ്ടായിരിക്കെണം അടിയത്തിന്റെ
പണിയായുധങ്ങൾ കരുമാന്റെ ആലയിൽ നന്ന
ാക്കുവാൻ കൊണ്ടുചെന്ന കൊടുത്തിരിക്കുന്നു അ
വൻ പൊകുമ്പൊൾ അടിയത്തിന്റെ പണിയായുധങ്ങൾ
കൂടെക്കൊണ്ടുപൊയിക്കളഞ്ഞു അവൻ ഒരു കട്ട ഇരിമ്പു തെ

പുറം 2

ന്ന തന്നിട്ടുള്ളു പണിയായുധങ്ങൾ വെണമെന്നുവരികിൽ ഠരം
ഴത്തു നാട്ടെക്ക വരികെവെണ്ടു അതല്ലാഞ്ഞാൽ ഞങ്ങളിവി
ടെ വരുന്ന നാളിൽ തന്നെക്കുന്നതുണ്ട എന്നു തെ
ാഴുതുണർത്തിച്ചു വിളക്കത്തലയൊൻ അങ്ങിനെ
അങ്കം ചാർത്തുവാൻ ആയുധമില്ലാഞ്ഞു കെശരെ
ാമങ്ങൾ വളർന്നുവളർന്നുയിരൂപി വെഷമായി ചെരമാം പെ

CC-0. In Public Domain. Digitization by eGangotri

ഓല (ഥ ഹ) 26 | പുറം 1

രുമാൾക്ക ആശാരികരുമനില്ലാഞ്ഞാൽ എരുമുരുമ്പും മുട്ടിത
ട്ടാനിലാഞ്ഞാൽ കെട്ടുതാലി വെപ്പാനും പൊഴുതുമൊതിരം
തീർപ്പാനും മുട്ടായി അങ്ങിനെ ചെരമാന്നാട്ടിലുള്ള
എരുമിരുമ്പും മുട്ടിയ നെരത്ത ഇനി കണ്ണാളരെ
വരുത്തുകയാവു എന്നു നിരൂപിച്ചു തീണ്ടമണ്ണാനെ
യും പാണനെയും കൂടിവരുത്തി അരുളിചെയ്തു നിങ്ങളി
രിവരുംകൂടി ഠരംഴത്തുനാട്ടിൽ ചെന്ന കണ്ണാളരെ കൂട്ടിെ

പുറം 2

ക്കാണ്ടു വരിക എന്നു കല്പിച്ചു ഇവർക്ക വഴിച്ചെലവിനും കൊ
ടുത്തയച്ച അവരയിരുവരും കൂടി കണ്ണാളരെത്തിരഞ്ഞു പെ
ായി അങ്ങിനെ ഓരൊരൊരൊദെശത്തുചെന്ന
ൽ കുടികണ്ടവിടെ നടന്നും പടികണ്ടവിെ
